032:7I40:1
F8.4

032:7I40:1 F8.4

PUNAM NAMBUDRI.

Ramayanam bhasha champu prabandam. Pt.4. Ravanodhbavam

55371

MUL

055371

DOCTRINA-VIM-PROMOVET INSITAM

**Madras University Library.**

**Date Label.**

Ac. No. 55371    Cl. No. 032:7I40:1
F8.4

This book should be returned on or before the date last marked below.

- 2 MAR 1941

25 MAY 1941

31 MAR 1951

Malayala basha Parishkarana Committee, Public Cathn
Sri Rama Varma Granthavali 5

ശ്രീരാമവൎമ്മ ഗ്രന്ഥാവലി

രാമായണം.

# ഭാഷാചമ്പുപ്രബന്ധം

Ravanodbhavam

## രാവണോദ്ഭവം

Parameswara menon (K). E

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

കോപ്പി ൫൦൦.

മംഗളോദയം (പവർ) പ്രസ്സിൽ അച്ചടിച്ചതു്.

൧൧൦൯

പകൎപ്പവകാശം കമ്മിററിക്കു മാത്രം.

വില അണ ൨

55371
032:7I40:1
F8·4

UNIVERSITY LIBRARY
31 JAN 1930

# പ്രസ്താവന

സംസ്കൃതസാഹിത്യപ്രസ്ഥാനങ്ങളിൽ പലതിനേയും ഭാഷാസാഹിത്യകാരന്മാർ ഉത്തരോത്തരം അനുകരിക്കാറുണ്ടായിരുന്നു. ചമ്പൂപ്രസ്ഥാനം അവയിൽ പ്രധാനമായിട്ടുള്ള ഒന്നാണ്. അതിൻെറ അവതാരകൻ 'പുനം' നമ്പൂരിയാണെന്നാകുന്നു പല ഭാഷാപണ്ഡിതന്മാരുടേയും അഭിപ്രായം.

"മദനസമരസമ്മർദ്ദാന്തരോൽഭ്രാന്തകാന്താ-
മണിതമധുരമാധുര്യൈകവംശപ്രസൂതൈഃ.
മതുമതമണമോലും പദ്യഗദ്യൈരനേകൈ-
ർമ്മദയതി 'പുന'മിന്നും ഭൂരി ഭൂചക്രവാളം.
മധുമൊഴി! 'പുന'മെന്നാ നൽക്കവീന്ദ്രേണ സാര-
സ്വതപരിമളമോലും പദ്യഭേദൈരനേകൈഃ.
പകലിരവു വളൎത്തി സ്തൂയമാനാപദാനാ
മധുരകവിഭിരന്യൈരന്വിതാ രാഘവാദ്യൈഃ."

എന്നു 'ചന്ദ്രോത്സവം' എന്ന മണിപ്രവാളകാവ്യത്തിൽ കാണുന്ന പദ്യങ്ങളിൽനിന്നുള്ള അനുമാനമാണ് ഈ അഭിപ്രായത്തിൻെറ അടിസ്ഥാനം. 'പുനംനമ്പൂരി കോഴിക്കോട്ടു സാമൂതിരിമഹാരാജാവിൻെറ സദസ്യരിൽ ഒരാളായിരുന്നു എന്നാണ് ഐതിഹ്യം. ഒരിക്കൽ ആ മഹാരാജാവിൻെറ സദസ്സിൽവച്ച്,

"ഭാഷാകവിനിവഹോऽയം
ദോഷാകരവദ്വിഭാതി ഭുവനതലേ.
പ്രായേണ വൃത്തഹീനഃ
സൂര്യാലോകേ നിരസ്തഗോപ്രസരഃ."

എന്നു ഉദ്ധതനായ ഉദ്ദണ്ഡശാസ്ത്രികൾ ഭാഷാകവികളെ ആക്ഷേപിച്ചുകൊണ്ടിരിക്കുമ്പോൾ പുനം അവിടെ ചെല്ലുകയും,

"താരിത്തന്വീകടാക്ഷാഞ്ചലമധുപകുലാ-
രാമ! രാമാജനാനാം
നിരിത്താർബാണ! വൈരാകരനികരതമോ
മണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊടുകുറി കളയാ-
യ്കെന്നുമേഷാ കുളിക്കും
നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ
ഹന്ത കല്പാന്തതോയേ."

എന്നു രാജപ്രശംസയായി ഒരു പദ്യം ഉണ്ടാക്കിച്ചൊല്ലുകയും ചെയ്തു. അപ്പോൾ ഉദ്ദണ്ഡൻ 'അന്തഹന്തയ്ക്കിന്തപ്പട്ട്' എന്നു പറഞ്ഞു താൻ ഉത്തരീയമായി ധരിച്ചിരുന്ന ഒരു പട്ട് അദ്ദേഹത്തിനു സമ്മാനം കൊടുത്തിട്ട്,

"അധികേരളമഗ്ര്യശിരഃ കവയഃ
കവയന്തു വയന്തു ന താൻ വിനുമഃ.
പുളകോദ്ഗമകാരിവചഃ പ്രസരം
പുനമേവ പുനഃ പുനരാസ്തുമഹേ."

എന്നൊരു പ്രശംസാപത്രവും കൊടുത്തു എന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇത്ര പ്രസിദ്ധനായ പുനം നമ്പൂതിരിയു

ടെ കൃതിയായിട്ടു യാതൊരു ഗ്രന്ഥവും ഇതുവരെ കണ്ടിട്ടില്ല. 'കൃഷ്ണഗാഥ' പുനത്തിൻെറ കൃതിയാണെന്നു ചിലർ പറയാറുണ്ടായിരുന്നുവെങ്കിലും 'ആജ്ഞയാ കോലഭൂപസ്യ' എന്നാദിയായ അതിലെ ശ്ലോകംകൊണ്ടുതന്നെ അതു 'കോലത്തിരി' രാജാവിൻെറ ആശ്രിതനായ ഒരാളുണ്ടാക്കിയതാണെന്നു സ്പഷ്ടമാകുന്നു. പുനം സാമൂതിരിയെ വിട്ടു കോലത്തിരിയെ ആശ്രയിച്ചുവെന്നു വിശ്വസിപ്പാൻ യാതൊരു കാരണവും കേട്ടിട്ടുമില്ല. അതുമാത്രമല്ല, പുനത്തിൻേറതാണെന്നു സർവ്വസമ്മതമായിട്ടുള്ള മേൽക്കാണിച്ച 'താരിത്തനവീ' എന്നിത്യാദി പദ്യങ്ങളിലേയും, കൃഷ്ണഗാഥയിലേയും രചനാരീതിക്കും വളരെ വ്യത്യാസം കാണുന്നു. ഇതിനുംപുറമേ ഗാഥസ്സു നമ്പൂരിമാരുടെ എടയിൽ, 'ചെറുശ്ശേരിപ്പാട്ട്' എന്നും, 'ചെറുശ്ശേരി' എന്നും അന്നും ഇന്നും നടപ്പുള്ള പേരുകൊണ്ടും അതു 'ചെറുശ്ശേരി' എന്ന് ഇല്ലപ്പേരുള്ള വേറെ ഒരു നമ്പൂരിയുടെ കൃതിയാണെന്നു വിചാരിപ്പാനാണ് അധികം ന്യായം കാണുന്നത്.

അതുകൊണ്ട്, അനേകം ഗദ്യപദ്യപ്രബന്ധങ്ങൾ പുനത്തിൻെറ കൃതികളായിട്ടുണ്ടെന്നു ചന്ദ്രോത്സവകാരൻ പറയുന്നതു ഭാഷാചമ്പുക്കളെ ലക്ഷീകരിച്ചാണെന്ന് ഒരു പക്ഷക്കാർ സിദ്ധാന്തിക്കുന്നു. എന്നാൽ സാമൂതിരിരാജസദസ്യരായിരുന്ന പതിനെട്ടരക്കവികളിൽ അരക്കവിയാണു 'പുനം' എന്നും, മററു പതിനെട്ടു പേരും പുനത്തെക്കാൾ യോഗ്യരായ മുഴക്കവികളായിരുന്നു എ

നും ഉള്ള ഐതിഹ്യത്തെ വിശ്വസിക്കുന്നതാണെങ്കിൽ അവരിൽ ചേന്നാസ്സനമ്പൂരിപ്പാട്ട മുതലായ ചിലരുടെ ചില സംസ്കൃതഗ്രന്ഥങ്ങൾ മാത്രം പുറത്തു കാണുന്നതി നും മററുള്ളവരുടെ കൃതികളായിട്ടു യാതൊരു ഗ്രന്ഥങ്ങളും കാണാതിരിക്കുന്നതിനും സംഗതിയെന്തു്? അരക്കവിയായ പുനത്തിൻെറ കൃതികളായി രാമായണം ഭാരതം മുതലായ ഭാഷാചമ്പുക്കൾ ഇത്ര വളരെയുള്ള സ്ഥിതിക്കു മററുള്ള മുഴക്കവികളുടെ കൃതികൾ ഇതിലും അധികം കാണേണ്ടതല്ലേ? എന്നൊരാക്ഷേപമുണ്ട്; അതിനുള്ള സമാധാനം ഇങ്ങനെയാണ്:—കവിശബ്ദം പണ്ഡിതപര്യായമാണല്ലോ. അതുകൊണ്ടു മററുള്ളവരൊക്കെ കാവ്യകാരന്മാരായിരുന്നുവെന്നു വിചാരിക്കേണ്ടതില്ല. അഥവാ അവരിൽ വല്ലവരും കാവ്യനിർമ്മാണം ചെയ്തിരുന്നുവെങ്കിൽത്തന്നെ അതൊക്കെ സംസ്കൃതകാവ്യങ്ങളായിരിക്കും. വ്യാകരണം, മീമാംസാ, ജ്യോതിഷം മുതലായ ശാസ്ത്രഗ്രന്ഥങ്ങളിൽ പലതും അവരിൽ പലരും എഴുതീട്ടുണ്ടായിരിക്കണം. 'ലീലാതിലകം' മുതലായവ അതിൽ ചില പണ്ഡിതന്മാരുടെ കൃതികളാണ് എന്നുകൂടി ചിലർ പറയാറുണ്ട്; അക്കാലത്തു കേവലഭാഷാകവികളെ സംസ്കൃതപണ്ഡിതന്മാർ കവികളുടെ കൂട്ടത്തിൽ അത്ര വകവയ്ക്കാറില്ലെന്ന് ഉദ്ദണ്ഡപണ്ഡിതൻെറ പരിഹാസം തന്നെ തെളിയിക്കുന്നുണ്ടല്ലോ. അദ്ദേഹം പാരദേശികനായിരുന്നതുകൊണ്ടു മാത്രം അങ്ങനെ പറഞ്ഞതല്ല; അന്നത്തെ മലയാളബ്രാഹ്മണപണ്ഡിതന്മാരുടേയും നില അതുതന്നെ ആയിരുന്നു. അതുകൊണ്ടുതന്നെ ആയിരിക്ക

ണം, കേവലഭാഷാകവിയായ പുനത്തെ 'അരക്കവി'യെന്നു മററുള്ളവർ കല്പിച്ചിരുന്നതു്.

പുനത്തിൻെറ ഭാഷാചമ്പുക്കളിൽ ഏതാണ്ടു പകുതിവീതം ഗദ്യപദ്യങ്ങൾ സംസ്കൃതമയമാണല്ലോ. ആ പദ്യങ്ങളിൽ, സന്ദർഭത്തിനു തക്കവണ്ണം പൂർവ്വകവികളുടെ കൃതികളിൽനിന്നു് എടുത്തു ചേർത്തിട്ടുള്ള ഭാഗങ്ങൾ വളരെയുണ്ടു്. അനൎഘരാഘവം, വിക്രമോർവ്വശീയം, ആശ്ചര്യ്യചൂഡാമണി മുതലായ നാടകങ്ങളിൽനിന്നും, ഭോജചമ്പു, കൃഷ്ണവിലാസം, മാഘം മുതലായ കാവ്യങ്ങളിൽനിന്നും അനേകം ശ്ലോകങ്ങൾ അതേപ്രകാരത്തിൽത്തന്നെയും, അല്പാല്പം ഭേദഗതി വരുത്തിയും ഇവയിൽ ചേർത്തുകാണുന്നു. ഇതു കവി തൻെറ അശക്തികൊണ്ടു ചെയ്തതോ മററുള്ളവർ അറിയുകയില്ലെന്നു വിചാരിച്ചു ചില കുകവികൾ അന്യന്മാരുടെ 'സർവ്വനിബന്ധനഹരണം' ചെയ്യാറുള്ള രീതിയെ അനുസരിച്ചു ചെയ്തതോ ആയിരിക്കയില്ല. കാളിദാസാദി മഹാകവികൾപോലും സ്വകൃതങ്ങളായ രഘുവംശകുമാരസംഭവാദി കാവ്യങ്ങളിൽ സന്ദർഭവശാൽ പല പദ്യങ്ങളും പരസ്പരം വിനിമയം ചെയ്തിട്ടുള്ളതുകൂടാതെ, പല പുരാണശ്ലോകങ്ങളേയും ഈഷൽഭേദം ചെയ്തു് എടുത്തിട്ടുള്ളതായും കാണ്മാനുണ്ടല്ലോ. വിശേഷിച്ചു, സരസനായ പ്രസ്തുതകവി ഭാഷായോഷയ്ക്കു് ഒരു അപൂർവ്വമായ ആഭരണത്തിൻെറ ഭാഷ മനസ്സുകൊണ്ടു കണ്ടുപിടിച്ചു് അതു തയാറാക്കുവാൻ യത്നംചെയ്തുകൊണ്ടിരുന്നപ്പോൾ പണ്ടത്തെ വല്ല പണ്ടങ്ങളിലും ഉപയോഗിച്ചിരുന്ന മണികളേയും കാഞ്ചനങ്ങളേയും അതേവിധ

ത്തിൽത്തന്നെയോ ചേർച്ചയ്ക്കുവേണ്ടി അല്പാല്പം ഭേദഗതിയോടുകൂടിയോ ഭാഷ മാററിയോ ഉപയോഗിച്ചതുകൊണ്ടു തൻെറ വേലയ്ക്കും സമയത്തിന്നും അല്പം ലാഭം കിട്ടിയെന്നല്ലാതെ ശില്പസാമൎത്ഥ്യത്തിന്നു യാതൊരു കുറവും ആക്കം പറവാനിടവരുത്തിട്ടില്ല. എങ്കിലും "ഞാനായിരുന്നെങ്കിൽ ഉറക്കവും കൂടി കഴിക്കുമായിരുന്നു" എന്നു പണ്ടൊരു കവി പറഞ്ഞപോലെ തങ്ങളായിരുന്നുവെങ്കിൽ കട്ടും പരസ്പം കൂടാതെ സ്വാൎജ്ജിതംകൊണ്ടുതന്നെ ഈ പണ്ടം പണികഴിക്കുമായിരുന്നു എന്ന് അഭിമാനിച്ചിരുന്ന അന്നത്തെ അന്യകവികൾ, ഇതുകൊണ്ടും പുനത്തിന് 'അരക്കവി' എന്ന പേരിന്നു മാത്രമേ അവകാശമുള്ളുവെന്നു നിശ്ചയിച്ചിരിക്കാം.

ക്ഷേത്രങ്ങളിൽ ഉത്സവം, തേവർസേവ മുതലായ വിശേഷങ്ങളുള്ളപ്പോൾ അവിടെ കൂടുന്ന സുകുമാരകലാകോവിദന്മാരും സാഹിത്യകൌതുകികളുമായ ബ്രാഹ്മണാദിസഹൃദയന്മാൎക്കു നിൎദ്ദോഷവിനോദമായ ഭഗവൽകഥാകാലക്ഷേപത്തിന്നുവേണ്ടി ചാക്യാന്മാർ കൂത്തും പ്രബന്ധവും മററുചിലർ പാഠകവും പറയുന്ന പതിവ് ഇന്നും മലയാളത്തിൽ നടപ്പുള്ളതാണല്ലോ. പണ്ടത്തെക്കാലത്ത് ആത്തൊഴിൽക്കാർതന്നെ ആ ആവശ്യത്തിലേയ്ക്കു യോഗ്യങ്ങളായ ഗദ്യപദ്യങ്ങളെ സംസ്കൃതത്തിലുള്ള ഓരോ പൂൎവ്വപ്രബന്ധങ്ങളിൽനിന്നു സമുച്ചയിച്ച് എഴുതി സൂക്ഷിച്ചു ഭാഷയിൽ ഫലിതമയമായ രീതിയിൽ അവയുടെ അൎത്ഥവിവരണം ചെയ്യേണ്ട പ്രകാരങ്ങളും അഭ്യസിച്ചു

നൈപുണ്യം സമ്പാദിക്കുക പതിവായിരുന്നു. അക്കാലത്തു് അത്തൊഴിലിൽ പ്രത്യേകം വാസനയും വൈദഗ്ദ്ധ്യവുമുള്ള യോഗ്യന്മാർ അപ്പപ്പോൾ പുതിയ പുതിയ ഫലിതക്കൈകൾ കണ്ടുപിടിച്ചു പ്രയോഗിച്ചു രംഗവാസികളെ സന്തോഷവിസ്മയതരംഗിതചിത്തവൃത്തികളാക്കിത്തീക്കാറുണ്ടു്. പ്രാചീനമായ ഈ ഊടുവഴിയെ അനുസരിച്ചും അനുകരിച്ചും പരിഷ്കരിച്ചും സമീകരിച്ചും പോരാത്തതിനെ പുതുവലായി ചേൎത്തും വിശാലഹൃദയനും മനോധൎമ്മജ്ഞനുമായ പുനം നമ്പൂരി ഭാഷയിൽ നല്ലൊരു പ്രബന്ധപന്ഥാവിനെ സഹൃദയസഞ്ചാരയോഗ്യമാക്കിത്തീൎത്തു. 'അഭ്രങ്കഷമഹാസാലതാലതുല്യോന്നരശ്മി'കളായും, 'മാധവീശ്ലിഷ്ടദ്രാക്ഷാസ്തബകശാലി'കളായും ഉള്ള നടക്കാവുകളെക്കൊണ്ടു സുഗമമായ ഈ നവീനപന്ഥാവിൽക്കൂടിസ്സഞ്ചരിച്ചു സുഖം അനുഭവിച്ചപ്പോൾ പിന്നെപ്പലരും ആ പാതയെത്തന്നെ നീട്ടുകയും, അതേ തോതിൽ പല കൈവഴികളുണ്ടാക്കുകയും ചെയ്തുതുടങ്ങി. ഇങ്ങനെ കുറെക്കാലം കഴിഞ്ഞപ്പൊഴെയ്ക്കു നമ്മുടെ ഭാഷാസാഹിത്യസാമ്രാജ്യവാസികൾക്കു പുരാണകഥാനഗരികളെല്ലാം ഈ പുതിയ പന്ഥാവിൽക്കൂടി സുഖപ്രാപ്യമായിത്തീൎന്നു.

ഈ നവീനപന്ഥാവിനെ അഭിമുഖീകരിച്ചു പണിചെയ്യപ്പെട്ടിട്ടുള്ള പുരാണകഥാസൌധങ്ങളിൽ പലതിലും പ്രഥമസ്ഥപതിയുടെ മനോധൎമ്മവും ശില്പചാതുൎയ്യവും വേറെ കാണാം. വേറെ ചിലതിൽ തൽക്കൎത്താക്ക

ളുടെ അരസികതയും വാസനാശൂന്യതയും നിമിത്തം പല പണിക്കുറവുകളും കൈക്കുററങ്ങളും വന്നിട്ടുള്ളതും കാവ്യശില്പജ്ഞന്മാരുടെ നോട്ടത്തിൽ സുവ്യക്തമായിരിക്കുന്നതാണു്. എന്നാൽ നമ്മുടെ മൂത്താശാരിയുടെ ശിഷ്യപ്രശിഷ്യന്മാരിൽ മഴമംഗലം മഹാകേമൻതന്നെയാണു്. അദ്ദേഹത്തിൻെറ പ്രബന്ധസൌധങ്ങളുടെ പാദുകം മുതൽ താഴികക്കുടം വരെയുള്ള അവയവങ്ങളുടെ ക്ലുപ്തിയും, അവയിൽ ഉപയോഗിച്ചിരിക്കുന്ന ഉരുപ്പടികളുടെ ഗുണവും, അവയുടെ ചേൎപ്പും, മിനുക്കും, കൊത്തുവേല ചായംതേപ്പു, കണ്ണാടിക്കൂട്ടു മുതലായ അലങ്കാരപ്പണികളുമെല്ലാം സൂക്ഷിച്ചു പരിശോധിച്ചാൽ അദ്ദേഹം 'സ്ഥപതിമതിഗതിപ്രേക്ഷക'നായ 'സൂത്രഗ്രാഹി'യായിരുന്നുവെന്നു് ആരും സമ്മതിക്കാതിരിക്കുന്നതല്ല.

ഇങ്ങനെ ചാക്യാന്മാരുടെ പ്രബന്ധകഥനരീതിയെ അനുകരിച്ചുണ്ടാക്കപ്പെട്ടവയാണു ഭാഷാപ്രബന്ധങ്ങൾ; അങ്ങനെയല്ലാതെ ഈ ഭാഷാപ്രബന്ധങ്ങളിൽ ഒന്നെങ്കിലും ചാക്യാന്മാരോ പാഠകന്മാരോ അതേവിധത്തിൽത്തന്നെ രംഗത്തിൽ പ്രയോഗിച്ചിട്ടുള്ളതായി ആരും പറഞ്ഞുകേട്ടിട്ടില്ല. 'മേൽപുത്തൂർ' നാരായണഭട്ടതിരിപ്പാട്ടിലെ സംസ്കൃതപ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പിൽ പുനം മുതലായവരുടെ ഭാഷാപ്രബന്ധങ്ങൾ തന്നെയായിരുന്നു രംഗത്തിൽ പ്രബന്ധം പറയുന്നവർ ഉപയോഗിച്ചിരുന്നതു് എന്നു് ഇയ്യിടെ ചിലർ പറഞ്ഞുതുടങ്ങീട്ടുണ്ടു്. അങ്ങനെ അഭിപ്രായപ്പെടുന്നവർ താഴേ എഴുതുന്ന ചോദ്യങ്ങൾക്കെല്ലാം വിശ്വാസ്യമായ സമാധാനം പറവാൻ

ബാദ്ധ്യതയുള്ളവരാണല്ലോ. പുനത്തിൻെറ പ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പിൽ രംഗോപജീവികൾ ഉപയോഗിച്ചിരുന്ന ഭാഷാപ്രബന്ധങ്ങൾ ഏതെല്ലാമായിരുന്നു? അവയെല്ലാം ഇപ്പോൾ എവിടെ? അഥവാ പുനത്തിൻെറ കാലത്തിനു മുമ്പു പ്രബന്ധകഥനസമ്പ്രദായം തന്നെ മലയാളത്തിലുണ്ടായിരുന്നില്ലെന്നുണ്ടോ?

ചാക്യാന്മാർ പുരുഷാർത്ഥം പറയുന്നതിലും, വിദൂഷകൻ പുറപ്പെടുന്നതിലും പ്രയോഗിക്കാറുള്ള ഭാഷാശ്ലോകങ്ങളെല്ലാം തോലൻെറ കൃതികളാണെന്നു പറഞ്ഞുവരാറുള്ളതു വാസ്തവമാണോ? തോലൻ എന്ന ആൾ ആര്? അദ്ദേഹത്തിൻെറ കാലം ഏതു്? പെരുമാക്കന്മാരിൽ ഒരാളുടെ സചിവനായി പഴമക്കാർ പറഞ്ഞുകേൾവിയുള്ള ആ തോലൻ തന്നെയാണോ ഈത്തോലൻ? അങ്ങനെയാണെങ്കിൽ അത്ര പഴയകാലത്തെ ആ ഭാഷാരീതി ഇന്നത്തെ വെണ്മണിരീതിയേക്കാൾ പുതുതായിക്കാണുന്നതിനവകാശമെന്തു്? ഭട്ടതിരിയുടെ സംസ്കൃതപ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പു ഭാഷാപ്രബന്ധങ്ങളായിരുന്നു പ്രബന്ധപാഠകന്മാർ സ്വീകരിച്ചിരുന്നതെന്നും സംസ്കൃതപ്രബന്ധങ്ങളുണ്ടായപ്പോൾ അവയെ സ്വീകരിച്ചു ഭാഷാപ്രബന്ധങ്ങളെ കൈവെടിഞ്ഞുവെന്നും ഉള്ള അഭിപ്രായം ഭാഷാചരിത്രപണ്ഡിതന്മാൎക്കു് ആദരണീയമായിത്തീരുവാൻ ന്യായമുണ്ടോ? ഈ അഭിപ്രായം ശരിയാണെങ്കിൽ പ്രാചീനകേരളീയർ ഭാഷാപ്രണയികളും നവീനർ സംസ്കൃതപക്ഷപാതികളും ആകുന്നു എന്നു സമ്മതിക്കേണ്ടിവരുന്നില്ലേ? അങ്ങനെ സമ്മതിക്കുന്നപക്ഷം, ചാക്യാർക്കു

ത്തിൽ സംസ്കൃതശ്ലോകങ്ങൾ ചൊല്ലി ഭാഷയിൽ ഫലിതമയമായും ഹാസ്യഭൂയിഷ്ഠമായും അൎത്ഥം വിസ്തരിച്ചിരുന്ന സമ്പ്രദായത്തെ ആമൂലാഗ്രം കണ്ണടച്ച് അനുഗമിക്കുന്നതായ കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്രസ്ഥാനത്തിൻെറ ആവിൎഭാവത്തിനും വളൎച്ചക്കും അവകാശം സിദ്ധിപ്പാൻ വഴിയുണ്ടോ?

ഈ വക വിരോധങ്ങളെ പരിഹരിക്കാതെ പ്രാചീനന്മാർ ഭാഷാപ്രബന്ധങ്ങളെ രംഗത്തിൽ പ്രയോഗിച്ചിരുന്നു എന്നുള്ള സ്വകപോലകല്പിതമായ അഭിപ്രായം കേവലം പാമരവചനപരിപാടിയിൽ ത്യാജ്യമാണെന്നല്ലാതെ പണ്ഡിതമതത്രപേണ സിദ്ധാന്തകോടിയിൽ ഗ്രാഹ്യമാണെന്നു തോന്നുന്നില്ല. അത്രമാത്രമല്ല, കുളി, ജപം, സ്വാധ്യായം മുതലായ തേവാരങ്ങളുടെ ഇടയിൽ അത്യാവശ്യം നേരിട്ടാൽ സംസ്കൃതത്തിൽ മുക്കിമൂളി വല്ലതും പറയുകയോ ആംഗ്യം കാട്ടി മററുള്ളവരെ കാൎയ്യം മനസ്സിലാക്കുകയോ ചെയ്യുന്നതല്ലാതെ മലയാളഭാഷയിൽ സംഭാഷണം ചെയ്യുന്നതു തന്നെ അതിനിന്ദ്യമായി ഇന്നും കരുതിവരുന്ന ആഢ്യബ്രാഹ്മണരുടെ സദസ്സിൽ ക്ഷേത്രങ്ങളിൽ വച്ചു നടത്തുന്ന ഭഗവൽക്കഥാപ്രസംഗങ്ങൾക്ക് ആപുരാതനകാലത്തു ഭാഷാപ്രബന്ധങ്ങളെ പ്രധാനമായി സ്വീകരിച്ചിരുന്നുവെന്നു വിശ്വസിപ്പാൻ മേലും കീഴും ആലോചിക്കുന്നവൎക്ക് ആൎക്കും ധൈൎയ്യമുണ്ടാകുന്നതുമല്ല.

അതിനാൽ പുനം മഴമംഗലം മുതലായ മഹാകവികൾ സംസ്കൃതത്തിലെ ഭോജചംബു മുതലായവയെ

പ്പോലെ സഹൃദയന്മാക്ക വായിച്ചു രസിപ്പാൻ മാത്രം ഉ ണ്ടാക്കീട്ടുള്ളതാണു ഭാഷാപ്രബന്ധങ്ങൾ എന്നു മാത്രമേ പറവാൻ തരമുള്ളു. "ഗദ്യപദ്യോഭയമയം ചംബൂരിത്യ ഭിധീയതേ" എന്നു സാഹിത്യശാസ്ത്രവചനവുമുണ്ട്. ഭാ ഷാപ്രബന്ധങ്ങളിലെ പദ്യങ്ങളുടെ വൃത്തമെല്ലാം സം സ്കൃതച്ഛന്ദശ്ശാസ്ത്രപ്രകാരമുള്ളവ തന്നെ. എങ്കിലും അ വയുടെ രചനാരീതിയിൽ രസാനുഗുണ്യം വരുത്തുവാൻ തൽകർത്താക്കൾ വളരെ ശ്രദ്ധിച്ചിട്ടുണ്ട്. ഗദ്യങ്ങളിൽ ചിലതിനു സംസ്കൃതപ്രബന്ധങ്ങളിലെ ഗദ്യരീതിയിൽ നിന്നു പിന്നെയും വളരെ വ്യത്യാസമുണ്ട്. എന്നാൽ അ തു, പണ്ടും ഇപ്പോഴും ഭദ്രകാളി, വേട്ടയ്ക്കൊരൻ മുതലായ ദേ വതമാക്ക പാട്ടു, തിറ, പാന മുതലായ ബലികൾ നടത്തു ന്നതിനു കല്ലാററുകുറുപ്പന്മാരും, പിണിയാളുടെ നേരേ പ ന്തം ഉഴിയുമ്പോൾ മന്ത്രവാദികളും ചൊല്ലുന്ന 'കോളി വാക്യം' എന്ന സ്തോത്രങ്ങളിലും, ദേവീക്ഷേത്രങ്ങളിൽ സോപാനത്തു പാടുന്ന ബ്രാഹ്മണിപ്പാട്ടുകളിലും ഭൂരിപ്ര യോഗമുള്ളതും ഏതാണ്ടൊരു മാത്രാനിയമം കല്പിച്ചു ക ർണ്ണസുഖപ്രദമാക്കി ഒരു വൃത്തച്ഛായ വരുത്തിട്ടുള്ളതുമായ ഒരു പ്രത്യേകസമ്പ്രദായത്തിലുള്ളതാണ്. മാത്രാനിയമ ജന്യങ്ങളായ ഗണഭേദംകൊണ്ടും, യതിനിയമങ്ങൾകൊ ണ്ടും, ആരോഹണാവരോഹണയോഗ്യങ്ങളായ പടവുക ളോടും ചതുഷ്പാദാത്മകങ്ങളായ ഭിത്തികളോടുംകൂടി സ വ്വതോനിബദ്ധങ്ങളായ പദ്യതടാകങ്ങളും, സമതലത്തിൽ ഒഴുകുന്ന നദീപ്രവാഹംപോലെ സുഖാവഗാഹങ്ങളായ സാധാരണഗദ്യങ്ങളും, പവ്വതസാനുക്കളിൽനിന്നു തട്ടിത്ത

ടഞ്ഞ് ഒഴുകിവരുന്ന നിൎഝരങ്ങൾപോലെയുള്ള ഈ മാതിരി ഗദ്യങ്ങളും, നീളം, വീതി, താഴ്ച ഇവയെല്ലാം അളന്നു കുറിച്ച്‌ നേരേ കെട്ടിനിറുത്തിയിരിക്കുന്ന തോടുകളെപ്പോലെയുള്ള ദണ്ഡകങ്ങളും തരംപോലെ കൂട്ടിയിണക്കി വായനക്കാൎക്കു സുഖപ്രദമായിരിപ്പാൻ തക്കവണ്ണമാണു നമ്മുടെ പ്രബന്ധശില്പികൾ അവയെ നിബന്ധിച്ചിരിക്കുന്നത്.

ഇതുവരെ പറഞ്ഞിട്ടുള്ളതെല്ലാം ഭാഷാപ്രബന്ധങ്ങളെ സാമാന്യമായി പരാമൎശിക്കുന്ന സംഗതികളാണ്. ഇതിൽ അവയുടെ ഉൽപത്തി, വളൎച്ച, സ്വരൂപം അല്ലെങ്കിൽ സ്വഭാവം, പ്രയോജനം, കാലദേശകൎത്തൃവിവേചനം ഇവയെല്ലാം സമഷ്ടിയായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇനി അല്പം പറവാനുള്ളത് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതും, വഴിയെ പ്രസിദ്ധപ്പെടുത്തുവാൻ വിചാരിക്കുന്നതുമായ രാമായണചമ്പുവിലെ സാഹിത്യത്തെപ്പററി വായനക്കാൎക്ക് ഒരു സ്വരൂപജ്ഞാനമുണ്ടാകുന്നതിനു വേണ്ടി അവയിൽനിന്നു് ഏതാനും ചില ഉദാഹരണങ്ങൾ എടുത്തു കാണിച്ചു ചുരുക്കത്തിൽ ഒരു നിരൂപണം മാത്രമാകുന്നു.

ഇവിടെ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു, രാവണോൽഭവം, വിച്ഛിന്നാഭിഷേകം, സുഗ്രീവസഖ്യം, അംഗുലീയാങ്കം, ഉദ്യാനപ്രവേശം ഇങ്ങനെ അഞ്ചു കഥകളാണ്. ഇനി താടകാവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, പരശുരാമവിജയം, ഖരവധം, ബാലിവധം, തോരണയുദ്ധം, ഈ കഥകളെ കൂടി വഴിയേ പ്ര

സിദ്ധീകരിപ്പാൻ തക്കവണ്ണം തയാറാക്കുന്നുണ്ട്. ഇവയിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന കഥകളിൽനിന്നു മാത്രമേ ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നുള്ളു.

അവയിൽ ഓരോ കഥയിലും ഉത്തരോത്തരം ഗുണാധിക്യം കാണുന്നു. ദീൎഘദീൎഘങ്ങളായ സംസ്കൃതസമസ്തപദങ്ങളുടെ അന്ത്യത്തിൽ ഭാഷാപ്രത്യയം വച്ച് ഒന്നോ രണ്ടോ പദങ്ങൾ ചേൎത്തു പേരിനുമാത്രം ഭാഷയാക്കിട്ടുള്ള ശ്ലോകങ്ങളുടെ ആധിക്യം മുമ്പു മുമ്പുള്ള കഥകളിലാണു കൂടുതലായിക്കാണുന്നതു്. ഗദ്യങ്ങളുടേയും മാതിരി ഇതു തന്നെയാണ്. രാവണോൽഭവത്തിൽ ഒരു ഭാഷാഗദ്യം മാത്രമേയുള്ളു. അതു സംസ്കൃതപ്രയോഗബാഹുല്യംകൊണ്ടു കേവലം സംസ്കൃതഗദ്യങ്ങളെക്കാൾ കഠിനമാണ്. വിച്ഛിന്നാഭിഷേകത്തിൽ "ഹര ഹര ശിവ ശിവ പുകഴരുതോൎത്താലഭിഷേകോത്സവ മഹിമ വിശേഷാൻ" എന്നാരംഭിക്കുന്നതും അതിദീൎഘവുമായ ഒരു നല്ല മലയാളഗദ്യമുള്ളതു ഏതു മലയാളിക്കും അൎത്ഥം ഗ്രഹിച്ചു സുഖിക്കാവുന്നതാണെന്നു മാത്രമല്ല, അതിൽ വാരിക്കോരി വൎഷിച്ചിരിക്കുന്ന ഹാസ്യമയങ്ങളായ ഫലിതപ്രയോഗങ്ങളുടെ സന്ദൎഭൌചിത്യം ആലോചിച്ചാൽ കുഞ്ചൻനമ്പ്യാർ തുള്ളൽ കൈവിട്ടു മുഖം കുമ്പിട്ടു "കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം" എന്നു തോന്നും. സുഗ്രീവസഖ്യത്തിലെ ഒന്നാം ഗദ്യത്തിൽ ലക്ഷ്മണനാൽ വിരൂപിതയായ ശൂൎപ്പണഖ "ഖരനും ദൂഷണനും ത്രിശിരാവും പടയോടുകൂടെച്ചെന്നു സരോഷം പടുതകലന്നൊരു രാമശരാഗ്നിജ്വാലാമാലയിലിയ്യാംപാററ പൊരിഞ്ഞു

കണ്ണക്കെ വെന്തെരിയുന്നതു കണ്ടു ഭയം പൂണ്ടു, ഹാ ഹാ രാവണ! വിര! സഹോദര! പാലയ പാലയ നീയേ ശരണം" എന്നു മുറയിട്ടുകൊണ്ടു, 'നാസാകുഹരത്തൂടേ ചാടും ചോരകുടിച്ചു തിളച്ചു പുളച്ചും ചിലരെ നിണംകൊണ്ടൂത്തും തേച്ചും' 'ലങ്കാപുരിയിലേക്കു മണ്ടു'ന്നവിധം വൎണ്ണിച്ചിരിക്കുന്നതു വായിച്ചാൽ ബീഭത്സഭയാനകരസങ്ങളുടെ മൂൎത്തിയായ ആ ശൂൎപ്പണഖയെ ഏതു ധീരനും സ്വപ്നം കാണാതിരിക്കയില്ല. അതുപോലെത്തന്നെ രണ്ടാം ഗദ്യത്തിൽ മാരീചൻ മായാമൃഗരൂപം ധരിച്ച് ആശ്രമോപാന്തത്തിൽ കളിക്കുന്ന പ്രകാരങ്ങളേയും, അതുകണ്ടു കൌതുകാകൃഷ്ടയായ സീത, രാമനോട്ട് അതിനെ പിടിച്ചുതരുവാനായി കെഞ്ചി അപേക്ഷിക്കുന്നപ്രകാരങ്ങളേയും വൎണ്ണിച്ചിരിക്കുന്നതു നോക്കിയാൽ,

പൊന്നുമാനെവിടെ മന്നിതെങ്ങിതുകൾ
ചിന്തിയാതശിതബുദ്ധിയാ-
കുന്ന രാമനുമുഴന്നുപോയിതൊരു
പെണ്ണു ചൊന്ന മൊഴി കേൾക്കയാൽ.
എന്നു ഞാനറിവെഴുന്നവൎക്കു പരി-
ഹാസ്യനായിതു, കഴിഞ്ഞതോ-
ൎക്കുന്നതെന്തു, മതി തെററിടാൎക്കിലൊര-
നൎത്ഥമാൎക്കുമുളവാകുമോ?

എന്നു ധീരോദാത്തനായ രാമനു പിന്നീടു പശ്ചാത്തപിപ്പാനിടവന്നതിൽ യാതൊരാശ്ചൎയ്യവും തോന്നുന്നതല്ല. മൂന്നാം ഗദ്യത്തിൽ രാവണൻ സീതയെ അപഹരിച്ചു തേരി

ലേററിപ്പോകുമ്പോൾ സീതയുടെ രോദനം കേട്ടു മാൎഗ്ഗമദ്ധ്യത്തിൽവന്നു് എതിൎക്കുന്ന ജടായുവിൻെറ പരാക്രമവും, നാലാം ഗദ്യത്തിൽ 'ജനകതനൂജാവിരഹദശയിൽ 'വിലപനശീല'നായി, അഹൎന്നിശം ഉൗണുമുറക്കവുമൊക്കെ മറന്നു. വനേഷു വനേഷു, ലതാസുലതാസു, ദരീഷു ദരീഷു, നദീഷു നദീഷു, നഗേഷു നഗേഷു, നടന്നുംനോക്കിയുമാൎത്തി പിണഞ്ഞു കരഞ്ഞുമെരിഞ്ഞും, കണ്ട ചരാചര ജാതികളോടു വിളിച്ചു വിളിച്ചുരുചോദ്യം ചെയ്തും, പരിഭവമേററു ചിന്തിച്ചിടയിൽ കോപംപൂണ്ടു കടക്കൺ നോക്കു ചുവന്നു മറിഞ്ഞും, ചാപമുഴിഞ്ഞു കുലച്ചു വലിച്ചും, ത്രിഭുവനമൊക്കെപ്പേടിപ്പിച്ചും,... ജനകതനൂജ'യെ അന്വേഷിച്ചു നടക്കുന്ന രാമൻെറ വിപ്രലംഭത്തെ വിഭാവാനുഭാവസാത്വിക വ്യഭിചാരികളെക്കൊണ്ടു പരിപുഷ്ടവും സുവ്യക്തവുമാക്കിത്തീൎത്തിരിക്കുന്നതിൽനിന്നു വായനക്കാരുടെ ഹൃദയദ്രവീകരണവിഷയത്തിൽ കവിക്കുള്ള സാമൎത്ഥ്യാതിശയം അന്യാദൃശമായി വെളിപ്പെടുന്നു.

അംഗുലിയാങ്കത്തിലെ ആദ്യഗദ്യത്തിൽ 'ദയിതാവിരഹക്ലാന്ത'നായ രാമൻ മാല്യവാൻ പൎവ്വതത്തിൽ വസിക്കുമ്പോൾ പന്നഗഭീതനു വല്മീകാവാസക്രിയപോലെ വന്നുകൂടിയ വൎഷൎത്തു കോലാഹലത്തെ വൎണ്ണിക്കുന്നതിൽ കവി തൻെറ കൈവശത്തിലുണ്ടായിരുന്ന അലങ്കാരപ്പെട്ടിയെല്ലാം തുറന്നു കൊട്ടിയൊഴിച്ചിരിക്കുന്നു. സാമാന്യാധികദീൎഘമായ അതിലെ രണ്ടാം ഗദ്യത്തിൽ രഘൂത്തമനാജ്ഞാപിച്ചപ്രകാരം സീതാന്വേഷണത്തിനായി തെക്കൻ ദിക്കിലേക്കു പുറപ്പെട്ട 'ജാംബവദംഗദനിലഹനൂ

മൽപ്രമുഖ'ന്മാരായ വലീമുഖവീരന്മാർ, അവരുടെ ജാതിസ്വഭാവത്തേയും ശൌൎയ്യവീൎയ്യബലവേഗാദികളേയും പ്രകടിപ്പിച്ചുകൊണ്ടു, 'കാടുകൾതോറും, നാടുകൾതോറും തടിനികൾ തോറും, ഗിരിമുകൾതോറും, മനുകുലമാലയെ നോക്കിനടന്നു ദക്ഷിണവാരിധി തീരം പ്രാപിച്ചപ്രകാരത്തെ വൎണ്ണിച്ചിരിക്കുന്നതിൽ അന്യാദൃശമായ സ്വഭാവോക്തിചാതുൎയ്യത്തെ വിശദീകരിച്ചിരിക്കുന്നു.

അതിൽത്തന്നെ മറെറാരു ഗദ്യത്തിൽ ഹനുമാൻ ഇന്ദ്രവജ്രാഹതനായി വീണപ്പോൾ, വായുഭഗവാൻ അപത്യനാശംകൊണ്ടു മടങ്ങിയടങ്ങി ഏതോ ഒരു ഗുഹയിൽ ഒളിച്ചിരുന്നതിനാൽ വായുസഞ്ചാരമില്ലാഞ്ഞിട്ടു മൂന്നു ലോകത്തുമുള്ള സ്ഥാവരജംഗമങ്ങൾക്കൊക്കെ വന്നുകൂടിയ അവസ്ഥാന്തരം വൎണ്ണിച്ചിരിക്കുന്നതു വായിച്ചാൽ സഹൃദയന്മാരുടെ അവസ്ഥയും തത്തുല്യമായിത്തീരുന്നതാണ്. ആ പ്രബന്ധത്തിൽ ഒടുക്കത്തെ ഗദ്യം, ഹനുമാൻ അശോകോദ്യാനത്തിൽ ശിംശപാമൂലത്തിലിരിക്കുന്ന സീതാദേവിയെ കാണുന്ന ഘട്ടത്തെ വൎണ്ണിക്കുന്നതാണ്. ഇതു ശുദ്ധസംസ്കൃതമയമാകുന്നു. അതുകൊണ്ടു നല്ല സംസ്കൃതപണ്ഡിതന്മാൎക്കല്ലാതെ അതിൻെറ സാരസ്യം അനുഭവിപ്പാൻ പ്രയാസമാണ്. അതു ബാണഭട്ടൻെറ കാദംബരീഗ്രന്ഥത്തിൽ ചന്ദ്രാപീഡ രാജകുമാരൻ മഹാശ്വേതയേയും കാദംബരിയേയും കാണുന്ന ഘട്ടങ്ങളിലുള്ള ഗദ്യങ്ങളെ അതിശയിക്കുന്നു എന്നു പറയുന്നതിൽ യാതൊരതിശയോക്തിയുടെയും സ്പൎശമില്ല.

ഉദ്യാനപ്രവേശം പ്രബന്ധത്തിൽ ഒന്നാം ഗദ്യം രാവണ്ണൻ സീതയെ വശീകരിപ്പാനായിട്ട് അശോകോദ്യാനത്തിലേക്കു യാത്ര പുറപ്പെടുന്ന സമയം ഉണ്ടായ ചന്ദ്രോദയത്തെ പ്രിയാവിരഹാതുരന്മാരായവൎക്കു കാമോദ്ദീപകമാകുംവണ്ണം വൎണ്ണിക്കുന്നതാകുന്നു. 'പ്രാചീരമണീവദനംപോലെ, രജനീയോഷാമുകുരംപോലെ, ഐന്ദ്രീകനകത്തോട കണക്കെ, മദനപ്പെണ്ണിൻ താലി കണക്കെ, സുരതഗുരോരെഴുമാവണംപോലെ, മന്മഥവരവിലെതിൎത്തു പിടിക്കും വെൺമുത്തുക്കുട തന്നെപ്പോലെ, മന്ദം മന്ദം പൊന്നുദിയായ ശശാങ്കഃ' എന്നാരംഭിക്കുന്നു. അതു വായിച്ചാൽ ജിതേന്ദ്രിയന്മാരല്ലാത്ത എതു യുവാക്കന്മാൎക്കും മാന്മഥബാധ ഉദ്ദീപിക്കാതിരിക്കുന്നതല്ല. പിന്നത്തെ ഗദ്യം അഴകിയ രാവണൻെറ ഉദ്യാനത്തിലേക്കുള്ള എഴുന്നള്ളത്തിൻെറ വട്ടങ്ങളെ വൎണ്ണിക്കുന്നു. അതിൽ ത്രൈലോക്യവിജയിയായ രാക്ഷസചക്രവൎത്തി സമ്പാദിച്ചുവെച്ചിരിക്കുന്ന അപൂൎവ്വങ്ങളായ സംഭോഗസംഭാരങ്ങളുടെ സമൃദ്ധി മുഴുവൻ കവി, വായനക്കാരുടെ മുമ്പിൽ നിരത്തിവെക്കുന്നതിൽ കാണിച്ചിരിക്കുന്ന കല്പനാവൈഭവം, അരസികന്മാരെയുംകൂടി രസപ്രവാഹത്തിൽ നീന്തിക്കളിപ്പിക്കുന്നതാണ്. സാമദാനഭേദങ്ങളെക്കൊണ്ടും സീതാവശീകരണം അശക്യമാണെന്നു കണ്ടപ്പോൾ വിടമകുടമണിയായ രാവണൻ അഭിമാനം കൈവെടിഞ്ഞു, 'കഴൽപ്പല്ലവം കൈതൊഴാം തമ്പിരാട്ടി! കുളുർക്കെച്ചിരിച്ചൊന്നു നോക്കീടു' എന്നിങ്ങിനെ കെഞ്ചിക്കേണ് അപേക്ഷിക്കു

ന്നതാണ് കട്ടക്കത്തെ ഗദ്യം. ഇതിൽനിന്നു തൻെറ ക ന്ധത്തു തലകളെയും താൻ തന്നെ അറുത്തു ഹോമിച്ചു സാക്ഷാൽ ത്രിപുരാന്തകനെ പ്രസാദിപ്പിച്ചു വരം വാങ്ങുകയും, അഷ്ടദിൿപാലന്മാരെയും ജയിച്ചു കീഴടക്കുകയും, കൈലാസപർവ്വതം പൊക്കിയെടുത്തു് അമ്മാനമാടുകയും ചെയ്ത ത്രൈലോക്യവീരനായ രാവണനു്, ആത്മസംയമനവും ഇന്ദ്രിയനിഗ്രഹവും ചെയ്വാൻ സാധിക്കാതിരുന്നതിനാൽ അതുനിമിത്തം മേൽ വരുവാൻപോകുന്ന 'സർവ്വവിനാശം' എന്ന അവസ്ഥയെ വാക്കുകളെക്കൊണ്ടു പറയാതെ തന്നെ നമ്മുടെ ചംബൂകർത്താവു ലോകത്തെ പഠിപ്പിക്കുന്നു.

ഭാഷാകവികുഞ്ജരന്മാരുടെ ജന്മശത്രുവായ ഉദ്ദണ്ഡകേസരിയുടെ മദഗർജ്ജിതം മുഴുവൻ ഒരു ശ്ലോകത്തിലെ 'വചഃ പ്രസരം' കൊണ്ടു തന്നെ കളഞ്ഞു് അദ്ദേഹത്തിനു 'പുളകോൽഗമം' ഉണ്ടാക്കിയ പുനത്തിൻെറ പദ്യനിർമ്മാണപാടവത്തെ പ്രകടിക്കാനൊരുങ്ങുന്നതാണെങ്കിൽ ഓരോ പ്രബന്ധത്തിലെയും പകുതിയിലധികം ഭാഗം ഇതിൽ പകർത്തേണ്ടിവരും. അങ്ങിനെ ചെയ്യുന്നതു 'കാണാൻപോണ പൂരം പറഞ്ഞുകേൾക്കുന്നതുപോലെ' വായനക്കാൎക്കു ചർവ്വിതചർവ്വണത്തിനിടവരുത്തുന്നതാകയാൽ വൈരസ്യജനകമായിത്തീരുന്നതാണെന്നു വിചാരിച്ചു അധികം വിസ്തരിക്കുന്നില്ല.

൧. രാവണോത്ഭവത്തിൽ തപസ്സിനാരംഭിക്കുന്ന രാവണൻെറ സങ്കല്പം.

ഗൌരീ സൌഭാഗ്യരാശേ! ജയജയ തൊഴുതേ-
    നമ്പിലെൻ തമ്പിരാനേ!
നേരേവന്നിങ്ങു തൃക്കാലിണയിലടിമപ്പു-
    ക്കീടുമസ്മാനനാഥാൻ
കാരുണ്യത്തോണിതന്മേലഴകൊടു കരയേ-
    റ്റി പ്രഭോ! കാംക്ഷിതാൎത്ഥ-
പ്പൂരാം വാരാകരത്തിൻ മറുകരയിലണ-
    ക്കേണമേ! ഭക്തബന്ധോ!

സ്വൎഗ്ഗംഗാ ബാലചന്ദ്രാങ്കിത പുരിചിടയും
    തീപ്പൊരിപ്പോരു മൂന്നാം-
തൃക്കണ്ണും ഭോഗിവാർകുണ്ഡലവുമരിയകാ-
    കോളവും കണ്ഠനാളേ
അഗ്രേ തൃക്കൈകൾ നാലും കമലഭവശിരോ-
    മാലയും മാറിലയ്യാ
മുഖ്യാഭോഗം പുലിത്തോലുടയുമിഹ പുല-
    മ്പേണമേ തമ്പിരാനേ!

വാമാലങ്കാരി വാമാംഗവുമണികുഴലും
    ദേവദൈത്യാവതംസം
മമ്മാ തൃക്കൈകളിൽ തങ്ങിന വരമഭയം
    മാൻകിശോരം കുഠാരം
വാർമേവും പന്നഗേന്ദ്രാഭരണമമല ഭ-
    സ്മാംഗരാഗാഭിരാമം
പൂമെയ്യും പൂൎണ്ണശോഭം മമ മനസി പുല-
    മ്പേണമേ തമ്പിരാനേ!

ഇപ്രകാരം ധ്യാനിച്ചു പ്രാത്ഥിച്ചു പലവിധ യോഗചര്യകളോടുകൂടി മഹായോഗികൾക്കും സുദുഷ്കരമായ തപസ്സു വളരെക്കാലം ചെയ്തിട്ടും പരമശിവൻ പ്രത്യക്ഷനാവാഞ്ഞതിനാൽ തൻെറ തലയറുത്തു ഹോമിക്കുവാനാരംഭിക്കുന്ന രാവണൻെറ തൽക്കാലസ്ഥിതിയെ വണ്ണിക്കുന്നു:—

വേണീബന്ധാൻ വലിച്ചങ്ങുദിതരസമിടം
　　കൈകൾകൊണ്ടാത്തമൂദ്ധ്-
ശ്രേണീം നേരാക്കി ദീപ്ത്വാസിഭിരിനിയ വലം
　　കൈത്തലൈരത്യുദാരം
താനേ തൻ കണ്ഠകാണ്ഡപ്രഹരണസമയേ
　　കൈവളർത്തു വിശേഷി-
നച്ചാന്ദം പത്തു വക്ത്രങ്ങളുമിരുപതു ഹ-
　　സ്തങ്ങളും വീരമൌലേഃ.

പ്രൌഢാത്മാ കണ്ഠവാടീം ത്രുടിതഗളനസിരാ-
　　ബന്ധമാസ്കന്ധമൂലം
പാടേ ചേക്കംവിധൌ വിസ്മയമഴകിതു ദ-
　　ക്ഷാരിയേ സാക്ഷിയുള്ളൂ
വാടീലമ്മന്ദഹാസം, നതിഭണിതികൾ തേ-
　　ടീലഹോ ഗൽഗദത്വം
കോടീലച്ചില്ലിപോലും വദനദശകമേ-
　　കൈകമാസീൽ പ്രസന്നം.

ഇതിലെ രസസ്ഫൂൎത്തി നോക്കുക. അതിൽ തന്നെ നാല്പത്തൊന്നു മുതൽ നാല്പത്തെട്ടുവരെ പദ്യങ്ങളിൽ മിക്കതും കുമാരസംഭവം മുതലായ ഇതരഗ്രന്ഥങ്ങളിലെ ശ്ലോകങ്ങളുടെ വിശദതരമായ തൎജ്ജമയാകുന്നു. അതിനുമേൽ രാവണോപദ്രവത്താൽ 'ഭയപരവശരായങ്ങുമിങ്ങും കിടക്കുന്ന ഇന്ദ്രാദികൾ വിധിഗിരിശന്മാരൊടുംകൂടി' സാക്ഷാൽ മഹാവിഷ്ണുവിനോടു സങ്കടമുണൎത്തിക്കുവാനായി പാലാഴിതീരത്തണഞ്ഞപ്പോൾ,

ചക്രപാണിതിരുമാറിൽ വാണ തുളസീസു-
　　ഗന്ധഭരവും മഹാ-
ലക്ഷ്മിതൻ കുളുൎമുലയ്ക്കണിഞ്ഞ മൃഗനാഭി-
　　സൌരഭവുമാവഹൻ.
മുഖ്യപാല്ക്കടൽതരംഗമാലയിലിറങ്ങി
　　വന്ന മൃദു മാരുതൻ
തൽക്ഷണേന സുഖയാഞ്ചകാര സുരപുംഗ-
　　വാനസുരപീഡിതാൻ.

എന്നു വൎണ്ണിച്ചിരിക്കുന്നതു് "ആനന്ദയാമാസദിവൌകസസ്താ—നാഘ്രാതശേഷോമുനിമണ്ഡലേന" എന്നിത്യാദിയായ ശ്രീകൃഷ്ണവിലാസകാവ്യശ്ലോകത്തിന്റെ അനുകരണമാണെങ്കിലും എത്ര ഹൃദയംഗമമായിരിക്കുന്നു?

ആരാൽ കാണായിതപ്പോളമരപരിഷദാ-
　　മാൎത്തിയെച്ചെന്നു കാണും
നേരം തന്നേ ശമിപ്പിച്ചരുളുമൊരു മഹാ
　　പ്രാഭവത്തിൻ നിധാനം

പാരിരേഴും ഭരിപ്പാൻ പുരികലതികയാ-
ക്ഷീണദീക്ഷം കനക്കും
കാരുണ്യത്തിന്നധീനേ ക്ഷണമഭിമത ക-
ല്പദ്രുമം പത്മനാഭം.

എന്നിത്യാദി പദ്യങ്ങളിൽ സ്ഫുരിക്കുന്ന മഹാവിഷ്ണുവിൻെറ മാഹാത്മ്യാതിശയം സാധാരണ കവികൾക്കു വാഗ്വിഷയമാകുന്നതാണോ?

വ. വിഷ്ണുന്നാഭിഷേകം പ്രബന്ധത്തിൽ മൂന്നുമുതൽ ഇരുപത്തുനാലുവരെ പദ്യങ്ങൾകൊണ്ടു വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്ന നവോഢാസംഭോഗവൎണ്ണനം, കുമാരസംഭവം എട്ടാംസൎഗ്ഗത്തെ പദംപ്രതി അനുകരിച്ചിരിക്കുന്നു എന്നു പറയുന്നതിനെക്കാൾ അതിശയിച്ചിരിക്കുന്നു എന്നു പറയുന്നതായിരിക്കും അധികം ഉചിതമെന്നു തോന്നുന്നു. അതിൽ സാഹിത്യശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നായികാവസ്ഥകളെയും, വാത്സ്യായനതന്ത്രോക്തങ്ങളായ രതിശിക്ഷാരീതികളെയും സ്പഷ്ടമായി ഉദാഹരിക്കത്തക്കവണ്ണം പണ്ഡിതനായ കവി അനേകം പദ്യങ്ങളെ നിബന്ധിച്ചിട്ടുണ്ടു്. എന്നാൽ കേരളീയകവികളിൽ ചിലർ ചെയ്യാറുള്ളതുപോലെ ആഭാസവും അസഭ്യവുമായ രതിവൎണ്ണനത്തിൻെറ നിഴൽപോലും അതിൽ കാണ്മാനിടവരുത്തിട്ടുമില്ല.

ഇത്ഥമഞ്ചിതസുഖാനി മാറുമയമക്ക-
വംശമണിപീഠവി-
ന്യസ്തമൌക്തികവതംസരത്നമതിനി-
സ്തുലാന്യനുബഭൂവിവാൻ

ഇത്രിലോകവലയൈകസുന്ദരിയൊടങ്ങു
സീതയോടു ചേൎന്നുകൊ-
ണ്ടുൾത്തെളിഞ്ഞു നിജ രാജധാനിയിൽ മണംക-
ലൎന്നു ശുശ്രുഭേതരാം.

അങ്ങനെ അവർ സുഖമായിരിക്കുന്ന കാലത്തു വൃദ്ധനായ ദശരഥമഹാരാജാവു രാമനെ യുവരാജാവായി അഭിഷേകം ചെയ്വാൻ നിശ്ചയിച്ചു വട്ടംകൂട്ടി. അപ്പോൾ മന്ഥരാദൂഷിതാശയയായ കൈകേയി സ്വവശഗനും വൃദ്ധനുമായ ഭൎത്താവിനെ നിൎബ്ബന്ധിച്ച് അഭിഷേകം മുടക്കി രാമാദികളെ വനവാസത്തിനയയ്ക്കുന്ന സമയത്ത് അയോദ്ധ്യാവാസികൾക്കുണ്ടായ ശോകപാരവശ്യത്തെ കവി വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

തൽക്ഷണേന നിജ മാതൃദത്തമഴകോടു
വല്ക്കലയുഗം മുദാ
ലക്ഷ്മണാഗ്രജനുദഗ്രസത്വനിധി ചാൎത്തി-
നോരു സമയാന്തരേ
ഒക്കെനിളെ മുറകൊണ്ടയോദ്ധ്യമുഴുവൻ മു-
ഴങ്ങിയിതു, വാക്കുകൊ-
ണ്ടക്കഥാം ബത പുകഴ്ത്തുമാദികവയേ
നമോസ്തു കഠിനാത്മനേ.

*　　*　　*　　*

ദുഃഖംപൊറാഞ്ഞഥ വസിഷ്ഠമുനിന്ദ്രനപ്പോൾ
തൃക്കണ്ണടച്ചിതുടനശ്രുധരിപരീതം

അക്കോല്പത്താൻ മഹിതരാമശശാങ്കതതപ-
മുൾക്കൊണ്ടു കാണ്മതിനു കാരണമായ് ചമഞ്ഞു.

ഇങ്ങനെ 'കാനനയാത്ര മുതിൎന്നദശായാം പരമപതിവ്രതജനകതനൂജാ വേണമെന്നവരൊടു യാത്ര പറ'യുന്നതിനെ വിവരിക്കുന്ന രണ്ടു സംസ്കൃതശ്ലോകങ്ങൾ ശാകുന്തളം നാലാമങ്കത്തിൽ ശകുന്തളയുടെ യാത്രാപ്രസ്താവം മുഴുവൻ വായനക്കാരെ അനുസ്മരിപ്പിക്കുന്നതാകുന്നു.

രാമാദികൾ ഗംഗ കടന്നു വനപ്രദേശത്തിലെത്തുമ്പോൾ അവരെ കാണ്മാൻ വരുന്ന ശബരതരുണിമാരുടെ ഛായയെ കവി ഒരു ശ്ലോകത്തിൽ എടുത്തു വച്ചിരിക്കുന്നതു് എത്ര നിപുണനായ ചിത്രകാരനെയും വിസ്മയിപ്പിക്കുന്നതാണ്. ഇതു "വ്യോമഗ്രാഹ്യസ്തനീഭിഃ ശബരയുവതിഭിഃ കൌതുകോദഞ്ചദക്ഷം കൃച്ഛ്രാദനായീയമാനഃ" എന്ന രാമായണചംപൂകാരന്റെ കുറിപ്പിനെ വലുതാക്കി എഴുതിയതാണെങ്കിലും എത്ര മനോഹരമായിരിക്കുന്നു.

ചേണേലും നൽപ്രവാളാംശുകമതിശിഥിലം
താങ്ങിയുംകൊണ്ടു പീന-
ശ്രോണീഭാരാ ദരാകമ്പിതകുചവില്ലും-
ന്മഞ്ജുഗുഞ്ജാകലാപാഃ
സാനന്ദം വന്നൊരോരോ ശബരതരുണിമാർ
കൂട്ടമിട്ടാസ്വദിച്ചാ-
രേനം ഭൂലോകചന്ദ്രം കുതുകവിലസിതേ
കണ്ണിൽവച്ചോട്ടുനേരം.

അതിനുശേഷം പഥികസ്ത്രീകൾ സീതയോടു ചെയ്യുന്ന സംഭാഷണങ്ങളും ഉപദേശങ്ങളും, സ്ത്രീകളുടെ സ്വഭാവത്തെ എത്ര ഹൃദയംഗമമാക്കിപ്പറഞ്ഞിരിക്കുന്നുവെന്നു അനുഭവരസികന്മാർക്കു മാത്രമേ അറിഞ്ഞുകൂടു.

൩. സുഗ്രീവസഖ്യം പ്രബന്ധത്തിൽ ലക്ഷ്മണനാൽ വിരൂപിതയായ ശൂർപ്പണഖ, ഖരവധാനന്തരം—'നിശാചരനഗരി ഗോപുരമാർഗ്ഗേ ചെന്നൊന്നലറിച്ചെവുതുകലുക്കി ത്രിദശമഹാരിപു നിശിചരപെരുമാൾ ശൌര്യക്കടൽ ദശഗ്രീവൻ താൻ തെളിവിലിരിക്കും മണിമയരംഗാങ്കണഭുവി ഗതപാ മൂക്കും മുലയും പ്രാഭൃതമാക്കി'—രാവണനോടു പഴിച്ചു പറയുന്ന രണ്ടു ശ്ലോകങ്ങൾ നോക്കുക:—

സംഫുല്ലാഭോഗ! വല്ലേൻ പറവതിനിഹ ഞാൻ
 പെട്ടപാടിന്നിനിക്കി-
പ്പെൺചെഞ്ഞാതിക്കു പാർക്കുംപൊഴുതിലൊരുടയോർ
 പാരിലില്ലെന്നു വന്നു
ഡംഭം കാട്ടിബ് ഭവാനോ ദശമുഖ! മണിസിം-
 ഹാസനേ ചേൎന്നു മീശ-
ക്കൊമ്പും മെല്ലെത്തിരത്തി പ്രഭുജളനറിയു-
 ന്നീലൊരൊരോ വിശേഷാൻ.

ഉള്ളിൽ കിഞ്ചന നാണമില്ലയി ഭവാ-
 നേതാദൃശീം പശ്യമാം
തള്ളിത്തള്ളിവരുന്ന ശോണിതധരി-
 സമ്പൂൎണ്ണനാസാദരീം

കൊള്ളിക്കോ പുനരിന്നി നിൻ പടയുമൊ-
 ട്ടൈശ്വര്യവും ശൌര്യവും
വെള്ളിക്കുന്നു പറിച്ചെടുത്തു പുകഠംകൊ-
 ണ്ടീടും പ്രഭാവങ്ങളും.

അതിന്നു രാവണന്റെ മറുപടി:—

പോരും പോരായ്മ വന്നെന്നൊട്ട പരുഷമുണ-
 ൎത്തുന്നതാർ ചെയ്തതിപ്പാ-
രിരേഴിങ്കൽ കലന്നുള്ളവരിലൊരുവനി-
 പ്പാപകൎമ്മം ദുരാത്മാ.
നേരേ ചൊല്ലിന്നുതന്നേ പകരമതിന്നുവി-
 ണ്ടീടുവാൻ ചന്ദ്രഹാസം
പോരായുന്നല്ലി തൈരാവതകരടഭിദാ-
 പാടവോന്മേഷശാലി

ദേവേന്ദ്രൻ താനിതെങ്കിൽ കഥയ കഥയ പൌ-
 ലോമിയെച്ചെന്നടിച്ച-
പ്പൂവാർമൽക്കൊങ്കയും നാസികയുമരിവനൊ-
 ന്നോറയും ചെയ്യുനിന്നേ.

മോഹാലിന്നമ്മോടേററിത്തൊഴിൽ തടവിയതി-
 ന്നഗ്നിതാനെങ്കിലോ തൽ-
സ്വാഹാദേവീപ്രസംഗം ജഗതി വടുവരു-
 ത്തിടുവൻ ശുദ്ധശുദ്ധം"

കാലനിന്നിതു പിണച്ചതെങ്കിലോ
ശൂലമേററവനുരസ്ഥലാന്തരേ

ബാലനെന്നൊടു പടസ്സൂണഞ്ഞ നാൾ
ചീളിപ്പെട്ടതു മറന്നുപോയിതോ?
വാസ്സന്നപുഷ്പകവിമാനവരം നമുക്കി-
ങ്ങാസ്സോണ്ടമൂലമിളകിടിന വൈരശാലി,
സൌഖ്യം കെട്ടത്തതൊരു വൈശ്രവണോടയ (മെങ്കിൽ
ഭൈക്ഷം പിടിസ്സുമവനിന്നിയടങ്ങുമോ നാം?

ഇങ്ങനെ രാവണൻെറ ആത്മപ്രശംസാപൂർവ്വമായ പ്ര
തിജ്ഞ കേട്ടപ്പോൾ ശൂർപ്പണഖ പറയുന്നു.

കേട്ടാലും പുനരെങ്കിൽ നീ തവ ഗിരാ
ലോകേഷു കണ്ടാലുടൻ
കേട്ടാലും തരമായ കാന്തനെ വരി-
പ്പാൻ ഞാൻ നടക്കും വിധൌ
ആഢ്യൌ ബാണധനുർദ്ധരൌ കൊടുവനേ
കണ്ടിടിനേൻ പൂരുഷ-
ശ്രേഷ്ഠൌ കൌചന രാമലക്ഷ്മണതയാ
ഭേധാ സ്ഥിതൌ മന്മഥൌ.
ത്രൈലോക്യത്തിലൊരോതരം തരുണരെ
ക്കണ്ടേനൊരുത്തനുമേ
മാലാറിപ്പതിനുള്ള ഭംഗിതികയെ
ക്കണ്ടീല കൊണ്ടീല ഞാൻ,
തൌ ലോകോത്തരകാന്തികന്ദളമിള-
ന്നേത്രോത്സവൌ കണ്ടുടൻ

ചേലേന്തുന്ന നിലാവിലിന്ദുശിലപോ
ലേ ചൊററലിഞ്ഞീടിനേൻ
വിണ്ണോരല്ല, മുനീന്ദ്രരല്ല, ദനുജ-
ന്മാരല്ല, യക്ഷൌഘമ-
ല്ലന്യേ കിന്നരനാഗകിമ്പുരുഷസി-
ദ്ധന്മാരുമല്ലാരുമേ
അന്യായം മയി ചെയ്തതൊട്ടുമനുക-
മ്പാശൂന്യചിത്തസ്ഥയോ-
രുന്നമ്രദ്യുതി ലക്ഷ്മണൻ കരതലേ
പോർവാളുമാലോലയൻ.

ധന്യാ തയോരരികിലുണ്ടിരുൾ കൊണ്ടൽമദ്ധ്യേ
മിന്നുന്ന മിന്നലൊടു നേരിടുമംഗരേഖാ,
തന്വംഗി കാഞ്ചന വിലോചനവിഭ്രമശ്രീ-
സന്നാഹവഞ്ചിതജഗത്രയധൈര്യസാരാ.

പൂവിൽപ്പെണ്ണിനുമില്ല താദൃശമഹോ
ലാവണ്യമെല്ലാരുമ-
ദ്ദേവസ്ത്രീകളവൾക്കു താളിപിഴിവാൻ
പോലും തരം പോരുമോ?
വേർ വാച്ചിടിന വിശ്വമംഗജനുമോ-
നഞ്ചമ്പുമായന്തികേ
കാവൽക്കാരനസൌ തദീയകൃപയാ
വെല്ലുന്നിതുവീതലം.
നിർമ്മര്യാദങ്ങളമ്മാണികളിരുവരുമായ്-
ച്ചെയ്തതെല്ലാം പൊറുക്കാം

കന്മം പോന്നീടിലോ ചെററതിനു പകരവും
വീണ്ടുകൊള്ളാമൊരുനാൾ.

ധമ്മില്ലംകൊണ്ടു മെല്ലെപ്പിഹിതവദന,മ-
ശ്ലോ തദാനീം ചിരിച്ചാ-
ളുമ്മല്ലാർവേണി, ചൊല്ലാമിതു മനസിപൊറാ-
യുന്നിതെല്ലായിലും മേ.

"കയ്യൂക്കിൻ വായ്പുകൊണ്ടാകുലിതഗിരിവരോ
രാവണോ നാമ ധീമാൻ
പൊയ്യല്ലെങ്ങാൻക്കിതിന്നുണ്ടുരപെറുമുടയോ"—
രെന്നു ഞാൻ ചൊന്നനേരം.
"കേശ്മൻ താൻ വന്നെതിക്കിൽചെറുമനെവിരവിൽ
പൂഴികപ്പിപ്പ്"നെന്നായ്.
കയ്യംകൊട്ടിച്ചിരിച്ചാനനുജ, നതു പൊറാ-
യുന്നിതെല്ലായിലും മേ.

ഒച്ചകൊള്ളുമഭിമാനിയെങ്കിൽ നീ
തച്ചുകൊന്നു തരികന്നരാധമെ൯.
ഇച്ഛയുണ്ടു മമ തിന്മതിന്നിളം-
പച്ചമാംസമനയോരനാദരം.
കണ്ടിവെന്നകുഴലാളെ നീ ബലാൽ
കൊണ്ടുപോന്നു കളയേണമഞ്ജസാ.
ഇണ്ടൽ തീരുവതുമല്ല, കണ്ണുനീർ
കണ്ടൊഴിഞ്ഞു മമ തന്മുഖാംബുജേ.

ഇങ്ങനെ സോദരിപ്രേരിതനായ രാവണൻ സീതാ

ഹരണത്തിനുള്ള ഉപായം ആലോചിച്ച്, മാരീചൻെറ അടുക്കൽ ചെന്നു തൻെറ ആഗമനപ്രയോജനം പറഞ്ഞപ്പോൾ മാരീചൻ പറഞ്ഞമറുപടി കേട്ട്, രജനീചരപരിവൃഢൻ.

"കോപം കലൎന്നിട ചുവന്നു മറിഞ്ഞനേത്ര-
വ്യാപാരവേപിതചരാചര"മാകുംവണ്ണം പറയുന്നതാണിതു്.

എന്നേ ഭോഷാ! മനുഷ്യപ്പുഴുവിനെ നിതരാം
പേടിയുണ്ടോ ഭവാനൊ-
ട്ടിന്നില്ലൌജസ്യം നടിച്ചീടിന നിശിചരവം-
ശത്തിലല്ലേ പിറന്നു?
വിണ്ണോർ നാഥൻ തൊഴും നമ്മെയുമഴകിതു നീ
പിന്നെ നിന്നെക്കണക്കെ
തന്നേ കല്പിച്ച ജല്പിച്ചതു, ജളജനമൂ-
ൎദ്ധാഭിഷിക്തോടസി പാർമേൽ.
ത്രൈലോക്യേ സൌരഭംകൊണ്ടധരപെരുകിന പീ-
നാപദാനക്കലമ്പൻ-
മാലാജാലങ്ങൾ തൂക്കും നിശിചരപെരുമാൾ
ഞാനിരിക്കേ വിശങ്കം.
നീലാളിക്കുന്നതെന്തങ്ങൊരു മനുജശിശ്ശും
വാനരത്തിൻ കിശോരം
പോലേ പേടിച്ച രാഷ്ട്രാദപി പിഴകി വനാ-
ന്തത്തെവന്നാശ്രയന്തം.

ഇങ്ങനെ മരീചരാവണന്മാരുടെ ഉക്തിപ്രത്യുക്തി

കൾ മുഴുവൻ ഉദ്ധരിച്ച് ഈ പ്രസ്താവനയെത്തന്നെ ഒരു ചംബൂകാവ്യമാക്കുന്നില്ല; ഇനി ജടായുവും രാവണനും തമ്മിലുള്ള സംഭാഷണത്തിൽ ഇതിലും രസോദ്രിക്തങ്ങളായ പദ്യങ്ങൾ വളരെയുണ്ട്. ശ്രീരാമൻ മാരീചവധം കഴിഞ്ഞു് ആശ്രമത്തിൽ മടങ്ങി വന്നപ്പോൾ സീതയെ കാണാഞ്ഞു ശോകാതുരനായിട്ട നേരെ കാണുന്ന പക്ഷിമൃഗാദികളോടും വൃക്ഷലതാദികളോടും സീതാവൃത്താന്തം ചോദിക്കുന്ന ഭാഗം ശോകരസം തുളുമ്പുന്ന ശ്ലോകങ്ങളെകൊണ്ടു വായനക്കാരെ കരയിക്കാതിരിക്കുന്നതല്ല. രാമലക്ഷ്മണന്മാർ ഇങ്ങനെ സീതാന്വേഷണം ചെയ്തു സഞ്ചരിക്കുമ്പോൾ "മൈഥിലീപക്ഷപാതം നിമിത്തം പക്ഷപാതം" സംഭവിച്ച് ആസന്നമൃത്യുവായിക്കിടക്കുന്ന ജടായുവിനെക്കണ്ടു സീതാവൃത്താന്തം അറിയുകയും ഭക്തവത്സലനായ ഭഗവാൻ "താനേ തൃക്കൈത്തലംകൊണ്ടണിചിറകുതലോടിത്തലോടി"ക്കൊണ്ടിരിക്കവേ ആ പ്പക്ഷിസാർവ്വഭൌമൻ "വാനോർ നാട്ടീന്നു താണീടിന കനകവിമാനം കരേറു"കയും ചെയ്യുന്നു. ആ അവസരത്തിൽ ജടായുവിനോടു ശ്രീരാമൻ പറയുന്നതായ ഒരു പദ്യമാണു താഴെചേൎക്കുന്നത്. അതിൻെറമൂലം ഒരു സംസ്കൃതപദ്യമാണ്. അതും ചംബൂകാരൻ ഉദ്ധരിച്ചിട്ടുണ്ട്. അതു രണ്ടും നോക്കിയാൽ ഈക്കവിയുടെ പരാവൎത്തനപാണ്ഡിത്യം സ്പഷ്ടമാകും.

മൂലം.

താത! ത്വം നിജതേജസൈവ ഗമിതഃ
സ്വൎഗ്ഗം നനു സ്വസ്തിതേ

ബ്രൂമസ്സാവധിമാം വധൂഹൃതികഥാം
        മാഭ്രാതുരഗ്രേ കൃഥാഃ
രാമോടഹം യദി കൈശ്ചിദേവ ദിവസൈസ—
        വ്വ്രീളാനമൽകന്ധരഃ
സാദ്ധം ബന്ധുജനൈശ്ച സേന്ദ്രവിജയീ
        വക്താസ്വയം രാവണഃ.

ഭാഷാ

സ്വർല്ലോകത്തിന്നു യാത്രാ സ്വയമുദയവതി
        താത! തേ സ്വസ്തി ഭൂയാൽ.
ചൊല്ലേണ്ടാ നീ വധൂടിഹൃതികഥ ജനക-
        സ്യാന്തികേ ചെന്നിരുന്നാൽ.
ചൊല്ലാം ഞാൻ രാമനെങ്കിൽ കതിപയദിവസൈ-
        രാവണൻ വന്നു താനേ
ചൊല്ലും മന്ദാക്ഷശാലി തലകളെ നമയ-
        ന്നന്വിതോ ബന്ധുജാലൈഃ

൪ —അംഗുലീയാങ്കം പ്രബന്ധത്തിൻെറ ആരംഭം:—
സുഗ്രീവാ!കാണിതഗ്രേ ദിശിദിശിവളരു-
        ന്നോരു കാർക്കാലഘോഷം
മൽകാന്താന്വേഷണത്തിന്നിതു ബത! വിഷമം
        കാലമാലോകയേഥാഃ
കിഷ്കിന്ധായാമിരുന്നാവൊളമിതിനവധിം
        പാക്കനീ ഞാനുമെന്നാ-
ലിക്കാലത്തെക്കഴിച്ചീടുവനിഹ മഹിതേ
        മാല്യവാന്തനുപാന്തേ.

എന്നുള്ള നിശ്ചയത്തോട കൂടിയാണ്. ഇതിൽ,

ഇത്ഥം നാനാപ്രകാരം വനഭുവികലിതോ-
 ന്മാദവേഗം പറഞ്ഞും
പ്രത്യക്ഷം കണ്ണുനീർവാൎത്തവശധൃതികര-
 ഞ്ഞും പിണഞ്ഞും വിമോഹം
മദ്ധ്യേ സൌമിത്രി ചെന്നങ്ങതിമൃദുവചനൈ-
 രാശ്വസിപ്പിച്ചുമച്ചെ-
ന്റുത്താപം പൂണ്ടുമയ്യോ രഘുവരവിരഹാ-
 തങ്കമെന്തൊന്നു ചൊൽവൂ.

എന്നുവരെയുള്ള ഭാഗത്തിൽ സീതാ വിരഹാതുരനായ രാമന്റെ അവസ്ഥയെ ഗദ്യപദ്യങ്ങളെക്കൊണ്ടു വൎണ്ണിച്ചിരിക്കുന്നതു 'വിക്രമോൎവ്വശിയം' നാലാമങ്കത്തിന്റെ പകൎപ്പുപോലെയാണെങ്കിലും സാരസ്യംകൊണ്ടു വളരെ പുതുക്കിയിരിക്കുന്നു. അതു കഴിഞ്ഞിട്ടു 'സേതുബന്ധം' എന്ന കാവ്യത്തിൽ നിന്നെടുത്തുചേൎത്തിരിക്കുന്ന മൂന്നു പ്രാകൃതപദ്യങ്ങളെക്കൊണ്ടും,

തെളിഞ്ഞൂ ദിക്പാളീ സരസിക-
 ളിലംഭോരുഹകുലം
വിരിഞ്ഞൂ പൂന്തേനിൽ കൊതിയോടു-
 മലഞ്ഞൂ മധുകരം,
കുറഞ്ഞൂ മേഘച്ഛാൎത്തധിഗഗ-
 നമേററം തെളിമകൊ-
ണ്ടണിഞ്ഞൂ ചന്ദ്രാൎക്കൌ ശിവ ശിവ!
 ശരൽക്കാലമഹിമാ.

എന്ന ഒരു ഭാഷാശ്ലോകംകൊണ്ടും ശരദാഗമം വൎണ്ണിക്കു ന്നു. അനന്തരം സുഗ്രീവാജ്ഞാകരന്മാരായ 'ജാംബവദം ഗദഹനുമൽപ്രമുഖ'ന്മാരായ വാനരപുംഗവന്മാർ "സീ താന്വേഷണം ചെയ്തു ദക്ഷിണസമുദ്രതീരത്തിൽ ചെന്നു, സമ്പാതിവാക്യത്താൽ അംഭോധിമദ്ധ്യത്തിലുള്ള ലങ്കാന ഗരിയിലാണു സീതാവാസമെന്നറിഞ്ഞു സമുദ്രലംഘനം ചെയ്വാൻ സമുദ്യുക്തന്മാരായ സമയം അവരിൽ ആരും അതിനു ശക്തന്മാരല്ലെന്നു കണ്ടു, പൂൎവ്വകഥാപ്രസംഗത്തു ചൊണ—

കൊണ്ടാടിക്കൊണ്ടിവൎണ്ണം ബുധജനമകുടം
ജാംബവാൻ ചൊന്നവാചാ.
കണ്ടാത്മതത്വം കളഞ്ഞുഞ്ചിതരുചി ഹനുമ-
ദ്വക്ത്രപത്മം ചകാശേ
പണ്ടേതിൽ പത്തിരട്ടിച്ചുദിതമൊരുബലാ-
ധിക്യ,മയ്യാ മഴക്കാർ
കൊണ്ടുണ്ടാം മൂടൽ നീങ്ങും പൊഴുതു പുകൾപെട്ടും
ഭാനുമാനെന്നപോലെ.
ഉത്സാഹം കൺമിഴിച്ചു, മുറുവലൊളി തുട
ന്നു, ഭുജാവിശ്ചുമച്ചെ-
രുത്ഥാനം ചെയ്തിതയ്യാ, വിനയമതിർകട-
ന്നാഭിരാമ്യം വളൎന്നു
ബുദ്ധ്യുന്മേഷം തഴച്ചു, ചെറുതുകളികളി-
പ്പാനൊരുമ്പെട്ടെഴുന്നു,
ചിത്രം ചിത്രം തദാനീം വിജിതഖഗവരം
വേഗസാരം തദീയം.

എന്നുള്ള ഹനൂമൽപ്രഭാവവൎണ്ണനയും, അതിനെ തുടൎന്ന്,

അഥ ജാംബവതോ വിനമ്യ പാദൌ
തദനുജ്ഞാനവതംസിതോത്തമാംഗഃ.
സരിതാം കമിതുൎവ്വിലംഘനായ
ത്വരമാണാം മതിമാദധേ ഹനൂമാൻ.

കിഷ്കിന്ധായുവരാജനോടൊരു നിയോ
ഗം പൂണ്ടുടൻ നീലനോ-
ടഗ്രേ യാത്ര പറഞ്ഞു വാനരഗണം
നോക്കിച്ചിരിച്ചങ്ങിനെ.
രക്ഷോവംശദവാഗ്നി പിന്നെ ഹനുമാൻ
മങ്ക്ഷൂ മഹേന്ദ്രാചലേ
ലക്ഷ്മീവാനുദയാദ്രിമേൽ ദിനകരൻ
പോലേ കരേറീടിനാൻ.

ചാരു കൈതൊഴുതതന്ദ്രമഞ്ജനാ-
മാരുതൌ സപദി തൌ മഹാമനാഃ.
പാരിലുള്ള ജനമാശു കേൾക്കുമാ-
റാരവന്നിതി ജഗാദ മാരുതിഃ.

“രക്ഷോനാഥേന നീതാം ജനകകുലശിഖാ-
മാലികാം കണ്ടുപോയ്ചെ-
ന്നഗ്രേ ശ്രീരാമദേവൻതിരുവടിയോടുണ-
ൎത്തീടുവാൻ തദ്വിശേഷം
ഉഗ്രാകാരം കടപ്പാനുദധിമിത തുട-
ങ്ങുന്നിതിഞ്ഞാൻ വിനമ്രേ

സുഗ്രീവാജ്ഞാവതംസപ്പൂതുമലർമണവും
ചേൎത്തുകൊണ്ടുത്തമാംഗേ.
ഇപ്രകാരം ഉച്ചത്തിൽ പ്രതിജ്ഞയും,
കോസലേന്ദ്രതനയാ സുവൎണ്ണലതമേലു-
ലാവിന പയോധര-
സ്ഫീതമഞ്ജരിയിൽനിന്നു പാൽമധുനുകൎന്നു
മത്തമധുപായിതം
വാസിതം ജനകനന്ദനാസ്തനവിലേപ
മേളനവശാന്മമ
പ്രാദുരസ്തു മതിദപ്പണേ മരണരോഗ
ഹാരിപര! മൌഷധം. (ദൈവതം)
കാതിടഞ്ഞ മിഴിതന്നിൽനിന്നു വഴിയുന്ന
സാന്ദ്രകരുണാമൃതാം-
ഭോധിതൻ നടുവിൽ പാണ്ഡ്മയം മധുപമിണ്ണ-
ഴം തിരുമുഖാംബുജം.
കാതലേറുമൊരു ധിരതാമണിനികേത
നം ദശരഥപ്രിയം
പ്രാദുരസ്തു മതിദപ്പണേ മരണരോഗ-
ഹാരിപരമൌഷധം.
ഇങ്ങനെ ഒരു പ്രാൎത്ഥനാസപ്തകവും കഴിച്ചിട്ടു, പ്ലവനകൎമ്മത്തിൽ ഉദ്യുതനായ ഹനൂമാൻെറ അവസ്ഥയെ വൎണ്ണിക്കുന്നു.

ഇത്ഥം വാദി ഹനൂമാൻ മറുകര പിടിപെ-
ട്ടോരു ദൃഷ്ട്യാ നിതാന്തം
പൃഥ്വീമംഭോധിവേലാം ധൃതിനിധി സഹസാ
നീളെയൊന്നാലുലോകേ

, അത്യന്തം നീലമേതന്മിഴിനിഴൽ വരുവാൻ
പാത്തിരിക്കുന്ന സേതു-
പ്രസ്താവത്തിന്നുമുമ്പേ പൊലിമയൊടൊരുന്തു-
ലിട്ടപോലേ ചമഞ്ഞു.

കാണെക്കാണെ വളൎന്നിതക്കപിവൃഷാ
പശ്യൻ ദിശം ദക്ഷിണാം
ഭാനുദണ്ഡപമുദിച്ചുവണ്ണമിളകീ
തസ്യാവലോകങ്ങളും.
മാനപ്രോത്ഭടമുന്നതം ഹനുമതോ
വാലാഗ്രലീലായിതം
മാനത്തമ്പെഴുമമ്പർവാപി തിരത-
ല്ലുംവണ്ണമാന്ദോളിതം.

ഗാഢം മുൻകൈ പതിച്ചുങ്ങുദധി മറുകരെ
ച്ചാടുവാൻ മൎക്കടനാം
പ്രൌഢൻ താഴേപതിഞ്ഞമ്പൊടു ചുവടുമുറ-
ച്ചൂന്നിനിന്നോരുനേരം
പാടേ താങ്ങീടവല്ലാഞ്ഞഗവുമവനിയും
ദിഗ്ഗജൌഘങ്ങളും വാർ-
ത്തേടും നാഗേന്ദ്രനും നൽക്കമഠപരിവൃഢൻ
താനുമൊന്നങ്ങമൎന്നു.

സമുദ്രലംഘനംചെയ്തു ഹനുമാൻ ലങ്കാനഗരിയു
ടെ ഉത്തരഗോപുരത്തിലിറങ്ങി 'തന്വകൃതതനു'വായി
ട്ടു സൂൎയ്യാസ്തമയവും കാത്തിരിക്കുമ്പോൾ ഉണ്ടായ അ

ന്ധകാരത്തിന്റെ വ്യാപ്തിയേയും വഴിയേ സംഭവിച്ച ച
ന്ദ്രോദയത്തേയും വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

കാളീകായകളായകാളിയകളി-
ന്ദാപത്യകസ്തൂരികാ-
കാന്താകുന്തളകാളികാകരംഘടാ
കാലാരി കണ്ഠോപമൈഃ
സാന്ദ്രൈഃ സന്തമസൈസ്സമം സമുദിതാ
സ്സന്ധ്യാവസാനേ തത
സ്താരാശ്ചാപി സമന്തതഃ സ്ഫുടതരം
ബഭ്രാജിരേടഭ്രാജിരേ.

അന്നേരം മന്ദമന്ദം വിമല കുളിർനിലാ-
വായ മാലേയപങ്ക
ന്യന്ദം കൊണ്ടൊക്കെ മേളിച്ചൊരുതെളിമ ദിശാം
യോഷിതാമാദധാനം.
മിന്നും പ്രാചിവധൂടിക്കുഴകല്ലുടനണി-
ഞ്ഞൊരു പൊന്താലിപോലേ
നന്നായ് മേളം കലൎന്നൊന്ദവമുദയഗിരൌ
മണ്ഡലം പ്രാദുരാസിൽ.

ഉൽപ്ലമയത്ത ഹനുമാൻ,—

എന്നിവൎണ്ണം നടന്നങ്ങവിടെയവിടെയാ-
രാഞ്ഞുനോക്കും ദശായാം
മിന്നും പ്രത്യഗ്രരത്നദ്യുതികബളിതദി-
ങ്മണ്ഡലം കണ്ടുകാണ്ഡേ

ധന്യശ്രീ വിശ്വപങ്കേരുഹമുഴമതി ല-
　　ങ്കേശ്വരൻ താനിരിക്കും
പൊന്നിൻ പ്രാസാദമഗ്രേ തെളിവിനൊടു കരേ-
　　റിടിനാനൂഢധൈര്യം.

ആരാഞ്ഞു മൈഥിലസുതാം ദശകണ്ഠഗേഹേ
ശ്രീരാമദൂതനഥ വന്ധ്യമനോരഥോഽസൌ.
നേരേ നിരാകുലമിറങ്ങി ബഹുദ്രുമാഢ്യാ-
മാരാമഭൂമിമതിസൌരഭിണീം ജഗാഹേ.

രമ്യാം കാഞ്ചനകാഞ്ചനീമയമുപാ-
　　രൂഢോ മഹാശിംശപാം
തന്മൂലേ രഘുനാഥധർമ്മഗൃഹിണീം
　　കണ്ടാനകുണ്ഠാദരം
ജന്മാതങ്കശമായ ചിദ്രസകലാം
　　സൌഷുപ്തമൂലേ പരാം
നിർമ്മായാമൃതരൂപിണീം മുനിവരൻ
　　കാണുന്നപോലേ തദാ.

ഇനി അഞ്ചു ശ്ലോകംകൊണ്ടു സീതാദേവിയുടെ തല്ക്കാലാവസ്ഥയെ വർണ്ണിക്കുന്നതുകൂടി ഇവിടെ പകർത്തേണ്ടതാണെങ്കിലും വിസ്തരഭയത്താൽ അങ്ങനെ ചെയ്യുന്നില്ല.

൭. ഉദ്യാനപ്രവേശം. ഇതു് 'ആശ്ചര്യചൂഡാമണി' നാടകത്തിൽ 'അശോകവനികാങ്കം' എന്ന അഞ്ചാമങ്ക

ത്തെ ചാക്യാന്മാർ അഭിനയിക്കുന്ന രീതിയിൽ വിസ്തരിച്ച് ഒരു പ്രബന്ധമാക്കിയിരിക്കുന്നതാണ്.

വൈദേഹിം നിറമാന്നശോകവനികാ-
മധ്യേ നിധായസ്മരോ-
ന്മാദീ രാക്ഷസചക്രവൎത്തി സഹസാ
സമ്പ്രാപ്യ ശയ്യാഗൃഹം
ജാതാനന്ദമണഞ്ഞെഴിഞ്ഞനുസരി-
പ്പാനെന്തുപായം നമു-
ക്കേതേനും പുനരെന്നു സന്തതമസൌ
ചിന്തിച്ചിരുന്നീടിനാൻ.

എന്നാരംഭിച്ച്,

ലങ്കാധീശൻ തദാനീം പലപരിചു നിരൂ-
പിച്ചുകണ്ടദ്ധരാത്രേ
ശൃംഗാരക്കോപ്പു വാങ്ങിച്ചിനിയ ജനകജാ-
സന്നിധൌ ചെന്നശങ്കം
സംഗംചേൎക്കുന്ന നാനാവിധമധുരവചോ-
വൈഭവൈരാശപസിപ്പി-
ച്ചംഗീകൎത്തവ്യമിന്നേ പുനരിതി സുദൃഢം
കല്പയാമാസ ഗൂഢം.

ഇങ്ങനെ നിശ്ചയിച്ചുറച്ച്, അതിനു വേണ്ടുന്ന ഒരുക്കങ്ങളോടുകൂടി പുറപ്പെട്ട്,

ആലോലാകൃതി രാക്ഷസാധിപതിതാൻ
ശുദ്ധോദരേ ശിംശപാ-
മൂലേ ചെന്നു മനോഭവന്നു മനസാ
നേൻ്റാശു മാരോത്സവം.
നീലാംഭോദചയോപമോ വെറുനില-
ത്താമ്മാറുനിശ്ശങ്കമാ-
യോലക്കത്തിൽ വിദേഹരാജതനയാം
മുന്നിട്ടിരുന്നിടിനാൻ.

അപ്പോൾ—
സീതാ, നീലപ്പനംപൂക്കുലയൊടെതിരിടും
കൈശികേ ഗാത്രവല്ലീ-
മാത്രാംമൂടി പാടീടിന കരതളിർകൊ-
ണ്ടാനനം ഛാദയന്തി
നാഥം ചേതോഭിരാമം ദശരഥതനയം
ഭാവയന്തി വിഭിന്ന-
സ്വേദാർദ്രാകുഞ്ചിതാംഗീ സഭയമുടനിരു-
ന്നീടിനാളുദ്ധഖേദം.

അന്നേരം ചുററുമുററായമരപുരചകോ-
രാക്ഷിമാരങ്ങുമിങ്ങും
നിന്നു കൺകൊണ്ടു സീതാമിടയിടെ വടിവോ-
ടാശ്വസിപ്പിച്ചു ദൂരേ

പൊന്നുംതളിഗാക്കിലാമ്മാറതിസുരഭിലമാ-
　　പൃഷ്ഠ താംബൂലമന്യൈ
ഖിന്നാത്മാ കാഴ്ചയുംവെച്ചസകലപദനി-
　　ഷ്യന്ദിനീം വാചമൂചേ.

ത്രൈലോക്യസുന്ദരി! മനോഭവവീരമാലേ!
നീലാരവിന്ദമിഴി! നിൎമ്മലഗാത്രരേഖേ!
ലീലാനിധേ! സുരതകൈരവ ചന്ദ്രികേ! നീ
മാലാശു തീൎത്തരുൾ വിദേഹസുതേ! മദീയം.

എന്നിത്യാദിയായി,

ശുഗ്രീവൻ ഭ്രാന്ത്യാ പലവഴി പറഞ്ഞോരളവഹോ
വശം കെട്ടത്യന്തം തരളമിഴി നിൎണ്ണിയമനസാ
കചാഗ്രൈരാച്ഛാദ്യ പ്രകൃതിമധുരം വക്ത്രകമലം
വചോ മന്ദം മന്ദം ജനകതനയാ വ്യാഹരദിദം.

നിനക്കു ജീവിക്കയിലുണ്ടൊരാശ
മനസ്സിലെങ്കിൽ കഴിവുണ്ടിദാനീം
അനൎത്ഥമില്ലന്നെയെടുത്തു നേരേ
വനത്തിലാക്കിത്തൊഴു രാമചന്ദ്രം

　ചൊല്ലേണം നല്ലതെല്ലാരോടു മിനിവിരവോ-
　　ടെന്നെയും കൊണ്ടുപോമെല്ലെ
ചൊല്ലു വല്ലായ്മ ചൊല്ലു ചരണതളിരടു-
　　ത്താംപ്രകാരം വണങ്ങൂ
കല്യാണാവാസമപ്പോളയി മമ കമിതാ
　　രാമഭദ്രോ ദയാൎദ്രൈ-

രുല്ലോരലൈ ദൃഷ്ടിപാതെ രഭയമരുളുമി-
ല്ലേതുമേ സംശയം മേ

ഇങ്ങനെ സീതാവാക്യം കേട്ടപ്പോൾ രാവണൻ, ഭേദോ
പായം പ്രയോഗിക്കുന്നതു നോക്കുക:—

രാമൻ പാത്താൽ മനുഷ്യപ്പുഴ, രജനിചരാ-
ധീശ്വരൻ ഞാൻ, കൊടുങ്കാ-
ടാവാസസ്ഥാനമോത്താലവനാഴകിയല-
ങ്കാപുരി മാദൃശാനാം.
സാമാന്യം തുയമൃമ്പട്ടുകളുടുപുടവ-
ച്ചാത്ത, വന്നങ്ങുടപ്പാൻ
പാർമേൽ പാരുഷ്യമേലും മരവുരി, ദയിതേ!
ഞങ്ങളിൽ കാൺകഭേദം
ശ്രീകൈലാസേ, സുമേരൌ, സുരമിഥുനമനോ-
നന്ദനേ നന്ദനേ, ഭൂ-
ലോകേ, പാതാളലോകങ്ങളി, ലുദയഗിരൌ,
ചന്ദനോദ്യാനമാഗ്ഗേ.
ആകാശേ, ദുഗ്ദ്ധസിന്ധൌ, ഹിമശിഖരിതടേ,
ഞാനുമാസ്സേളി ചെയ്യാ-
മേകാന്തേ ഹന്ത കാന്തേ! രഘുതനയപിശാ-
ചെന്തു മിണ്ടാഞ്ഞെടോ നീ
നിത്യം നിത്യം പ്രഭാതേ സജലജലധര-
ധ്വാനഗംഭീരമോരോ
പൊത്തൻ വാദിത്രഘോഷം രജനിചരവധൂ-
ഗീതിഭേദാനുയാതം.

മദ്ധ്യേ മദ്ധ്യേ മുഴങ്ങും ജയബിരുദമഹാ-
ശംഖസംഘാതമന്ദ്രം
മുഗ്ദ്ധേ! പാൎക്കേണമേ നീ ദശമുഖപദവി-
സൌരഭം ചാരുശീലേ!
പ്രത്യുഷേ മൂളുമുമൻ പെരിയപരുവമേ-
ലേറി ദാത്യൂഹസംഘം
ബദ്ധാമോദം ചിലയ്ക്കും പലതരമെരിവാ
വാവിട്ടും ഘോരഘോരം.
മത്താ ബാലാനരുമ്മും വലിയ ചിലമര-
ന്മേൽപ്പലിക്കൂട്ടമയ്യാ
മുഗ്ദ്ധേ! ചിവീടഴയ്ക്കും ദശരഥതനയ-
പ്രാഭവം നന്നൊരോന്നേ,,
മുങ്ങിപ്പൊങ്ങീട്ടമൈരാവതമദമലിനേ
ദിവ്യ ഗംഗാപ്രവാഹേ
ഭംഗ്യാ സീതേ! കുളിക്കാ,മമരതരു തരും
വാസസി മാനനീയേ,
ശംഖധ്വാനാഭിരാമം ഗമന, മതിമനോ
ഹാരി തേവാരലക്ഷ്മീ-
രംഗം മാണിക്യരത്നോപലമയ, മമലേ!
മാമകീനം പ്രഭാവം,,
കാട്ടാനച്ചൂർ കലന്നീടിന കലുഷജലേ
പലപലേകട്ടമാർദ്രേ

മാട്ടിന്മേൽനിന്നുരുണ്ടിടിനകഠിനകപാ-
ലാകുലേ സ്നാനകേളി·

വാട്ടം തട്ടാതവസ്ത്രം മരവുരി, തുണക്കു-
ളീഗണം, വൻപിശാചിൻ

കൂട്ടം തോഴാരിവൃന്ദം, ദശരഥതനയ-
പ്രാഭവം നന്നൊരോന്നേ,

ഉൺമാൻ കമ്രാംഗി! പൊന്നിൻതളികക,ളുപദം-
ശങ്ങളോരോന്നുമമ്മാ

രമ്യം ഗാനം പയോജപ്രതികൃതിവദനേ!
പത്തുമുന്നൂറു ഭേദം.

പൊന്മാടത്തിന്നുമേലേ മണിനിലയിലിരി-
പ്പാലവട്ടം പിടിപ്പാൻ

പൊന്മാനേൽക്കണ്ണിമാരുണ്ടനവധി, സുഖമോ-
ത്തിട്ടസിതേ! തദാനീം.

കഷ്ടം കാട്ടാവണക്കിന്നിലയിലശനം, മ-
ട്ടുച്ച കോക്കാനിവരോ-

ച്ചിട്ടിട്ടത്യന്തഹൃദ്യം കറി, ചെറുതകര-
ച്ചാറു പാനീയസാരം,

നഷ്ടാശങ്കം തരുണാം കരലിലുടനിരി-
പ്പ,ങ്ങുമിങ്ങും നരച്ചിൽ

വട്ടത്തിൽപ്പാഞ്ഞു വീഴും, തവ സഹചരനോ
ത്തിട്ട സീതേ! വിശേഷം.

ഈ ശ്ലോകങ്ങളിലെ ഭാഷാരീതിയും കവിതാചാതുൎയ്യവും സഹൃദയന്മാക്ക് ആസ്വാദ്യമായിരിക്കുമെന്നു വിചാരിച്ചു മാത്രമാണ് ഈ ഭാഗം ഇത്രത്തോളം നീട്ടി പിടിച്ചത്. ഇനി, ഇപ്രകാരം കാമകിങ്കരനും ചപലനുമായ ആ രാക്ഷസചക്രവൎത്തിയുടെ ഭീഷണികൾക്ക്, ആകുല സ്ത്രീരത്നവും വീരപത്നിയുമായ ദേവി, അൎത്ഥഗംഭീരവും മിതാക്ഷരവുമായിട്ടു പറയുന്ന മറുവടിയും കൂടി ഇവിടെ കാണിച്ച് ഈ ഭാഗം അവസാനിപ്പിക്കാം.

ഇത്ഥം നിശാചരപതേൎവ്വചനം നിശമ്യ
ക്രുദ്ധാ വിദേഹതനയാ വിദയം ബഭാഷേ.
"നേകത്തഞ്ചരാധിപ! ഫലം കിമു വാക്പ്രപഞ്ചൈ
രെത്തും നിനക്കിതു നിമിത്തമനൎത്ഥജാലം
ഓക്കേണം നീ നടേ നിൻകുലതിലകമയം
താടകാം, പിന്നെയുണ്ടോ-
ന്നോൎക്കേണ്ടൂ തത്തനൂജൌ മുനിമഖമഥനൌ
തം വിരാധം കബന്ധം,
ആക്കാം കോലും ഖരം, ദൂഷണ, മിതമൊടു മാ-
രീച, മെന്നായിദാനീം
നീക്കം ചെറ്റില്ല നേരേ ദശരഥസുതനോ-
ടാരെതിൎക്കുന്നതോൎത്താൽ?
ഇരുപതു ചെവികൊണ്ടും മദ്ധ്യമാനാൎണ്ണവത്തോ-
ടുരപൊരുമൊരു ഘോഷം കേൾക്കുമാറുണ്ടശങ്കം.
തിറവിയ രഘുനാഥജ്യാനിനാദം തദാനി-
മറിവു മുഴവനുണ്ടാം നല്ലതും തീയതും തേ.

ഇങ്ങനെ പ്രസന്നഗംഭീരങ്ങളും പ്രൌഢോജ്വലങ്ങളുമായ ഗദ്യപദ്യങ്ങളെകൊണ്ടു സമ്പൂൎണ്ണമായ ഭാഷാചമ്പൂഗ്രന്ഥങ്ങളിൽ അപരിചിതന്മാരായ ഭാഷാഭിമാനികളെ ഭാഷാസാഹിത്യവനിതയുടെ സൌന്ദൎയ്യദൎശനത്തിൽ അന്ധന്മാരെന്നുതന്നെ പറയേണ്ടതാകുന്നു.

തൃപ്പൂണിത്തുറെ ഈടുവയ്പ്പു ഗ്രന്ഥശാലയിൽനിന്നു കിട്ടിയതും, ഇരുപതിലധികം ഭാഷാപ്രബന്ധങ്ങൾ അടങ്ങിയതും, വളരെപ്പഴക്കംചെന്നു ദ്രവിച്ചു തുടങ്ങിയതുമായ ഒരു താളിയോല ഗ്രന്ഥമാണ് ഇവയുടെ മാതൃക. അതിലെ കയ്യെഴുത്തിന്റെ അവ്യക്തതകൊണ്ടും ഏടുകളുടെ പഴക്കംകൊണ്ടും ലേഖകപ്രമാദംകൊണ്ടും ഇതിൽ അച്ചടിത്തെററുകൊണ്ടും അവിടവിടെച്ചില അബദ്ധങ്ങൾവന്നിട്ടുള്ളതിനു വായനക്കാരോടു ക്ഷമായാചനം ചെയ്യുകയല്ലാതെ ഗത്യന്തരമില്ല.

സംസ്കൃതപണ്ഡിതന്മാരല്ലാത്ത സാധാരണ വായനക്കാൎക്കു ഭാഷാകാഠിന്യം നിമിത്തം അൎത്ഥം മനസ്സിലാവാൻ പ്രയാസമുള്ള ഭാഗങ്ങളിൽ ഓരോ ചുരുങ്ങിയ വ്യാഖ്യാനവുംകൂടി പുസ്തകങ്ങളുടെ ഒടുവിൽ കൊടുത്തിട്ടുണ്ട്. ആ വ്യാഖ്യാനമെഴുതുന്ന അവസരത്തിൽ പല ശ്ലോകങ്ങളുടെയും അൎത്ഥത്തിൽ എനിക്കുണ്ടായ സന്ദേഹങ്ങളെ പരിഹരിച്ചു സഹായിച്ചുതന്ന സംസ്കൃതപണ്ഡിതർ ബ്രഹ്മശ്രീ പി. എസ്സ്. അനന്തനാരായണശാസ്ത്രികൾ അവർകളോടും, വ്യാഖ്യാനം എഴുതുവാൻ സഹകരിച്ച മലയാളപണ്ഡിതർ മ. രാ. രാ. പി. കൃഷ്ണൻ

എളയത്തു് അവർകളോടും, വിദ്വാൻ മ. രാ. രാ. ജി. ശങ്കരക്കുറുപ്പ് അവർകളോടും എനിക്കുള്ള ജ്ഞാനാനുബന്ധത്തെ കൃതജ്ഞതാപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ കമ്മററിയിൽനിന്നു് ഇതുവരെ പ്രസിദ്ധപ്പെടുത്തിട്ടുള്ള പലപുസ്തകങ്ങളെയും, കമ്മിററിയുടെ നിർദ്ദേശം അനുസരിച്ചു യഥാവസരം ഭംഗിയായി അച്ചടിച്ചു തന്നിട്ടുള്ള 'മംഗളോദയം' അച്ചുകൂടം, 'രാമാനുജ'മുദ്രാലയം ഇവയുടെ ഭാരവാഹികളോടു് ഈ കമ്മററിക്കുള്ള മൈത്രിയേയും ഈ അവസരത്തിൽ സാദരം പ്രകാശിപ്പിക്കുന്നു.

ഭാഷാപരിഷ്കരണ
കമ്മിററി ആപ്പീസ്.
൧൦—൬—൧൦൯.

കെ. പരമേശ്വരമേനോൻ.
പണ്ഡിതർ.

# ശുദ്ധിപത്രം.

| ഭാഗം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 3 | 4 | തിമിംഗല | തിമിംഗില |
| ,, | 5 | ഘൃണ്ണന | ഘൂർണ്ണന |
| ,, | 13 | ദ്വിപേ | ദ്വീപേ |
| ,, | ,, | മല്ലകി | മല്ലിക |
| ,, | 23 | നീള | നീളെ |
| ,, | 24 | ളിയന്നു | ളിയന്ന |
| 6 | 7 | വിഷയൈക | വിജയൈക |
| 7 | 18 | രശ്ചി | രശ്മി |
| 8 | 2 | മലിത | മീലിത |
| ,, | 6 | ഉത്താപ്യ | ഉത്ഥാപ്യ |
| ,, | 24 | വൃക്ഷൌഘങ്ങളും | വൃക്ഷൌഘത്തുള്ള |
| 14 | 18 | വമ്പാർ | വമ്പാൽ |
| 15 | 4 | ലിരു | ലിര |
| 16 | 8 | കളേന | കന്ദളേന |
| ,, | ,, | പതന | തപന |
| ,, | 18 | ക്ഷേപണ | ക്ഷേപേണ |
| 17 | 10 | കുളതാ | ജളതാ |
| 19 | 14 | പരനായ് | പരരായ് |
| ,, | 22 | ലതികമേൽ- | ലതികയാ- |
| ,, | 23 | വിക്ഷ്യ | ക്ഷീണ |
| 20 | 19 | വാസവാദ്യാഃ | വാസവാദ്യാ |
| 21 | 23 | ദ്യുകുതംസ | ദ്യുത്തംസ |
| 22 | 2 | ഭാജാ | ഭാജോ |
| ,, | 4 | മണിഞ്ഞു | മഴിഞ്ഞു |
| 23 | 19 | പ്രാചി | പ്രാകി |

# ഉത്തരരാമായണം.

## ഭാഷാചമ്പൂപ്രബന്ധം

### രാവണോദ്ഭവം.

ഹരിഃ ശ്രീഗണപതയെ നമഃ അവിഘ്നമസ്തു.

---

വാടീടായ്യുന്ന രാഗം മുഹുരപി വളരും
ചാരുചെന്താരിൽമാതിൻ
ഗാഢാശ്ലേഷേഷു മേന്മേലിടയിലിടയിലാ-
നന്ദമൂർച്ഛാം ദധാനം
ആടിടും വൈജയന്തീസുരഭിലവിപുലോ-
രസ്ഥലം ചിത്തകാമ്പിൽ
തേടുന്നേ നിന്ദുചൂഡാദിഭിരപി മനസാ
വന്ദനീയം മുകുന്ദം ൧

വാരാന്നാസ്ഥാനരംഗേ ചിരവിലിവിടെ
വന്നിങ്ങിനേ നമ്മിലെത്തും
നേരം തോഷാവിളങ്ങും മമ മനസി സഭാ
കമ്പിതാ വൻപ്രസാദം
ക്ഷീരാബ്ധൌ രാവണോപദ്രവവിവശതയാ
ചെന്നു നാരായണോക്തിം
നേരേ കേൾക്കുംവിധൌ പണ്ടമരപരിഷദാ-
മുള്ളിലുണ്ടായപോലെ ൨

പൊൽത്താർമാതിൻമുഖശ്രീമധുരിമകണ്ണിക
ണ്ടിട്ടുവാൻ യോഗനിദ്രാ-
മുദ്രാം കൈക്കൊണ്ടു മേളംതടവുമൊരു ഭുജം-
ഗേന്ദ്രപല്യങ്കരംഗേ
ദുഗ്ദ്ധാംഭോരാശിമദ്ധ്യേ വിധിഗിരിശമഹേ-
ന്ദ്രാദിവൃന്ദാരകൌഘം
നിത്യം നിത്യം വണങ്ങും ത്രിഭുവനപെരുമാൾ-
കാന്തിസീമാ സമിന്ധേ. ൨

ഗാഢം പാലാഴിമാതിൻ കുളുർമുല തിരുമാ-
റത്തു ചേർത്താകുലത്വം
കൂടാതെ ഭോഗിശയ്യാതലഭുവി സുഖമേ
യോഗനിദ്രോത്സുകാത്മാ
പ്രൗഢാഭോഗം കടാക്ഷാഞ്ചലപരിചലനം-
കൊണ്ടു പാരേഴുരണ്ടും
പാടേ പാലിച്ചുകൊണ്ടപ്പരമപുരുഷന-
ദ്ധ്യാസ്തേ ദുഗ്ദ്ധാംബുരാശിം. ൩

വൈകുണ്ഠൻ തൻപ്രഭാവങ്ങളുമതുലതകൈ-
ക്കൊണ്ട വൈകുണ്ഠലോകേ
വാർകൊണ്ടീടും വിശേഷങ്ങളുമറിവരപ-
ല്യംകവും പ്രൗഢിയാളും,
മാഴ്കീടായുന്ന പാലാഴിയുമഴകിയ പ-
ക്ഷീന്ദ്രനും ഭക്തിഭാജാ-
മേകാന്താനന്ദവും ശീതവുമില്ലകിനവാ
ദ്യങ്ങളും വാഴ്ത്തവല്ലേൻ. ൪

ഗദ്യം—പെരികെവളൎന്നു വളൎക്ഷതതേടിന കൈലാസാ
ദ്രി പരമ്പരപോലെ മേലേ മേലേ പോന്നു വരുന്ന തരം
ഗചയങ്ങളിലിടകലരുന്ന തിമിംഗലതിമിമുഖമകരാ
ല്യൎണ്ണനഘോഷാ കൎണ്ണനബാധിരദിശാഗജചിഢുരവിരാ
വെരുലകുമുഴങ്ങി പ്രകൃതി പുഴങ്ങി ത്രിഭുവനനൈൎദ്ധന്യ
ക്ഷയദക്ഷാലക്ഷ്മിമാതും ജഗദഗദങ്കാരോത്തമനാകിയ
ധന്വന്തരിയും ചിന്തിതമേകിന ചിന്താമണിയും മി
ന്നും മണിതതി പൂവാടയുമപ്പൊന്നും പൂത്ത സുരദ്രുമത
തിയും പാവനസുരഭിലചരിതാ സുരഭിയുമമിതരസോ
ത്തരമമൃതസ്യന്ദചുമിത്തരമുള്ള പദാൎത്ഥങ്ങൾക്കൊരു മു
ഖ്യാകരമായ് ചിഖ്യാതശ്രീ വിലസും മംഗലകലശപയോ
ധൌ ജഗതീദ്വീപേ മഹതി ദിവേ മാലതി മല്ലികി ചെ
ങ്ങഴി നീരയാമ്പലൊരാമ്പൽ നറുന്താമരയും നൈതല
ശോകം കൈതത്തുടങ്ങിന കുസുമവിശേഷം തടവി ത്ത
ടവി ത്തുളസിപരിമളമിടയിടെമാനിച്ചുജ്ജ്വലമഹിമാ മ
ലയസമീരണനാനന്ദ നടിക്കുന്നാരാമത്തിൽ നിറഞ്ഞൊട്ട
ലാവിന വാനോൎത്തരുവരപംക്തികൾ പൂഴം മരുവി മ
നോജ്ഞമദ്ധ്യവിഭാഗേ സുരമുനിചാരണകിന്നരപന്ന
ഗയക്ഷപ്രമുഖനഭശ്ചാരിവരമുപശ്രുതഗീത, മുദിക്ഷിത
നൃത്ത,മുദഞ്ചിതകൗതുക,മുപാദ്ദതനൎമ്മാസാദര, മപ്പോ
ഴപ്പോൾ കനകമഹാപഥവീഥിചത്വാവീഥികൾതോറും
നീളനടന്നും ലോകാലോകഗിരീന്ദ്രനെ വെല്ലുന്നാകാരങ്ങ
ളിയന്നു സുവൎണ്ണപ്രാകാരങ്ങളിലോരോ പുറമേ ഗോപുര
നികരം പൊന്മയമായതിൽ മദ്ധ്യേ മദ്ധ്യേ മണിമയ
ഗോപുരമിടകലരും മാറെന്തൊരപൂൎവ്വം ദേവാലയശല്യം

കൈകൊണ്ടനിശമകംപുക്കീട്ടും മഹിതമഹാജനമാനനചാതുരി ഞാൻ ഞാൻ വേണ്ടുവതെന്നതിചഞ്ചലകഞ്ചുകികരഭുവി മിന്നും പൊന്നിൻചൂരക്കോലാമചിരപ്രഭകൾ ചിരപ്രഭതാം പൂണ്ടധികമിടഞ്ഞു നഭോന്തമടഞ്ഞും പുകഴാമല്ലൂ പുരോത്തമവിഭവം; വെണ്മാടങ്ങളിൽ നോക്കീട്ടകിലോ വെണ്മാടങ്ങളിൽ മുങ്ങും ഭുവനം; പൊന്മാടങ്ങൾ നിനയ്ക്കും നേരം പൊന്മാടങ്ങളനേകം കാണ്മാൻ; പവഴപ്പന്തൽ ഗണിയ്ക്കുംനേരം പവഴപ്പന്തലൊട്ടങ്ങിക്കൂടാ; വിഹരണഗിരിഗണവീക്ഷണസമയേ വിഹരണഗിരികളൊഴിഞ്ഞില്ലൊന്നും; മിന്നും നവനവപൊന്നിൻകൊടിമരമെന്നും, മംഗലസിംഹാസനവരമുകളിൽ വിളങ്ങും ഖഗകുലപെരുമാൾ പക്ഷയുഗേന നഭസ്തലസീമനി മിക്കവെളുത്തൊരു കനകവിതാനച്ഛായാങ്കണഭുവി മേവിനഗൌതമ, ഭാൎഗ്ഗവ, കണ്വ, വസിഷ്ഠപുലസ്ത്യാദ്യഖിലമുനീശ്വരവദനസരോരുഹവിഗളിതവൈദികഭണിതിവിശേഷേ ചിരപണിതീൎത്തവിശൃംഖലമോതിനപങ്കജസംഭവകരതലവിഹിതം ഭുവനകടാഹം മുടിമണിപോലെ തടവുമനന്തഫണാവലിയെന്നും മുത്തുക്കുടകൾ നിരക്കെപ്പെരുകിന സങ്കീൎത്തനരസസിന്ധൌ നീന്തി മയങ്ങിന ഭക്തജനത്തിൻ പരമസ്തുതികൾ ചെവിക്കൊണ്ടിടയില്ലെന്നും നിദ്രാമുദ്രാകൌതുകമാൎന്നും വൈകുണ്ഠാഖ്യേ ലോകേ തെളിവൊട്ട വാണരുളീ പര! പൂൎണ്ണസമുജ്ജ്വലസച്ചിന്മയനാം നാരായണനാഥ നിരുപമധാമാ.

ത്രൈലോക്യാധീശനേവംവിധമമരനഗരീ-
മാവസൻ ദേവനന്ദ-
നാലോക്യാലോക്യ പാപാൻ ദമയിതുമവതാ-
രങ്ങൾ കോലും ദശായാം
മേല മേലേ തഴയ്ക്കും ഭുജബലമഹിമാ
ജാതവാൻ പോന്നൊരന്നാൾ
നീലാംഭോജപ്രകാശോ ദശമുഖ ഇതിരാ-
ത്രിഞ്ചരേന്ദ്രോ ദുരാത്മാ ൩

സോദര്യേണ വിഭീഷണേന സഹിതോ-
സൌ കുംഭകർണ്ണേന ച
സ്വാതന്ത്ര്യേണ വനേ ജനിത്രിമടിയിൽ
താനേ കിടക്കും വിധൌ
മീതേ കണ്ടഥ പുഷ്പകേണ നടകൊ-
ണ്ടീടും ധനാധീശ്വരം
ഖേദാൽ കൈകസി വാക്ഷ്മമശ്രുപരിഷി-
ക്താംഗസ്സമുത്തസ്ഥിവാൻ ൪

"മാതഃ കിമേതദി"തി വാദിനമാത്മസൂനും
പ്രോവാച സാ "തനയ പശ്യ ധനേശ്വരം സ്വ
ഭ്രാതാസ്മദീയനഗരീമപഹൃത്യ ലങ്കാം
യാതിദൃശസ്ത്വമധുനാ രുദിതാസ്മി ശോകാൽ" ൫

"പ്രൌഢാടോപേന ലങ്കാമണ്ണിനഗരിയിൽ നി-
ന്നാട്ടിദ്ദൂരെക്കളഞ്ഞ-
ന്നാടും വീടും വിഭൂതിപ്പൊലിമകളുമശേ-
ഷം പറിച്ചെന്നു വേണ്ടാ.

പാടേ മുന്നാളകത്തദ്ധനപരിവൃഢനെ-
കൊന്നു കൂക്കുറിരപ്പി-
ച്ചീടാസ്സിൽ കാണ്ക രക്ഷഃകുലഭവനൊരു പൌ-
ലസ്ത്യനല്ലെന്നുമേ ഞാൻ." ൯

മാഴ്കാതമാനമഹിമാ സ തു മാതുരഗ്രേ
വേഗാദുദീശ്യ സമയം വിഷമൈകചേതാഃ.
സാകം ജഗാമ തപസേ നിജസോദരാഭ്യാം
ശോകാർണ്ണമുത്തരമുദിതപ്രബാഹുതേജാഃ ൧൦

ഭക്ത്യാഭിവന്ദ്യ ഘടിതാഞ്ജലിരഞ്ജസാ പു-
ണ്യത്യന്തശുദ്ധിമതി തത്ര ശുഭേ പ്രദേശേ
പ്രത്യക്ഷയന്നഖിലനായകമാത്മനാ തം
മുഗ്ദ്ധേന്ദുചൂഡമൊരുവാചമിവണ്ണമൂചേ ൧൧

ഗൌരീസൌഭാഗ്യരാശേ! ജയ ജയ തൊഴുതേ-
നമ്പിലെൻ തമ്പിമാരേ
നേരേ വന്നിങ്ങു തൃക്കാലിണയിലടിമ പു-
ക്കീടുമസ്മാനനാഥാൻ
കാരുണ്യത്തോടന്നിതന്മേലഴകൊടു കരയേ-
റ്റി പ്രഭോ കാംക്ഷിതാർത്ഥ-
പ്പേരാം വാരാകരത്തിൻ മറുകരയിലണ-
ക്കേണമേ ഭക്തബന്ധോ! ൧൨

സദ്ഗംഗാബാലചന്ദ്രാങ്കിതപുരിചടയും
തീപ്പൊരിപ്പോരു മൂന്നാം
തൃക്കണ്ണും ഭോഗിവാർകുണ്ഡലവുമരിയകാ-
കോളവും കണ്ഠനാളേ

അഗ്രേ ദൃഗ്ദൈവതകൾ നാലും കമലഭവശിരോ
    മാലയും മാറിലയ്യോ
മൃദ്ധ്യാഭോഗം പുലിത്തോലുടയുമിഹ പുല
    മ്പേണമേ തമ്പിരാനേ! ൨൬

വാമാലങ്കാരി വാമാംഗവുമണികുഴലും
    ദേവദൈത്യാവതംസം
മമ്മാത്രൈക്കൈകളിൽ തങ്ങിന വരമഭയം
    മാൻ കിശോരം കുഠാരം
പാർമേവും പന്നഗേന്ദ്രാഭരണമമലഭ-
    സ്മാംഗരാഗാഭിരാമം
പൂമെയ്യും പൂർണ്ണശോഭം മമ മനസി പുല-
    മ്പേണമേ തമ്പിരാനേ ൨൭

പ്രാർത്ഥിച്ചിവണ്ണമുടനഞ്ജലിമാല മൌലൌ
ചാർത്തിത്തദാ ദിനകരാഭിമുഖോ മഹാത്മാ
ആർത്താർത്തഭക്തി പരമേകപദേന തന്നെ-
ദ്ധാത്രീതലേ തെളിവിൽ നിന്നു തപം തുടന്നാൻ ൨൮

അഭിരശ്മിമാലി വിമലസ്യ
    ധൃതജയധൃതേരനാശുഷഃ
തസ്യ ഭുവി ബഹുതിഥാസ്ഥിതയഃ
    പരിജഗ്മുരേകചരണേന തിഷ്ഠതഃ ൨൯

യമനിയമാദികൾ കൊണ്ടേ
    വിമലത ചേർത്തുൾത്തളിരുന്നിലവ വേലം
ദമിതമഹേന്ദ്രിയതുരഗ-
    സ്തിമിത സമാധിസ്സമാസ്ഥ തപസേ സൌ. ൩൦

ജിതാസനോ മീലിതലോചനാംബുജഃ
സരോജാലസ്സംയമിതാനിലക്രമഃ
വിധ്യൈതനാഡീനിവഹോ മഹത്തപഃ
സതപ്തവാൻകേവലമാരുതാശനഃ. ൧൮

ഉത്ഥാപ്യ മൂലശിഖികീല,മസൌ സുഷുമ്നാ-
മദ്ധ്യാദ്ധ്യനാ ദ്രുഹിണരന്ധ്ര,മുരുപ്രകാശം
വിസ്തംശ്യ വിഷയഗമൃതൈഃ പരമാത്മചന്ദ്ര-
സ്രസ്തൈസ്സ്ത,സ്തദാ,ന്തരനഭസ്ഥല,മഭ്യഷിഞ്ചൽ. ൧൯

ദീപ്ത,സ്തദന്തരഥ കാചന മൂലചന്ദ്രാൽ
പ്രോത്ഥായ ദന്തുരിതമദ്ധ്യമനാഡിരന്ധ്രാ
ആപാദശാന്തമപി രാജതദണ്ഡഗർ-
പ്രോദ്യന്മഹാരജതദണ്ഡനിഭാ ബഭൌ സ. ൨൦

ആകാശകേവലഗൃഹോ ജലവാഹകാലേ
സാകാംക്ഷമേവ ശിശിരേ സലിലാവഗാഹീ
ആകീർണ്ണപഞ്ചശിഖിമദ്ധ്യഗതശ്ച ഘർമ്മേ
ലോകാത്ഭുതാന്യഥ തപാംസി ചചാര സാദരം. ൨൧

മുഹുരന്തരചാക്ഷുഷം ഗിരീശം
ബഹിരന്തശ്ച നിറഞ്ഞു കണ്ടുകൊണ്ട,
ദ്രുഹിണാദിതൃണാന്തമിപ്രപഞ്ചം
നിഖിലം കേൾ ശിവരൂപമായ് പുലമ്പീ. ൨൨

ഇക്കാണായ വനങ്ങളും ഗിരിശിലാ
കൂടങ്ങളും വല്ലരീ-
വൃക്ഷൌഘങ്ങളും മൃഗങ്ങളു;മോരോ-
ജന്തുക്കൾ മററുള്ളതും

അഗ്രേ കണ്ടതു,ശേഷവും പരശിവൻ
　　തന്നേ ശിവാദന്യഥാ
നക്വാപി സ്ഫുടമൊന്നുമേ ശിവമയം
　　ത്രൈലോക്യമെപ്പേരുമേ. ൨൩

ഞാനത്രേ ശശിചൂഡനായതു കനൽ-
　　ക്കണ്ണും മദീയാളികേ
ഞാനത്രേ ശിതികന്ധരൻ പരശ്രുതാ-
　　നെൻകഴുത്തിലും സാമ്പ്രതം
ഞാനത്രേ ശിവനെന്നു,മെന്നുടലിതെ-
　　ല്ലാമേ ശിവാഭിന്നമെ-
ന്നാനന്ദത്തോടുമഞ്ചിതാത്മനി ദൃഢം
　　പത്യുൎന്നിശാചാരിണാം ൨൪

സതതമപി മനീഷാബിംബിതം ധാമ ശൈവം
പ്രഹിതരുചി പുറത്തുമിങ്ങകത്തെന്ന പോലേ
അതിശയിതതപസ്യാരീതികൊണ്ടേറ്റമേറ്റം
പ്രസരദതുലതേജോരാശി ജജ്വാല സോऽയം. ൨൫

അത്യന്തം വിസ്മയിച്ചു മുനിജനമരികേ
　　കണ്ടു ഘോരം തപസ്യാ-
വിസ്താരം ദേവതാനാ,മിടനില മനകാ-
　　മ്പിന്നു തട്ടീ നിശ്ശബ്ദം
എത്തീ സംഭ്രാന്തി മുപ്പാരിനു,മവശതരാം
　　തോഴ! സാക്ഷാൽ ത്രിലോകീ-
ഭൎത്താ പ്രത്യക്ഷനായീ,ല്ലതുപൊഴുതു പുരാ-
　　രാതിതാനൊന്നുകൊണ്ടും. ൨൬

അപ്രസേദുഷി തദാ വൃഷധ്വജേ
തത്ര വഹ്നിവലയേ ഭൃശോജ്ജ്വലേ
പ്രസ്തുവൻ വദനപങ്കജാഹുതിം
ചന്ദ്രഹാസമസി, മാദൃശേ രുഷാ. ൨൬

വേണീബന്ധാൻ വലിച്ചങ്ങഴിതരസ,മിടം-
കൈകൾകൊണ്ടാ,ത്തമൂർദ്ധ-
ശ്രേണീം നേരാക്കി ദിഷ്ട്യാസിദ്ധി,രിനിയ വലം
കൈത്തലൈ,രത്യുദാരം
താനേ തൻകണ്ഠകാണ്ഡപ്രഹരണസമയേ
കൈവളർത്തു വിശേഷി-
ച്ചാനന്ദം പത്തുവക്ത്രങ്ങളു,മിരുപത്തു,ഹ-
സ്തങ്ങളും,വീരമൌലേഃ. ൨൭

പ്രൌഢാത്മാ കണ്ഠവാടീം ത്രുടിതഫലനസിം-
ബന്ധ,മാസ്കന്ധമൂലം
പാടേ ചേർക്കുംവിധൌ വിസ്മയ,മഴകിതു,ദ-
ക്ഷാരിയേ സാക്ഷിയുള്ളൂ
വാടിലമന്ദഹാസം നതിഭണിതികൾ തേ-
ടില ഹോ ഗൽഗദത്വം
കോടില, ച്ചില്ലിപോലും വദനദശക,മേ-
കൈക,മാനസിൽ പ്രസന്നം. ൨൮

നിസ്ത്രിംശപ്രതിബിംബിതോപി യദുരഃ
കമ്പോ ന വീരവ്രത-
പ്രൌഢിസ്സേതി ന ചന്ദ്രഹാസമധുനോൽ
കണ്ഠച്ഛിദാകർമ്മസു

ഹോ ജ്ജുഹ്വൻ സ്വശിരാംസി ശങ്കരപുരോ
ഹാകാരവൈരേണ ന
സ്വാഹാകാര,മുദാജഹാര സ ദശ-
ഗ്രീവഃ കഥം കഥ്യതേ? ൨൦

സ്വേഷൂൽകൃത്യ ഹുതേഷു മൂർദ്ധസു ജവാ-
ദന്തഃ സ്ഫുടിതാ ബഹി-
ർവ്യാകിർണ്ണേ,ഷ്വളികേഷു ദിവ്യലിപിഭി-
ർദ്ദൃഷ്ട്വാപി രാമായണം
ചിത്തേനാ,സ്ഖലിതേന യസ്തദധികം
ബ്രഹ്മാണമപ്രീണയ-
ദ്വീരോ നൈരൃതപുംഗവഃ കഥമസൌ
വീഥിം ഗിരാം ഗാഹതേ? ൨൧

പൃഥ്വീചക്രം ചകമ്പ ഝടിതി ദശ ദിശോ,
ഘോരവാതപ്രചാരാഃ
സപ്താംഭോരാശയസ്തേ ക്ഷുഭിതജലഭരാ
ദ്വ്യഥിതാ ഗോത്രശൈലാഃ
ഛിത്വാ മൂർദ്ധ്നോ നവാപി സ്വയമഥ ദശമം
ഛേത്തു,മുദ്യുക്തമാത്രേ
രക്ഷോനാഥേ ക്ഷണേന ത്രിജഗതി കില ക-
ല്പാവസാനഭ്രമോഽഭൂൽ. ൨൨

[illegible]തിഗ്രീവേ തദാനീം നിജദശമശിരഃ-
ഛേദനായാ,ത്തശസ്ത്രേ
സന്തപ്താ,സ്ത്രസ്താ, സന്ത്രസ്ത,രവശധിയോ
ലോകപാലാസ്സമസ്താഃ

കിഞ്ച പ്രോദ്ദാമതൽസാഹസസമുദിതസം-
ഭ്രാന്തിസന്തോഷലോല-
സ്വാന്തോട്ടഹാസസഹിഷ്ണുഃ സമജനി ഭഗവാൻ
പാർവ്വതീപ്രാണനാഥഃ. ൩൩

പ്രാദുർഭൂയ പുരസ്തദാ സ ഭഗവാൻ
മാ മാ കൃഥാസ്സാഹസം
ഭോ! ഭോ! വത്സ! ശിരാംസി സന്ദധതു തേ
ലങ്കേശ്വരേ,ത്യാലപൻ
സദ്യഃപാടിതകണ്ഠകീകസകണാ-
കീർണ്ണാം തദംസസ്ഥലീം
സ്വേനേ,ഭാജിനപല്ലവേന, മുദിതഃ
പ്രാസ്ഫോടയദ്ധൂർജ്ജടിഃ. ൩൪

മാനാദ്ധ്മാതഃ കൃത്തഭ്രൂഘഃപ്രത്യൂഢ-
ശ്രീമന്മൂർദ്ധശ്രേണിവിഭ്രാജമാനഃ
സ്ത്രീമദ്ധ്യാംഗേ വഞ്ചയിത്വാ സ്വഃസ്വന
പ്രീതഃ ശംഭോ,രേകപാദേ പപാത. ൩൫

പഞ്ചാനാം പാവകാനാ,മപി മഹസി തപോ
ദുശ്ചരം യശ്ചരിത്വാ
പ്രച്ഛിത്വാ കണ്ഠമാലാം പഥി ഭവതി ദുഃശാഃ
പാർവ്വതീപ്രാണനാഥേ
ആവിർഭൂതേഷു വക്ത്രേഷ്വ,മരവരസഭേ
യോഷി,ദിത്യദ്രികന്യാം
ന പ്രാണംസീൽ സ വാചാം കഥമിവ വിഷയം
ഗാഹതേ നൈരൃതേന്ദ്രഃ ൩൬

സന്തുഷ്ട തിസൃണാം പുരാ,മപി രിപൌ
കണ്ഠസ്ഥലദോൎമ്മണ്ഡല-
ക്രീഡാകൃത്തപുനഃപ്രരൂഢശിരസോ
വീരസ്യ ലിപ്സോൎവ്വരം
യാച്ഞാദൈന്യപരാഞ്ചി രാക്ഷസപതേ,
ശ്ചിത്രം മിഥ,സ്ത്വം വൃണു
ത്വം വൃണ്വി,ത്യഭിതോ മുഖാനി കലഹാ-
യന്തേ സ്മ തസ്മിൻ ക്ഷണേ. ൩൭

ലബ്ധ്വാ മൃഗേന്ദ്രചൂഡാഭരണകരുണയാ
വിശ്വലോകോദയശ്രീ-
വിദ്ധ്വംസായോ,ത്തരംഗം വര,മുദിതമദോ-
ദ്രേകനിൎന്നിദ്രചേതാഃ
നിദ്രാവൈകുണ്ഠസേവാമയവരയുഗളീ
വഞ്ചിതൈഃ സ്വാനുജൈസ്തൈ
ൎദ്ദിക്ഷൂഗ്രതേജോഭയചകിതജനേ
ശോജ്ഝിതാം പ്രാപ ലങ്കാം. ൩൮

ലങ്കാപുരീമുപഗതം ഗിരിജാസഹായ-
കാരുണ്യലബ്ധവരഗൎവ്വിതമേകവീരം
ആകൎണ്യ രാവണ,മശേഷനിശാചരാസ്തേ
പാതാളഗാഃ സമുപതസ്ഥു,രസ്തഖേദാഃ. ൩൯

ദത്വാ സ്വസാരമഥ ശൂൎപ്പണഖാം സ വിദ്യു-
ജ്ജിഹ്വായ വിഹ്വലിതവിഷ്ടപചക്രവാളഃ
മണ്ഡോദരീം പ്രിയതമാ,മുപഭുഞ്ജമാനഃ
ലങ്കാപുരേऽടമത രാക്ഷസചക്രവൎത്തി. ൪൦

പഞ്ചിക്കെട്ടുന്നപോലെ രജതശിഖരിണം
    പാണിപത്മേ വിലാസം
തഞ്ചിക്കൈക്കൊണ്ടു പത്തൻപതുമറി കളിയ-
    മ്മാനയാട്ടം ദശായാം
അഞ്ചിക്കൊഞ്ചിക്കുഴഞ്ഞാകുലതരമചല-
    പ്പൈതൽ പുൽകി പ്രസാദീ
കഞ്ജത്താർവാണനവൈരീ വരമരുളിന ല-
    ങ്കേശപരന്നാരുമൊവ്വാ. ൪൧

ജവേന ചലിതഃ ശിരൌ ഝടിതി വീതകോപോദയാ
ചകാര ജഗദീശിതുഃ സ്വയമുപേത്യ കണ്ഠഗ്രഹം
തദാ ത്വഭയസംഭ്രമസ്ഖലിതരത്നകാഞ്ചീഗുണാ-
വലംബിതദുകൂലസംവൃതനിതംബബിംബാംബികാ ൪൨

സമ്പൂൎണ്ണത്വേന തന്ദേ സതതമുദിതനാ-
    കേണമേണാങ്കനക്ര-
ന്നാംഭോജന്മങ്ങളെണ്ടും വിരിവതിനുവരാം
    ചൂട്ടു കൂടാതവണ്ണം
വമ്പാർവൃന്ദേന്നൽ വന്ദിക്കുതവിബുധവധൂ
    നീവികംപേന മുമ്പേ
സംഭാവ്യാത്മാ തദംക വിഹൃതിമകൃത ല-
    ങ്കേശപരന്നാരുമൊവ്വാ. ൪൩

ശൈലാഗ്രനിശാന്തനാരീപരിധാനധൂനന-
സ്ഫുടാംഗസാപ്തൃഷ്ണലോലചക്ഷുഷഃ
പ്രിയേണ തസ്യാനപരാധബാധിതാഃ
പ്രകമ്പനേനാനുചകമ്പിരേ സുരാഃ. ൪൪

ഭീരുസ്വാന്തോ മഹേന്ദ്രൻ കഴലിണ പണിവാൻ
ഗോപുരം കാത്തുനില്ക്കു-
ന്നോരെ കണ്ടും പറഞ്ഞും പലവഴിയി,ലിരു-
ന്നീടിലും കാങ്ക,പാപം
ഘോരം ഭ്രൂവല്ലികൊണ്ടു,ങ്ങവരൊടിടയിടാ-
ത്തല്ലുകൊണ്ടാ,നകാരണ
ച്ചൂരക്കോൽകൊണ്ടു കൊള്ളുംപരിചു ജഗതി ല-
ങ്കേശ്വരന്നാ,ത്തമൊവ്വാം. ൪൫

തദ്വാരപാലൈൎമ്മണിദണ്ഡഹസ്തൈഃ
കിരീടകോടിഷു കൃതപ്രഹാരാഃ
കൈങ്കൎയ്യസിദ്ധ്യൈ കമലാസനാദ്യാ
നാകൌകസോ നാവസരം ലഭന്തേ. ൪൬

രക്ഷോനാഥാ! ജയേ,തി പ്രണമനവുമിയ-
ന്നന്തിയാം നേരമേ,വ-
ന്നൽക്കൂടോല്ലാസിരത്നപ്രഭയിലുലകിടം
മുങ്ങുമാറ,ങ്ങുപാന്തേ
അൎക്കാലോകാവസാനേ നിരവിൽ നിലവിള-
ക്കെങ്ങു വയ്ക്കുന്നു പോലെ
നിൽക്കേണം ചൂഴമെട്ടും ഫണിവരരിഹ ല-
ങ്കേശ്വരന്നാ,ത്തമൊവ്വാം. ൪൭

വാനോരെപ്പോരിൽ മണ്ടി,ച്ചിടയിലുടനുടൻ
കൊണ്ടുപോന്നാത്തമപുഷ്പോ-
ദ്യാനേ മണ്ഡോദരീദൃഷ്ടികൾ മദമണിവാൻ
നട്ടുനട്ടുദ്ധശോഭം

ഉഴന്നാപായം വളൎത്തിടിന കനകലതാ-
വാടി പാടേ നനപ്പാൻ
താനേ പോന്നും വരേണം ത്രിദശതടിനി ല-
ങ്കേശപരന്നാ,ജ്ഞമൊൎവ്വാം. ൪൭

ഗദ്യം:—അഥ കൈകസീസുകൃതവിഷതരുവിഷപഗ്ദീചീനമൂലനാരാഃചന പുലസ്ത്യമുനിതപസ്യാപ്രദീപകജ്ജളകന്ദളേന പ്രമഥപതിപ്രസാദവിസ്തൃതതാപനശക്തിസൎവ്വസേന മന്ദീകൃതമഹേന്ദ്രേണ വന്ദീകൃതസുരസുന്ദരീകചബന്ധസൌഗന്ധ്യവാസിതകരതലാന്ദോളിതചന്ദ്രഹാസധാരാസമുത്ഥിതകീൎത്തികന്ദളീകബളനദൃസ്ഥിതദിശാചക്രവാളേന വഹ്നിമപി നിഹ്നുവാനേന ദണ്ഡിനമപി ദണ്ഡയതാ പ്രചേതസമപി വിഃചതീകുൎവ്വതാ രുദ്രാനപി വിദ്രാവയതാ വസൂ,നപ്യവസൂകൃതവതാ ചന്ദ്ര,മപി നിന്ദതാ രവിമപി രാവയതാ വിദ്രാവ്യമാണവിദ്യാധരേണ ഗന്ധൎവ്വഗൎവ്വസൎവ്വങ്കഷേണ കിമ്പുരുഷകുടുംബകമ്പനലമ്പടേന യക്ഷകുലപ്രക്ഷോഭണദക്ഷിണകൌക്ഷേയകോൽക്ഷേപണഃ കിന്നരനികരഖിന്നതാവദാന്യസന്നാഹേന സിദ്ധജനചിത്താരുന്തുദനീരന്ധ്രരഥനേമിനിശ്ലേഷേണ ഗ്രഹഗളഗ്രഹവ്യഗ്രനിരൎഗ്ഗളവിക്രമേണ കാലരുദ്രധുരന്ധരേണ ദശകന്ധരേണ സമാക്രാന്തേഷു സകലലോകേഷു മരുപൎവ്വാഃയ മേരൌ കലിതസന്ത്രാസേ കൈലാസേ ഭഗ്നകന്ദരേ മന്ദരേ സത്രുട്യാ പാരിയാത്രകേ സഃവ്യതരപീഡേ സഹ്യേ സമ്പ്രാപ്തവിലയേ മലയേ ഘൂൎണ്ണിതാനി

താമ്രപൎണ്ണീഗൎഭതോയാനി ചൂൎണ്ണിതാനി ചൂൎണ്ണീകല്ലോലജാതാനി കബളിതപ്രായാനി കാവേരീജലാനി കലുഷിതാ കളിന്ദകന്യാ പ്രാപ്തഭംഗാ ഗംഗാപി കുശലേതാഃ കോസലാഃ മോഹശാലിനോ ഹേഹയാഃ വ്യാകുലാഃ കേകയാഃ സംഹൃതകൎമ്മകളാഃ സിംഹളാഃ മഹോഹാനിവന്ധ്യാ മഗധാഃ നിഷിദ്ധമൎയ്യാദാ നിഷധാഃ വിസ്മൃതനിദ്രാസുഖാ മദ്രാഃ കലഹപ്രാപ്തഭംഗാഃ കലിംഗാഃ തുരംഗഭംഗസങ്കുലാസ്ത്രിലിംഗാഃ രക്ഷോരവഭീരുകൎണ്ണപുടാഃ കൎണ്ണാടാഃ വന്ധ്യനൃത്തരംഗാ വംഗാഃ കുളതാനിചോളാഃ ചോളാഃ ഭീതിതരളാഃ കേരളാഃ പരിഹൃതതാണ്ഡവാഃ പാണ്ഡ്യാഃ കിം ബഹുനാ? സൎവ്വത്ര സദൈവ ചതുൎദ്ദശഭുവനേടപി വിനമ്രാ ധൎമ്മാഃ നിവൃത്താ വിദ്യാ വിരതാനി സ്വരതാനി സ്വാഹാകാരം വിനാ ഹാഹാകാര ഏവ കേവല,മാവിരാസീൽ.

ഏവംഭൂതേ പ്രപഞ്ചേ ഭയപരവശരാ-
    യങ്ങുമിങ്ങും കിടക്കും
ദേവവ്രാതങ്ങളിന്ദ്രാദികൾ വിധിഗിരിശ-
    ന്മാരൊട്ടും കൂടി മെല്ലേ
ദേവാനാം ദേവമംഭോരുഹനയനമഥാ,
    ലോകിതും കൌതുകത്തിൻ
കൈവല്യശ്രീ കളിക്കും കലശജലനിധിം
    നോക്കി നേരേ നടന്നാർ. ൪൯

ചക്രപാണിതിരുമാറിൽ വാണ തുളസീസു-
    ഗന്ധഭരവും മഹാ-
ലക്ഷ്മിതൻ കുളുർമുലയ്ക്കണിഞ്ഞ മൃഗനാഭി-
    സൌരഭവുമാവഹൻ

മുഖ്യപാൽക്കടൽതരംഗമാലയിലിറങ്ങി
വന്ന മൃദുമാരുതൻ
തൽക്ഷണേന സുഖയാഞ്ചകാര സുരപുംഗ-
വാന്യസൂയാപീഡിതാൻ. ൧൦

മന്ദമന്ദമണിതെന്നൽ വന്ന വഴി നോക്കി
നോക്കിയണയുംവിധൌ
മുന്നിലങ്ങു കരുതീടിനാരിനിയ പാൽപ-
യോധിമമരേശ്വരാഃ
നന്നപുണ്യമതിലും മുകുന്ദതിരുമാറിൽ
മിന്നി നവസൂര്യനോ-
ടൊന്നിനൊന്നു പിശകുന്ന കൌസ്തുഭമഹാ-
മണിപ്രഭയുമഞ്ജസാ. ൧൧

ഏലാപരിഷ്വംഗലസത്തമാലം
വേലാധിരൂഢസ്ഖലദൂർമ്മിമാലം
പ്രൈക്ഷന്ത ദേവാ മനസോനുകൂലം
പയഃപയോധേരചിരേണ കൂലം. ൧൨

പാരമമ്പിന പെരുമ്പറധ്വാനിയെ വിഷ്ണു-
ലോകമഹരിണീദൃശാം
ചാരുഗീതനിനദങ്ങളോടിടകലർന്നു
കേട്ടമഥ ദേവതാഃ
ക്ഷീരസാഗരതരംഗവാതപരിവൃദ്ധ-
മാനകരപാഞ്ചജ-
ന്യാരവം വല്ഗുവല്ഗുമെന്നു കേട്ടമധികപ്ര-
മോദമുപലേഭിരേ. ൧൩

ക്ഷീരസിന്ധുവിലനന്തനായ വളർമെത്ത
സീമനി രമാമല-
ക്കോരകം തഴുകി യോഗനിദ്രയൊടു പള്ളി-
കൊണ്ട പരപൂരുഷം
ദൂരവേ സപദി കണ്ടനേരമതിഭക്തി
പൂണ്ടു കരകുട്മളം
ചാരുമൌലിയിൽ നിധായ ദീർഘമവനൌ നി-
പേത്തു,രമരേശ്വരാഃ ൧൪

വണങ്ങി വിബുധാളി ചെന്നള-
വു പത്മനാഭൻ തെളി-
ഞ്ഞുണന്നു കണ്ണികന്ദിതമ്മലർ
വധൂമുഖാംഭോരുഹം
അനന്യപരനായ് വിളങ്ങുമ-
ഭിഗമ്യ ലോകാന്നൃണാം
മനീഷിതഫലാവാപ്തിയെ പ്രക-
ടയന്തി തേ ഭാവിനീം. ൧൫

ആരാൽ കാണായിതപ്പോളമരപരിഷദാ,
മാത്തിയെച്ചെന്നുകാണു-
ന്നോരം തന്നേ ശമിപ്പിച്ചതുളമൊരുമഹാ-
പ്രാഭവത്തിൻ നിധാനം
പാരീരേഴും ഭരിപ്പാൻ പുരികലതികമേൽ-
വീക്ഷ്യ ദീക്ഷം കനക്കം
കാരുണ്യത്തിന്നധീനേക്ഷണമതിമതക-
ല്പദ്രുമം പത്മനാഭം. ൧൬

ഉന്നമ്രേ പന്നഗാധീശ്വരമണിതളിമേ
ചെറ്റെഴുന്നേറ്റിരുന്ന-
ന്നിന്നും മന്ദസ്മിതംകൊണ്ടമരമുനികളെ
പ്പേർത്തുമാനന്ദയന്തം
തന്നുള്ളിൽ പ്രേമമേന്തും മലരിൽമകളാകുന്നക്ക-
ത്തിന്നെ ത്താങ്ങിനിൽക്കും
പൊന്നിൻകാഞ്ചിഗ്ഗുണത്തെ ക്കരകമലതലം-
കൊണ്ടു സംഭാവയന്തം. ൭൩

പ്രാജ്യാഭോഗം വിളങ്ങീടിന നവനവപീ-
താംബരപ്രൌഢികൊണ്ടേ
പാർശ്വേ പാടേ വളന്നോരിളവെയിലിളകു-
ന്നഞ്ജനാദ്രീന്ദ്രതുല്യം
സ്വേച്ഛാബീജം ചരസ്ഥാവരമയമഖിലം
വിശ്വചക്രം പിറക്ക-
ന്നൊരുജ്ജ്വല്യാത്മാന,മാത്മജ്ഞത തടവിന യോ-
ഗീശ്വരൈ,രാശ്രിതാംഘ്രിം. ൭൪

നാളീകനേത്രനെ വണങ്ങി വണങ്ങി വാനോർ-
പാളി വിരിഞ്ചപുരശാസനവാസവാദ്യാഃ
മേലേ നിറഞ്ഞ പദഭക്തിരസേന മേലേ
മേലേ പുകഴ്ന്നിതു ഗിരാ പരമം പുമാംസം. ൭൫
നാരായണായ നളിനായതലോചനായ
നാമാവശേഷിതമഹാബലിവൈഭവായ
നാനാചരാചരവിധായകജന്മദേശ-
നാഭീപുടായ പുരുഷായ നമഃ പരസ്മൈ. ൭൬

തൊഴുകരമിത പോററീ പുത്തനായ്പോന്നുപൊ
(ണ്ടും
മഴമുകിലൊടു ചുങ്കം വാങ്ങുമുത്തുംഗമൂൎത്തേ!
വെളിവൊടു തിരുവുള്ളം തിക്കതിക്കിക്കിടക്കേ
മിഴിമുനയരുൾകെ,ങ്ങൾക്കാശ്രയം നിൻപദാന്തം

ഉലകിടമിതശേഷം പെററു പാലിച്ചൊടുക്കും
കളികലരുമമേയപ്രാഭവം തം ഭവന്തം
മലർമകളൊടു സാൎദ്ധം മുമ്പിലദ്ധ്യക്ഷയന്തോ
നലമൊടു ചരിതാൎത്ഥാ ഹന്ത നാം തമ്പിരാനേ!

പരിചരണപരാണാം ദേവ! ഞങ്ങൾക്കിദാനീ-
മരുളുക കരുണാബ്ധേ! കാൽക്ഷണം വീക്ഷണാ
(ന്തം
ശരണമിതൊരുനാളും നിയൊഴിഞ്ഞില്ല പോററീ
ചരണസരസിജേ വീണാശ്രയാമോ നികാമം.

ഇച്ഛാജ്ഞാനക്രിയാശക്തികളൊടു കളിയും
പൂണ്ടുവിശ്വം ചമച്ചും
നിശ്ശേഷം കാത്തുമിന്നുപ്രളയദശയിൽ നാ-
സ്തിത്വവും ചേൎത്തു നീണാൾ
സ്വച്ഛാത്മാവായ്വിളങ്ങീടിന പരമസുഖാ-
ദ്വൈതമേ മുമ്പിൽ നേരേ
പശ്യന്തോ നിന്നെ വിശ്വംഭര വരദ കൃതാ-
ൎത്ഥാ വയം തമ്പിരാനേ! സ്രൎ

ഇത്ഥം പുകഴ്ത്തും വിധിശംഭുശക്രാ-
ദ്യുക്തം സരത്നാംശുപിശംഗിതാംഘ്രേഃ

ഉദ്യോഗഭാജാ വചനായ മംജു-
സ്മിത്യാ മുകുന്ദനു മുഖം വിളങ്ങി ൬൩
തിരുവുള്ളമറിഞ്ഞുകൊണ്ടു തസ്മാ-
ലരുളപ്പാടിതി നാമ സന്ദധാനാ
ഒരു തേൻകണികാ സമേത്യ താനേ
പെരുമാറീ സുരലോകകണ്ണരഭ്രേ. ൬൪
മേളം താവുന്ന തൂവെൺമുറുവൽ തുണയുമായ്
ബാലവെൺചാമരാളീ-
മോലക്കംപൂണ്ടു വീയിച്ചുഴലെ നിറമെഴും
വിണ്ണുലോകാംഗനാനാം
കോലപ്പൊൻകങ്കണാനാം നിനദ,മണികരാ-
ഗ്രേണഭംഗ്യാ വിലക്കി
ത്രൈലോക്യാധീശനുദ്യൽസ്മിതമധുരമുഖോ
ധാതൃമുഖ്യാൻ ബഭാഷേ. ൬൫
"ജയ പുരഹര ശംഭോ വേധസേ സൌഖ്യമല്ലീ?
ദയയോടുലകു ദേവാധീശ കാക്കുന്നതല്ലീ?
നയമിയലിന വിണ്ണോർവീരർ വേഗേന ജന്യേ
ജയമസുരരൊടെത്തും നേരമെത്തുന്നതല്ലീ!" ൬൬
മധുരാമിതി ഭാരതീം ഗഭീരാം
മധുവിദ്വേഷി മുദാ പറഞ്ഞനേരം
ചതുരാനനനാദരേ തദാനീം
പ്രതിവാചം ത്രിദശൌഘചിത്തവേദി. ൬൭
"കല്യാണങ്ങളൊഴിഞ്ഞു കൈവരുവത-
ല്ലസ്മാക,മെപ്പോഴുമേ
ഫുല്ലാംഭോരുഹസോദരം തവ പദാം
ഭോജം നമസ്കുർവ്വതാം

മല്ലാർവ്വമകൾതൻ മനോമധുകര-
പൂന്താമരേ! സങ്കടം
ചൊല്ലാം,മെങ്കിലു,മേകനാഥ! വിദുഷാ
നിന്നാലനുശ്രൂയതാം. ൧൦

ചണ്ഡാത്മാ ദശകണ്ഠനെന്നൊരു മഹാ-
രാത്രിഞ്ചരേന്ദ്രൻ, പിറ-
ന്നുണ്ടായ്വന്നിതു സാംപ്രതം ത്രിഭുവന-
ത്രാസായ സന്നാഹവാൻ
കണ്ടാൽ മണ്ടിയൊളിക്കു വേല വിബുധാ-
നാം നിത്യമെല്ലാരെയും
കണ്ടാലും നിതരാം മെലിഞ്ഞു മദവും
വേർമാഞ്ഞു ദീനാനനാൻ. ൧൧

പറിച്ചുപോയി പദമെന്നുമോർത്താ-
ലിരക്കമാറായിതു ഖേചരൌഘം
ഹരിൽപ്രഭൂണാം പിണയുന്നിതിപ്പോൾ
മരിപ്പു കോലാതെ മരിപ്പു തന്നേ. ൧൨

യാഗപ്രസംഗോ ഭുവി നൈവ മാഴ്കി
പ്രാംചിക്കിടക്കുന്നിതു വിപ്രസംഘം
വൈകൃത്യഘോരാകൃതിയായ രക്ഷോ-
ലോകധ്വനിത്രാസസമാകുലാശം. ൧൩

ചിലകുറി പിശിതാശരാജനുദ്ധ-
ച്ഛലമഹിമാ ദിവി പോന്നുവന്നകാണ്ഡേ
തലമുടി പിടിപെട്ടിഴച്ചു,മപ്പോ
വലരിപുമാനിനിമാരെ ലങ്കയാളും. ൧൪

കാരോത്തരത്തിൽ കളിയായിതല്ലോ
നേരേ ദശഗ്രീവനിയോഗഭാജാം
വൈരാഗ്യമേന്തുന്ന മുനീശ്വരാണാം
നിത്യക്രമം മുട്ടിച്ചു നടക്കും തന്നേ. ൬

കേൾക്കേണം തമ്പിരാനേ! ചരിത്രമിതു ദശ-
ഗ്രീവനെക്കൊണ്ടു ഞങ്ങൾ
ക്കാർക്കും പോക്കില്ലൊരാരോ പദവികൾ പിഴകി-
ത്തായിതിപ്പോളശേഷം
ആർക്കുള്ളൂ ഞങ്ങളെന്നുള്ളതുമവനറിയു-
ന്നീല മാപാപി നീളെ
പ്പാർക്കുന്നോ, നിന്നുമസ്മാൻ പെരുകിന കരുണാ-
സത്തമമേ! പത്മനാഭ! ൭

സുത്രാമാ തത്ര പത്രം വിതരതി, ദഹനൻ
പാചകൻ, ദണ്ഡധാരി
കുത്തിക്കൊൽവാൻ, മുറിപ്പാൻ നിരൃതി, കഴുകു
പാശധാരി ജലാത്മാ (വാൻ
ഉദ്യാനേ പൂവറുപ്പാൻ പവന, നറ തുറ-
ന്നീടുവാൻ വിത്തപാലൻ,
ചൊൽക്കൊള്ളും ഗോപുരം കാപ്പതിനഴകെഴുമീ-
ശാന, നാശാന്തചേതാഃ. ൮

തണ്ടിങ്കൽ പാട്ടു പാടും മുനിവര, നധുനാ
നാരദന്നം, ഗനാനാം
കണ്ടിക്കാർക്കുന്തൽ ചിക്കുന്നതു ബത പരിപൂ-
ർണ്ണേന്ദു മന്ദാക്ഷധാരി

ത്രാണം കൈവിട്ടിദാനീം വിരവൊടു സുഖമേ
ഗമ്യതാം വൈകിയാതേ
പോർതിങ്ങും പംക്തികണ്ഠാന്വയ,മരുതി പെട-
പ്പെൻ വികല്പം വിനാ ഞാൻ. വൃ

നൂനം തൊന്നുന്നു ചൊല്ലുന്നിതു ദശമുഖദു-
ശ്ചേഷ്ടിതം മാററുവാൻ ഞാൻ
താനങ്ങുദ്യുക്തനായോരളവു വരുവു നി-
ങ്ങൾക്കു മംഗല്യഭോജ്യം
സാനന്ദം പോയ് പിറപ്പേൻ ദശരഥസുതനായ്
നാലുമൂന്നാളിലിപ്പോൾ
വാനോരെല്ലാം പിറന്നീടുക വിവിധതയ്യ-
ങ്ങളമ്പയേ വാനരാണാം". വൃന്ദ

ഹൃദ്യാം വാണി,മിവണ്ണം തെളിവിനൊടരുളി-
ച്ചെയ്തു മെല്ലേ മറഞ്ഞു
പൊൽത്താരിൽത്തയ്യലാളാം നളിനിയിൽ വിള
ടുന്ന ശൃംഗാരഭൃംഗം (യാ
ഭക്ത്യാ വന്ദിച്ചു നേരേ സഹി സുരഗണവും
പംക്തികണ്ഠാഭിഭൂതിം
ചിത്തേ നിർദ്ധാര്യ നഷ്ടാം നിജനിജഭവനം
പ്രാപ്യ മോദിച്ചിരുന്നു. വൃര

രാവണോത്ഭവം
ഭാഷാചമ്പൂപ്രബന്ധം.
സമാപ്തം

—ം—

കൊണ്ടാടേണ്ണം വസന്താദികളിരുപുറവും
        നിന്നു കൈകൂപ്പി മേളം
തണ്ടും പൊൽത്താമരപ്പൂ പുലരിയിൽ വിരിയി-
        ക്കേണ്ണ,മാഃരംഗ്യദാതാ.                വൃ
ആസന്ധ്യം കണ്ട കല്ലും മരവുമടനിഴ-
        ഞ്ഞേണ്ണമൈരാവതം, ചെ-
ന്നാത്തുംഗം വാജിരത്നം പുതിയ പൊതി ചുമ-
        ന്നീടുവാനൂഢഖേദം
നാലും തോറും നാകനാരീജന,മടിതളി ചെ-
        യ്തീടുവാൻ, ചാടിഴപ്പാൻ
നാഥാ! യാമ്യം പെരുംപോത്ത,ലമിഥവചനാ-
        ഡംബരം തമ്പിരാനേ!                ൻ
പറിക്കനന്തു കണ്ടോരോടു ജഗതി ഭണ്ഡാരമൊരുവ-
ന്നിരിക്കുന്നീലെങ്ങും നിശിചരസമൂഹൈ,രപഹൃ
(തം
പരിക്ഷാമം ധർമ്മം നിഗമകഥയുംമാഞ്ഞിത,ധുനാ
പരക്കെ ച്ചൊല്ലുണ്ടാ പരവശ,മിദം പശ്യ ഭുവനം"
ഇതി വദതി വിധൌ "വിഷാദമെല്ലാം
മതി മതി"യെന്നു നഭേ പരിസ്ഫുരന്തീ
മധുമഥനമുഖാരവിന്ദമദ്ധ്യാ-
ദുദിതവതീ കില കാപി വാങ്മതല്ലീ.                വൃഫ
"ഖേദിച്ചീടായ്ക്ക ദേവാ! സ്സകലമിതു ധരി-
        ച്ചേൻ ദശഗ്രീവനിമ്മ-
യ്യാദൈവഘ്യം നിങ്ങളോടല്ലധികലവുമവനെ-
        ന്നോടു ചെയ്തു ഹതാത്മാ

UNIVERSITY LIBRARY 31 JAN 1930

# ടിപ്പണം.

കവി, നിൎമ്മിക്കാൻ ഭാവിക്കുന്ന ഗ്രന്ഥത്തിന്റെ നിൎവ്വിഘ്നപരിസമാപ്തിക്കായി ശിഷ്ടാചാരമനുസരിച്ച് ഇഷ്ടദേവതാവന്ദനാത്മകമായ മംഗളം ചെയ്യുന്നു:—

പദ്യം ൧. വാടീടായ്കുന്ന=വാടാത്ത. രാഗം=പ്രേമം. മുഹുഃ അപി=വീണ്ടും വീണ്ടും. ചാരു=മനോഹരം. ചെന്താരിൽ മാതിൻ=ലക്ഷ്മീദേവിയുടെ. ഗാഢാശ്ലേഷേഷു=മുറുകെയുള്ള ആലിംഗനങ്ങളിൽ. ആനന്ദമൂൎച്ഛാം=സുഖപാരവശ്യത്തെ. ദധാനം=(മുകുന്ദം എന്നതിന്റെ വിശേഷണം) ധരിക്കുന്നവനായി, വൈജയന്തി......സ്ഥലം=നല്ല മാലയുടെ സൌരഭ്യമുള്ളതായി വിസ്താരമുള്ളതായ മാറിടത്തോടു കൂടിയവനായി; ഇന്ദു......ആദിഭിഃ അപി=ശിവൻ മുതലായവരാലും, മനസാ വന്ദനീയം=മനസ്സുകൊണ്ടു വന്ദിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്ന. മുകുന്ദം=വിഷ്ണുവിനെ. ചിത്തകാമ്പിൽതേടുന്നേൻ=ഞാൻ ധ്യാനിക്കുന്നു. മനസ്സുകൊണ്ടു വന്ദിക്കുന്നു.

ചമ്പൂകാവ്യങ്ങളുടെ രീതിയനുസരിച്ച് സുഹൃത്സംഭാഷണരീത്യാ കഥാസൂചനം ചെയ്യുന്നു.

൨. വാരാന്ന=ഭംഗിയുള്ള ആസ്ഥാനരംഗേ=അരങ്ങത്ത്. സഭാകമ്പിതേ മമ മനസി=സഭാകമ്പമുള്ള എന്റെ മനസ്സിൽ.

രാവണോ……വിവശതയാ=രാവണൻെറ ഉപദ്രവത്താൽവലഞ്ഞിട്ടു. ക്ഷീരാബ്ധൌ=പാലാഴിയിൽ. (ലക്ഷണയാ പാലാഴിയുടെ തീരത്തു) ചെന്നു്. നാരായണോക്തിം=മഹാവിഷ്ണുവിൻെറ വാക്കിനെ. (ഞാൻ ദശരഥപുത്രനായ് ജനിച്ചു രാവണനിഗ്രഹം ചെയ്തു നിങ്ങളുടെ സങ്കടം തീൎത്തുകൊള്ളാം എന്നുള്ള വാക്കിനെ)നേരേ കേൾക്കും വിധൌ=കേൾക്കുമ്പോൾ. അമരപരിഷദാം=ദേവസംഘങ്ങളുടെ ഉള്ളിൽ ഉണ്ടായ ഭാവെ. വൻപ്രസാദം വിളങ്ങും=വലിയ സന്തോഷമുണ്ടാകുന്നു.

## കഥാരംഭം.

൧. പൊൽത്താർമാതിൻ=ലക്ഷ്മീദേവിയുടെ. മുഖ……മധുരിമ=മുഖത്തിൻെറ സൌന്ദൎയ്യമാധുൎയ്യം. യോഗ……മുദ്രാം=യോഗനിദ്രയെ. മേളം തടവും=ഭംഗിയുള്ള. ഭുജംഗേ……രംഗേ=അനന്തനാകുന്ന മെത്തമേൽ. ദുഗ്ദ്ധ……മദ്ധ്യേ=പാൽക്കടൽ നടുവിൽ. വിധി….ഓഘം=ബ്രഹ്മാവു,ശിവൻ,ദേവേന്ദ്രൻ മുതലായ ദേവസമൂഹം. നിത്യംനിത്യം=എപ്പോഴും. ത്രിഭുവന . . . സീമാ=ത്രൈലോക്യനാഥനായ മഹാവിഷ്ണുവിൻെറ ശോഭാതിശയം. സമിന്ധേ=വൎദ്ധിക്കുന്നു. സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു.

൨. ഗാഢം=മുറുകെ. ആകുലതാം. കൂടാതെ=സുഖമായി. ഭോഗി . . . ഭുവി=അനന്തനാകുന്ന മെത്തമേൽ. യോഗ. . . ആത്മാ=യോഗനിദ്രയിൽ തല്പരനായി; പ്രൌഢാഭോഗം=പ്രഗത്ഭവും വിസ്തൃതവുമായ. കടാക്ഷ . . . ചലനംകൊണ്ടു്=കടക്കണ്ണിളക്കൽകൊണ്ടു്. പാരേഴരണ്ടും=പതിനാലു ലോകവും. പരമ

പുരുഷൻ=മഹാവിഷ്ണു. ദുഗ്ദ്ധാംബുരാശിം . . . അധ്യാസ്ത=പാലാഴിയിൽ വസിച്ചു.

൭. വൈകുണ്ഠൻ തൻ പ്രഭാവങ്ങളും=മഹാവിഷ്ണുവിൻെറ മാഹാത്മ്യങ്ങളും. അതുലതകൈക്കൊണ്ട=സാമ്യമില്ലാത്ത. വൈകുണ്ഠലോകേ=വൈകുണ്ഠലോകത്തിൽ. വാർകൊണ്ടിടും=ഭംഗിയുള്ളതായ. അഹിവരപല്യങ്കവും=അനന്തനാകുന്ന ശയ്യയും. പ്രൌഢിവായ്പും=ഐശ്വര്യസമൃദ്ധിയും. മാഴ്കീടായുന്ന=ഭംഗികൂടിയ. പക്ഷീന്ദ്രനും=ഗരുഡനും. ഭക്തിഭാജാം=ഭക്തന്മാരുടെ. ഏകാന്താനന്ദവും=പരമാനന്ദവും. ഗീതവും=ഭക്തന്മാരുടെ സ്തുതിരൂപമായ പാട്ടും. വാദ്യങ്ങളും=പെരുമ്പറ, കൊമ്പ്, കുഴൽ, വീണ മുതലായവയും. വാഴ്ത്തവല്ലേൻ=വർണ്ണിപ്പാൻ പ്രയാസം തന്നെ.

ഗദ്യം ൧. വളർക്ഷത=വെളുപ്പ്. കൈലാസാദ്രിപരമ്പര=കൈലാസപർവ്വതനിര. തരംഗചയങ്ങളിൽ=തിരമാലകളിൽ. തിമിംഗല...വിരാവൈഃ=തിമി (പെരുന്തലമത്സ്യം) മുതലായ ജലജന്തുക്കൾ ചുററിത്തിരിഞ്ഞു സഞ്ചരിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദംകൊണ്ടു ചെവിയടഞ്ഞ ദിഗ്ഗജങ്ങളുടെ ചിന്നംവിളികൾകൊണ്ട്. ത്രിഭുവന...ദക്ഷാ=മൂന്നു ലോകത്തിലെയും ദാരിദ്ര്യത്തെ നശിപ്പിക്കുന്നതിനു സമർത്ഥയായ. ലക്ഷ്മീമാതും=മഹാലക്ഷ്മിയും. ജഗത്....ഉത്തമൻ=ലോകത്തിലുള്ള വൈദ്യന്മാരിൽ ശ്രേഷ്ഠൻ; ചിന്തിതം=അഭീഷ്ടം. ചിന്താമണി=കല്പവൃക്ഷം, കാമധേനു മുതലായവയെപ്പോലെ സർവ്വാഭീഷ്ടം കൊടുക്കുന്ന ഒരു രത്നം. മണിതതി=രത്നജാലം. സുരദ്രുമതതി=കല്പവൃക്ഷങ്ങളുടെ കൂട്ടം. പാവന . . . ചരിതാ=പരിശുദ്ധവും ലോകപ്രസിദ്ധവുമായ ചരിത്രങ്ങളോടുകൂടിയവൾ. സുരഭിയും=കാമധേനുവും, അമിതരസോത്ത

രം=കുറവില്ലമായ സ്വാദുള്ളതായ, അമൃതസ്യന്ദവും=അമൃതപ്രവാഹവും. മുഖ്യാകരം=പ്രധാനമായ ഉൽപത്തിസ്ഥാനം. വിഖ്യാതശ്രീ=പ്രസിദ്ധമായ ശോഭ. മംഗല . . . പയോധൌ=ശുഭകരമായ പാൽക്കടലിൽ. ജഗതീദ്വീപേ=ലോകങ്ങൾക്ക കെടാവിളക്കായ. മഹതി=വലുതായ. ദ്വീപേ=ദ്വീപിൽ. മാലതി=പിച്ചകം. മല്ലികി=മല്ലിക. (ഒരു ജാതി പുഷ്പം) കുസുമവിശേഷം=വിശേഷമായ പുഷ്പം. തുളസീപരിമളം=തുളസിയുടെ സുഗന്ധം. ഉജ്ജ്വലമഹിമാ=വളരെ മഹത്വമുള്ള. മലയസമീരണൻ=ചന്ദനപർവ്വതത്തിലെ കാറ്റ്. (തെന്നൽ) ആണ്മനാടിക്കുന്ന=പ്രൗഢി കാണിക്കുന്ന ആരാമത്തിൽ=ഉദ്യാനത്തിൽ. വാനോർ . . . . പംക്തികൾ=കല്പവൃക്ഷക്കൂട്ടം. മനോജ്ഞേ=മനോഹരമായ. മദ്ധ്യവിഭാഗേ=നടുവിൽ. സുര . . . . നിവഹം=ദേവകൾ, മുനികൾ, ചാരണർ, കിന്നരർ, (ദേവയോനിഭേദങ്ങൾ) സർപ്പങ്ങൾ, യക്ഷന്മാർ മുതലായ ആകാശചാരികളുടെ സമൂഹം. ഉപശ്രുതഗീതം=പാട്ടുകൾ കേട്ട്. ഉദീക്ഷിതനൃത്തം=ആട്ടം കണ്ട്. ഉദഞ്ചിതകുതുകം=കൌതുകം വർദ്ധിച്ച്. ഉപാദൃത . . . . അന്തരം=ആദരസന്തോഷങ്ങൾ പറഞ്ഞ്. കനക . . . . വീഥികൾതോറും=സ്വർണ്ണമയങ്ങളായ രാജമാർഗ്ഗങ്ങൾ, തെരുവുകൾ, മുറ്റങ്ങൾ, ഇവയിലെല്ലാം. ലോക . . . . ഗിരീന്ദ്രനെ=ലോകാലോകപർവ്വതത്തെ. സുവർണ്ണപ്രാകാരങ്ങളിൽ=സ്വർണ്ണമതിലുകളിൽ. ഗോപുരനികരം=ഗോപുരങ്ങളുടെ കൂട്ടം. മദ്ധ്യേ മദ്ധ്യേ=ഇടയ്ക്കിടയ്ക്ക്. മണിമയഗോപുരം=രത്നങ്ങൾ പതിച്ച ഗോപുരങ്ങൾ. സേവാലൌല്യം=ശുശ്രൂഷാതാൽപര്യം. അനിശം=എപ്പോഴും. മഹിത . . . . ചാതുരി=പൂജ്യന്മാരായ മഹാജനങ്ങളെ പൂജിക്കുന്നതിലുള്ള സാമർത്ഥ്യം. അതി . . . . ഭുവി=മാടിപ്പാത്തു

നടക്കുന്ന ശിപായിമാരുടെ കയ്യിൽ. അചിരപ്രഭകൾ=മിന്നൽപിണരുകൾ. ചിരപ്രഭതാം പൂണ്ട്=സ്ഥിരമായ കാന്തിയോടുകൂടിയതാവൂ എന്നുള്ള അവസ്ഥയെ പ്രാപിച്ച്. നഭോന്തം=ആകാശമണ്ഡലം. അടഞ്ഞും=ഇട തിങ്ങി. പുരോത്തമവിഭവം=ശ്രേഷ്ഠമായ ആ പുര (വൈകുണ്ഠപുര) ത്തിലെ വലുതായ ഐശ്വര്യം. പുകഴാമല്ല=വർണ്ണിപ്പാൻ സാദ്ധ്യമല്ല.

വിഹരണെ . . . സമയേ=പക്ഷിപർവ്വതസമൂഹത്തെ നോക്കുമ്പോൾ. നവ നവ=വളരെ പുതുതായ. കൊടിമരമെന്നും=കൊടിമരമാകുന്ന. മംഗല . . . . വരമുകളിൽ=ശുഭമായ സിംഹാസനത്തിന്മേൽ. ഖഗകുലപെരുമാൾ=പക്ഷിരാജനായ ഗരുഡൻ. പക്ഷയുഗേന=രണ്ടു ചിറകുകൾ കൊണ്ട്. നഭസ്ഥലസീമനി=ആകാശമണ്ഡലത്തിൽ. കനക . . . . ഭുവി=സ്വർണ്ണവർണ്ണമായ മേൽക്കെട്ടിയുടെ തണലുള്ള മുററത്ത്. മേവിന=നിൽക്കുന്ന. ഗൌതമ . . . . വിശേഷേ=ഗൌതമൻ, ഭാർഗ്ഗവൻ, കണ്വൻ വസിഷ്ഠൻ പുലസ്ത്യൻ മുതലായ സകലമഹർഷിശ്രേഷ്ഠന്മാരുടെയും മുഖപത്മങ്ങളിൽനിന്നു പുറപ്പെടുന്ന വേദവാക്യങ്ങളെച്ചൊല്ലിക്കൊണ്ടുള്ള സ്തുതികളിൽ. അവിശ്രുംഖലം=തടവില്ലാതെ. പങ്കജ . . . . വിഹിതം=ബ്രഹ്മാവിൻെറ കൈകളാൽ നിർമ്മിക്കപ്പെട്ട. ഭുവനകടാഹം=ലോകമാകുന്ന ഗോളം. മുടിമണിപോലെ=കിരീടത്തിലെ ഒരു രത്നം പോലെ. തടവും=ഉരിക്കുന്ന. അനന്തഫണാവലിയെന്നും=അനന്തൻെറ പടങ്ങളുടെ സമൂഹമാകുന്ന മുത്തുക്കുടകൾ: സങ്കീർത്തന . . . . സിന്ധൌ=സ്തോത്രങ്ങൾ പാടുന്നതിൻെറ രസത്തിൽ. ഭക്തജനത്തിൻ=ഭക്തന്മാരുടെ പരമസ്തുതികൾ=വിശേഷമായ സ്തോത്രങ്ങൾ. ചെവിക്കൊണ്ട്=കേട്ടിട്ട്. നിദ്രാ . . . . കൌതുകം=യോഗനിദ്ര ചെയ്യാനുള്ള ര

സം. വൈകുണ്ഠാഖ്യേ ലോകേ=വൈകുണ്ഠലോകത്തിൽ. പരിപൂൎണ്ണ . . . . സച്ചിന്മയൻ=സൎവ്വത്തിലും നിറഞ്ഞു ശോഭിച്ച് (സ്വയം പ്രകാശമായ) സച്ചിൽസ്വരൂപനായവൻ. നിരുപമധാമാ =നിസ്തുല്യമാഹാത്മ്യത്തോടുകൂടിയവനായ നാരായണൻ തെളിവോടു വാണരുളീ എന്നു വാക്യയോജന.

൩. ഏവംവിധം=ഇപ്രകാരം. അണിനഗരീം ആവസൻ=വൈകുണ്ഠപുരിയിൽ വസിക്കുന്നവൻ. ആലോക്യ ആലോക്യ=നോക്കിനോക്കി. പാപാൻ=ദുഷ്ടന്മാരെ. ദമയിതും=അമൎത്തുവാൻ. അവതാരങ്ങൾ കോലും ദശായാം=മത്സ്യകൂൎമ്മാദികളായോരോ അവതാരങ്ങൾ ചെയ്യുമ്പോൾ. ഒരുനാൾ=ഒരിക്കൽ. ഭുജബലമഹിമാ=കൈകളുടെ ഊക്ക് അധികമുള്ളവൻ. നീലാ . . . . പ്രകാശഃ=കരിങ്കുവളപ്പൂവിന്റെ നിറത്തോടു കൂടിയവൻ. ദുരാത്മാ=ദുഷ്ടൻ. ദശമുഖഃ ഇതി രാത്രിഞ്ചരേന്ദ്രഃ=രാവണൻ എന്നൊരു രാക്ഷസചക്രവൎത്തി. ജാതവാൻ=ജനിച്ചു.

൪. അഥ=അനന്തരം. അസൌ=ഇവൻ. (രാവണൻ) സോദരേണ കുംഭകൎണ്ണേന വിഭീഷണേന ച സഹിതഃ=സഹോദരന്മാരായ കുംഭകൎണ്ണനോടും വിഭീഷണനോടും കൂടി. സ്വാതന്ത്ര്യേണ=തന്റെ ഇഷ്ടംപോലെ. വനേ=കാട്ടിൽ. ജനിത്രിമടിയിൽ=അമ്മയുടെ മടിയിൽ. കിടക്കുംവിധൌ=കിടക്കുമ്പോൾ. പുഷ്പകേണ=പുഷ്പകവിമാനത്തിൽ കയറിക്കൊണ്ടു്. ധനാധീശ്വരം=വൈശ്രവണനെ. ഖേദാൽ=ദുഃഖത്താൽ. (ദുഃഖകാരണം താഴെ പറയും) അശ്രു . . . . അംഗഃ=കണ്ണുനീരാൽ നനഞ്ഞവനായിട്ടു. സമുത്തസ്ഥിവാൻ=എഴുന്നേറ്റു.

൫. മാതഃ ഏതൽ കിം?=അമ്മേ! ഇതെന്താണു്? ഇ

തി വാദിനം ആത്മസൂനും=എന്നു ചോദിക്കുന്ന തന്റെ പുത്രനോട്. സാ പ്രോവാച=അവൾ പറഞ്ഞു. ഹേ! തനയ!=അല്ലയോ പുത്ര! തേ ഭ്രാതാ ധനേശ്വരഃ=നിന്റെ ജ്യേഷ്ഠസഹോദരനായ വൈശ്രവണൻ; അസ്മദീയനഗരീം ലങ്കാം അപഹൃത്യ=നമ്മുടെ നഗരിയായ ലങ്കയെ അപഹരിച്ച്. യാതി=പോകുന്നു. പശ്യ=നീ കണ്ടാലും. ത്വം അധുനാ ഈദൃശഃ (അസി.)=നീ ഇപ്പോൾ ഈ വിധത്തിലും (ഐശ്വര്യസമൃദ്ധമായ ഒരു മനോഹരനഗരത്തിന്റെ ന്യായമായ അവകാശിയായിരുന്നിട്ടും കൂടി, കാലദോഷത്താൽ ഈ കൊടുങ്കാട്ടിൽ കാട്ടനികളും ഭക്ഷിച്ചു വെറും നിലത്തു കിടന്നു കാലം കഴിക്കേണ്ട നിലയിൽ) ആയിത്തീർന്നിരിക്കുന്നുവല്ലോ. (അഹം) ശോകാൽ രുദിതാ അസ്മി=ഇതോർത്തുണ്ടായ ദുഃഖംകൊണ്ടാണു ഞാൻ കരഞ്ഞതു്.

൯. പ്രൌഢാടോപേന=അത്യുത്സാഹത്തോടുകൂടി. വിഭൂതിപ്പൊലിമകൾ=ഐശ്വര്യസമൃദ്ധികൾ. ധനപരിവൃഢനെക്കൊണ്ട്=ധനേശനെക്കൊണ്ടു. രക്ഷഃ . . . ഭവൻ=രാക്ഷസകുലത്തിൽ ജനിച്ചവൻ. പൌലസ്ത്യൻ=പുലസ്ത്യമഹർഷിയുടെ ഗോത്രത്തിൽ ജനിച്ചവൻ. (രാവണൻ). കൂക്കുവിളിപ്പിക്കുക. കണ്ടവരുടെ പടിക്കൽ ചെന്നു ഉച്ചത്തിൽ വിളിച്ചു പിച്ച ഇരപ്പിക്കുക. (ഇതു് ഉത്തരകേരളത്തിലെ പഴയ പ്രയോഗം)

൰. മാഹ്ലാതമാനമഹിമാ=വർദ്ധിച്ച അഭിമാനമുള്ളവൻ. വിഷയ . . .ചേതാഃ=ലൌകികസുഖങ്ങളിൽ ഉറച്ച മനസ്സോടുകൂടിയവൻ. ഉദി . . . തേജാഃ=വർദ്ധിച്ചുവരുന്ന കയ്യൂക്കോടുകൂടിയവൻ. സഃ തു=അവനാകട്ടെ. മാതുഃ അഗ്രേ=അമ്മയുടെ മുമ്പിൽ. വേഗാൽ സമയം ഉദീര്യ=താമസംകൂടാതെ പ്രതിജ്ഞചെയ്തിട്ട്. നിജസോദരാഭ്യാം സാകം=തന്റെ സഹോദരന്മാരോടുകൂടി ത

പസേ=തപസ്സചെയ്യാൻ ഉത്തരം ഗോകൎണ്ണം ജഗാമ=വടക്കേദിക്കിലുള്ള ഗോകൎണ്ണം എന്ന സ്ഥലത്തേക്കു പോയി.

൧൧. തത്ര=അവിടെ. അത്യന്തശുദ്ധിമതി ശുഭേ പ്രദേശേ അഞ്ജസാ വൃക്ഷ=ഏറാവും ശുദ്ധിയുള്ള ഒരു നല്ല പ്രദേശത്തിൽ ദവശം ചെന്ന്. ഭക്ത്യാ=ഭക്തിയോടുകൂടി. ഘടിതാഞ്ജലിഃ അഭിവന്ദ്യ=കൈകൂപ്പി വന്ദിച്ചിട്ട് അഖിലനായകം തം മുഗ്ദ്ധേന്ദുചൂഡം=സൎവ്വേശ്വരനായ ആ ചന്ദ്രചൂഡനെ (ശിവനെ) ആത്മനാ പ്രത്യക്ഷയൻ=മനസ്സുകൊണ്ടു നേരെ കാണുന്നവനായിട്ട്. (ധ്യാനിച്ചുകൊണ്ടു) വാചം ഊചേ=ഇങ്ങനെ പറഞ്ഞു. (പ്രാൎത്ഥിച്ചു.) (ഇവിടെ 'രാവണൻ' എന്നു കൎത്താവിനെ അദ്ധ്യാഹരിക്കണം.)

൧൨. ഗൌരീസൌഭാഗ്യരാശേ!=അല്ലയോ പാൎവ്വതീവല്ലഭനായുള്ളോവേ! ജയ! ജയ!=അങ്ങുന്നു ജയിപ്പൂതാക. അടിമവൃക്കീട്ടും അനാഥാൻ അസ്മാൻ=ശരണം പ്രാപിക്കുന്നവരായി അനാഥന്മാരായിരിക്കുന്ന ഞങ്ങളെ. കാരുണ്യ . . . . തന്മേൽ=ദയയാകുന്ന വഞ്ചിയിൽ കാംക്ഷിതാൎത്ഥപ്പേരാം=ആഗ്രഹിക്കപ്പെട്ട വസ്തുക്കൾ എന്നു പേരായ. വാരാകരത്തിൻ മറുകരയിൽ=സമുദ്രത്തിന്റെ മറുകരയിൽ.

൧൩. സ്വൎഗ്ഗംഗാ . . . . ചടയും=ആകാശഗംഗ, ചന്ദ്രക്കല ഇവയോടു കൂടിയ ഭംഗിയുള്ള ചിടയും. ഭോഗി . . . . കുണ്ഡലവും=സൎപ്പങ്ങളാകുന്ന ഭംഗിയുള്ള കാതിലകളും.കണ്ഠനാളേ=കഴുത്തിൽ. കാകോളം=കാളകൂടവിഷം. അഗ്രേ=മുമ്പിൽ. മാറിൽ കമല . . . . മാലയും=ബ്രഹ്മാവിന്റെ തലയോടുകൊണ്ടുള്ള മാലയും; മുഖ്യാഭോഗം=വിസ്താരമുള്ള. പുലിത്തോലുടയും=പുലിത്തോലാകുന്ന വസ്ത്രവും. പുലമ്പേണമേ=തോന്നേണമേ.

൧൪. വാമാ . . . . അംഗവും=ശ്രീപാൎവ്വതീദേവിയെ കൊണ്ടലങ്കരിക്കപ്പെട്ട ശരീരത്തിന്റെ ഇടത്തു ഭാഗവും; ദേവ . . . .അവതംസം=ദേവന്മാരും അസുരന്മാരും ശിരസ്സിൽ വഹിക്കുന്നതു്. (ശരണം പ്രാപിക്കുന്നതു്) മമ്മാ=ബഹുമാനസൂചകം. കിശോരം=കിടാവു്. കഠാരം=വെണ്മഴു. വാർമേവും=ഭംഗിയുള്ള. പന്നഗേന്ദ്രാഭരണം=സൎപ്പങ്ങളാകുന്ന ആഭരണങ്ങൾ. അമല . . . . രാമം=നിൎമ്മലമായ ഭസ്മമാകുന്ന കുറിക്കൂട്ടു പൂശി മനോഹരമായിരിക്കുന്നതു്. പൂൎണ്ണശോഭം=തികഞ്ഞ കാന്തിയോടുകൂടി. മമ മനസി=എന്റെ മനസ്സിൽ.

൧൫. മഹാത്മാ=മഹാത്മാവായ (രാവണൻ) മൌലൌ=ശിരസ്സിൽ. അഞ്ജലിമാല ചാൎത്തി=കൈ കൂപ്പിക്കൊണ്ടു്. തദാ=അപ്പോൾ. ദിനകരാഭിമുഖഃ=സൂൎയ്യന്റെ നേരെ തിരിഞ്ഞുനിന്നു്. ആൎത്തോരുഭക്തിഭരം=(ക്രിവി) വളരെ ഭക്തിയോടുകൂടി. ഏകപദേന=ഒരു കാലുമാത്രം ഊന്നിക്കൊണ്ടു്. ധാത്രീതലേ=നിലത്തു. തപം=തപസ്സു. തുടൎന്നാൻ=തുടങ്ങി.

൧൬. അഭിരശ്മിമാലി=സൂൎയ്യന്നു് അഭിമുഖമായി. ഏകചരണേന=ഒറ്റക്കാൽകൊണ്ടു്. ഭുവി=നിലത്തു. തിഷ്ഠതഃ=നില്ക്കുന്നവനായി; വിമലസ്യ=ശുദ്ധിയുള്ളവനായി; ധൃതജയധൃതേഃ=കാൎയ്യസിദ്ധിയെ ആഗ്രഹിക്കുന്നവനായി; അനാശുഷഃ=(?) തസ്യ=അവന്നു്. (രാവണന്നു്) ബഹുതിഥാഃ തിഥയഃ പരിജഗ്മുഃ=വളരെ ദിവസങ്ങൾ കഴിഞ്ഞു.

൧൭. അസൌ=ഇവൻ (രാവണൻ) യമ . . . . ആദികൾകൊണ്ടു=യമം, നിയമം മുതലായ അഷ്ടാംഗയോഗനിഷ്ഠകൊണ്ടു്. ഉൾക്കരുന്നിൽ=മനസ്സിൽ. വിമലത=പരിശുദ്ധി.

അനവേലം=എപ്പോഴും. ദമിത . . . . തുരഗഃ=പഞ്ചേന്ദ്രിയങ്ങളാകുന്ന കുതിരകളെ അടക്കികൊണ്ട്. സ്തിമിതസമാധിഃ=സമാധി ഉറപ്പിച്ചവനായിട്ട്. തപസേ=തപസ്സ ചെയ്വാനായികൊണ്ട്. സമാസ്ഥ=തുടൎന്നു (തപസ്സ ചെയ്തു.)

൧൮. സഃ=അവൻ. ജിതാസനഃ=പത്മം, സ്വസ്തികം, വജ്രം, വീരം ഇങ്ങിനെയുള്ള അഞ്ചു വിധം ആസനങ്ങളേയും ശീലിച്ചവനായിട്ട്. മീലിത . . . . അംബുജഃ=കണ്ണു ചിമ്മികൊണ്ടു. സദാ=എപ്പോഴും. ഉജ്വലഃ=അതി തേജസ്സുള്ളവനായിട്ട്. സംയമിത . . . . ക്രമഃ=പ്രാണായാമം ചെയ്തുകൊണ്ട്. വിധൌത . . . . നിവഹഃ=ഇഡാ പിംഗലാദി നാഡികളെ ശുദ്ധീകരിച്ച്. കേവലമാരുതാശനഃ=വായുഭക്ഷണം മാത്രം ചെയ്തുകൊണ്ട്. മഹത്=വലുതായ. തപഃ=തപസ്സിനെ. തപ്തവാൻ=തപിച്ചു(തപസ്സചെയ്തു.)

൧൯. അസൌ=ഇവൻ. മൂല . . . . കീലം=മൂലാധാരത്തിൽ ലയിച്ചുകിടക്കുന്ന കുണ്ഡലിനീശക്തിയെ ഉത്ഥാപ്യ=ഉജ്വലിപ്പിച്ച്. സുഷുമ്നാ . . . . അധ്വനാ=സുഷുമ്നാനാഡിയുടെ മധ്യത്തിൽകൂടി. ഉരുപ്രകാശം ദ്രുഹിണരന്ധ്രം. വിഷ്വക്. വിസ്താൎയ്യ=മഹാതേജസ്സുള്ള ബ്രഹ്മരന്ധ്രത്തെ ചുറ്റും വികസിപ്പിച്ചിട്ട്. തദാ=അപ്പോൾ. പരമാത്മചന്ദ്രസ്രസ്തൈഃ=പരമാത്മാവാകുന്ന ചന്ദ്രങ്കൽനിന്നൊലിക്കുന്ന. അമൃതൈഃ=അമൃതങ്ങളെക്കൊണ്ടു. ആന്തരനഭസ്ഥലം=ആകാശതത്വം വ്യാപിച്ചിരിക്കുന്ന വിശുദ്ധിചക്രത്തെ അഭ്യഷിഞ്ചൽ=നനച്ചു. (കുണ്ഡലിനീശക്തി, സുഷുമ്നാനാഡിയിൽകൂടി ബ്രഹ്മരന്ധ്രത്തിൽ പ്രവേശിച്ച് അവിടെ ചന്ദ്രസ്വരൂപനായ പരമാത്മാവിനോടു ചേരുമ്പോൾ അമൃതവൎഷം ഉണ്ടാകുമെന്നു യോഗശാസ്ത്ര സിദ്ധാന്തമാകുന്നു) ഇതും താഴെ വരുന്ന ശ്ലോക

വും ഇതുപോലെതന്നെ യോഗശാസ്ത്രസിദ്ധാന്തങ്ങളെ പ്രതിപാദിക്കുന്നവയാകുന്നു.

൨൦. അഥ=അനന്തരം. തദന്തഃ=അവന്റെ ഉള്ളിൽ. മൂലചന്ദ്രാൽ=മൂലചന്ദ്രനിൽനിന്നു്. ദന്തുരിത . . . . രന്ധ്രാ=ഇഡാപിംഗലകളെക്കൊണ്ടു ചുററിപ്പിണഞ്ഞു വളഞ്ഞു കിടക്കുന്ന സുഷുമ്നാനാഡിയിൽക്കൂടി പോകുന്നതായ. കാചനദീപ്തിഃ=ഒരു പ്രകാശം. പ്രോത്ഥായ=മേല്പോട്ടുയൎന്നു്. ആപാദശാന്തം അപി=മൂൎദ്ധാവിൽ ദ്വാദശാന്തം എന്ന സ്ഥാനംവരെ. രാജത . . . . നിഭാ=വെള്ളിക്കുഴലിൽ വിളങ്ങുന്ന സ്വൎണ്ണവടി പോലെ. ബഭാസേ=ശോഭിച്ചു.

൨൧. അഥ=പിന്നെ സഃ അയം=ആ ഇവൻ. ജല . . . . കാലേ=വൎഷക്കാലത്തു്. ആകാശ . . . . ഗൃഹഃ=മേല്പുര മുതലായ മറവുകളൊന്നും കൂടാതെ തുറന്ന സ്ഥലത്തുനിന്നും; ശിശിരേ=മഞ്ഞുകാലത്തു്. സാകാംക്ഷം ഏവ=താല്പൎയ്യത്തോടുകൂടിത്തന്നെ. സലിലാവഗാഹി=വെള്ളത്തിൽ ഇറങ്ങി നിന്നുകൊണ്ടും, ഘൎമ്മേ=വേനൽക്കാലത്തു. ആകീൎണ്ണ . . . ഗതഃ. ച=പഞ്ചാഗ്നിമദ്ധ്യസ്ഥിതനായിട്ടും, (നാലു ഭാഗത്തും അഗ്നിയും മുകളിൽ സൂൎയ്യനും) ലോകാത്ഭുതാനി=സകല ജനങ്ങൾക്കും ആശ്ചൎയ്യത്തെ ഉണ്ടാക്കുന്ന. തപാംസി=തപസ്സുകളെ. ചചാര=ചരിച്ചു. (അനുഷ്ഠിച്ചു)

൨൨. മുഹുഃ=വീണ്ടും, വീണ്ടും. ആന്തരചക്ഷുഷാ=ഉള്ളിലെ കണ്ണു (മനസ്സു) കൊണ്ടു. ഗിരീശം=ശിവനെ. അന്തഃ. ബഹിഃ. ച=ഉള്ളിലും പുറത്തും. ദ്രുഹിണാദി തൃണാന്തം=ബ്രഹ്മാവു തുടങ്ങി പുല്ലുവരെയുള്ള. ഇപ്രപഞ്ചം=ഈ ലോകത്തെ. നി

ഖിലം=മുഴുവൻ. ശിവത്രൂപമായ്=ശിവമയമായിട്ട്. പുലമ്പി=കരുതി. (ധ്യാനിച്ചുറച്ചു.)

ആധ്യാനപ്രകാരത്തെ രണ്ടു ശ്ലോകംകൊണ്ടു വിവരിക്കുന്നു.

൨൯. ഗിരി...കൂടങ്ങളും=പൎവ്വതങ്ങളും പാറക്കൂട്ടങ്ങളും. വല്ലരിവൃക്ഷൌഘങ്ങളും=വള്ളികളുടേയും വൃക്ഷങ്ങളുടേയും കൂട്ടങ്ങളും. അഗ്രേ=മുമ്പിൽ ശിവാൽ അന്യഥാ ന കപാപി സ്ഫുടം ഒന്നുമേ=ശിവനല്ലാതെ ഒന്നും ഒരിടത്തും ഇല്ല; നിശ്ചയം. ത്രൈലോക്യം എപ്പേരും ശിവമയം=മൂന്നു ലോകം മുഴുവനും ശിവമയം തന്നെ.

൩൦. ശശിചൂഡൻ=ശിവൻ കനൽക്കണ്ണ്=മൂന്നാം തൃക്കണ്ണ്. മദീയാളികേ=എന്റെ നെററിയിൽ. ശിതികണ്ഠരൻ=നീലകണ്ഠൻ. പരശു=വെണ്മഴു. സാമ്പ്രതം=ഇപ്പോൾ. ശിവാഭിന്നം=ശിവങ്കൽനിന്നു വേറെ ഒന്നല്ലാത്തതു്. നിശാചാരിണാം=രാക്ഷസന്മാരുടെ പത്യുഃ=രാജാവിന്റെ (രാവണന്റെ) ആത്മനി=മനസ്സിൽ. ദൃഢം ഉദഞ്ചിതാ=ഉറപ്പായി തോന്നി.

൩൧. സഃ അയം=ആ ഇവൻ. സതതം അപി=എല്ലായ്പോഴും. മനീഷാബിംബിതം=മനസ്സിൽ ഉദിച്ച. ശൈവം ധാമ=ശിവന്റെ തേജസ്സ്. പ്രഹിതരുചി=തേജസ്സിനെ പ്രസരിപ്പിച്ചു എന്നു തോന്നുമാറു്. അതിശയിത......രീതികൊണ്ട്=മററുള്ളവരെ അതിക്രമിച്ചിട്ടുള്ള തപസ്സിന്റെ ക്രമംകൊണ്ടു്. പ്രസര......രാശി=സൎവ്വത്ര വ്യാപിച്ചിരിക്കുന്ന എതിരില്ലാത്ത ശോഭാതിശയത്തോടുകൂടി. ജജ്വാല=ജ്വലിച്ചു.

൨൬. ഘോരം തപസ്യാവിസ്താരം=കഠിനമായ തപസ്സിൻെറ പൊലിമ. ദേവതാനാം=ദേവകളുടെ. മനകാമ്പിന്ന് ഇടനില തട്ടി=ദേവന്മാരുടെ മനസ്സിന്നു ഭയസംഭ്രമങ്ങളുണ്ടായി. നിഗ്ഗൂഢം=പുറത്തു കാണാത്ത വിധം. അവശതരം=അധികം പരവശമായ വിധം. സംഭ്രാന്തി=സംഭ്രമം. സാക്ഷാൽ ത്രിലോകീഭത്താ പുരാരാതി=ത്രൈലോക്യനാഥനായ പരമശിവൻ.

൨൭. തദാ=അപ്പോൾ. വൃഷധ്വജേ അപ്രസേദുഷി=ശിവൻ പ്രത്യക്ഷനാകാതിരുന്ന സമയത്ത്. ഭൂശോജ്വലേ തത്രവഹ്നിവലയേ=ഏററവും ജ്വലിച്ചുകൊണ്ടിരിക്കുന്ന ആ ചുററമുള്ള അഗ്നിയിൽ. വദന......ആഹുതിം പ്രസ്തുവൻ=തൻെറ മുഖകമലങ്ങളെ (തലകളെ) ഹോമിപ്പാൻ ഉറച്ചുകൊണ്ട്. രുഷാ=കോപത്തോടുകൂടി ചന്ദ്രഹാസം അസിം ആദദേ=ചന്ദ്രഹാസമെന്ന വാളിനെ എടുത്തു.

൨൮. ഉദിതരസം=രസത്തോടുകൂടി. വേണീബന്ധാൻ=തലമുടിക്കെട്ടുകളെ. ആത്മ.....ശ്രേണിം=തൻെറ തലകളുടെ കൂട്ടത്തെ (പത്തു തലകളുണ്ടല്ലൊ). ദിപ്താസിഭിഃ=തിളങ്ങുന്ന വാളുകളോടുകൂടിയ. വലംകൈത്തലൈഃ=വലത്തെക്കൈകളെക്കൊണ്ട്. അത്യുദാരം=വളരെ അസാധാരണമാകുംവണ്ണം. കണ്ഠ......സമയേ=കഴുത്തുകൾ മുറിക്കുമ്പോൾ. വീരമൌലേഃ=മഹാവീരനായ. (രാവണൻെറ) വക്ത്രങ്ങൾ=മുഖങ്ങൾ. ഹസ്തങ്ങൾ=കൈകൾ ആനന്ദം=സന്തോഷം കൈവളർത്തു=വർദ്ധിച്ചു. (മുറിക്കപ്പെടുന്ന തലകൾക്കാകട്ടെ മുറിക്കുന്ന കൈകൾക്കാകട്ടെ ഭയപാരവശ്യാദി വികാരങ്ങളൊന്നുമുണ്ടായില്ലെന്നു മാത്രമല്ല, സകൃത്യനിർവ്വഹണത്തിൽനിന്നുണ്ടാകുന്ന സന്തോഷാതിശയം

ഉണ്ടാവുകയും ചെയ്യു എന്നുള്ളതു വീരരസത്തിന്റെ അനുഭാവമാകുന്നു.

൨൯. പ്രൌഢാത്മാ=ധീരനായ രാവണൻ. ത്രുടിത......ബന്ധം=വലിയ ഞരമ്പുകളെല്ലാം അറ്റു്. ആസ്കന്ധമൂലം=ഭതാളിനൊപ്പം വെച്ച്. കണ്ഠവാടീം=കഴുത്തുകളുടെ കൂട്ടത്തെ. പാടേ ഛേക്ഷ്വംവിധൌ=നിരക്കെ മുറിക്കുമ്പോൾ വിസ്മയം=ആശ്ചര്യം. ദക്ഷാരി=ശിവൻ. (ആസ്സമയത്തുണ്ടായ അവസ്ഥ മഹാ വിസ്മയം തന്നെ. അതിനു സാക്ഷാൽ പരമശിവൻ മാത്രമേ സാക്ഷിയുള്ളു. എന്നു സിദ്ധാന്തം) അമന്ദഹാസം=സന്തോഷാധിക്യംകൊണ്ടുണ്ടായ പുഞ്ചിരി. നതിഭണിതികൾ=ശിവനെ ഉദ്ദേശിച്ച് ഉച്ചരിക്കുന്ന സ്തോത്രവാക്യങ്ങൾ. ഗൽഗദതാം=തൊണ്ടയിടച്ചു. തേടിലാ=പ്രാപിച്ചില്ല. ചില്ലി=പുരികക്കൊടി. കോടീലാ=ഭംഗി കാണിച്ചില്ല. വദനദശകം ഏകൈകം=പത്തു മുഖങ്ങൾ ഓരോന്നും. പ്രസന്നം ആസീൽ=തെളിവുള്ളതു് ആയിത്തീൎന്നു. ഇതും വീരരസത്തിന്റെ ഒരു കടന്ന കോടിതന്നെ.

൩൦. യഃ=യാതൊരുത്തൻ (രാവണൻ). നിസ്ത്രിംശപ്രതിബിംബിതഃ അപി=വാളിന്മേൽ പ്രതിബിംബിച്ചതാണെങ്കിലും. ഉരഃകമ്പഃ (ഇതി)യൽ=മാറിടത്തിന്ന് ഇളക്കം എന്നതു യാതൊന്ന്? സാ വീരവ്രതപ്രൌഢിഃ ന (ഭവതി)=അതു വീരവ്രതത്തിന്റെ മാഹാത്മ്യമല്ല. ഇതി കണ്ഠച്ഛിദാകശ്മസ്യ ചന്ദ്രഹാസം ന അധുനോൽ=എന്നു വിചാരിച്ചിട്ടു തന്റെ കഴുത്തുകളെ വെട്ടുമ്പോൾ ചന്ദ്രഹാസത്തെ ഇളക്കിയില്ല. ശങ്കരപുരഃ=ശിവന്റെ മുമ്പിൽ. സ്വശിരാംസി=തന്റെ തലകളെ. ജുഹോതി യഃ=ഹോമിക്കുന്നവനായ യാതൊരുവൻ. ഹാകാരവൈരേണ=‘ഹാ’ എന്ന ശബ്ദം പുറപ്പെടുവിക്കുന്നതിലുള്ള വിരോധം ഹേ

ത്തുവായിട്ട്. സ്വാഹാകാരം ന ഉദാജഹാര='സ്വാഹാ' എന്ന ശബ്ദത്തെ പ്രയോഗിച്ചില്ല. (ഒരു വസ്തുവിനെ ദേവതാപ്രീതിക്കായി കൊണ്ടു ഹോമിക്കുമ്പോൾ മന്ത്രത്തിന്റെ അവസാനത്തിൽ 'സ്വാഹാ' എന്ന ശബ്ദം പ്രയോഗിക്കേണ്ടതാണ് എങ്കിലും, അതിലുള്ള 'ഹാ' എന്ന ശബ്ദം ദൈന്യസൂചകമായി ഗണിക്കപ്പെട്ടാലോ എന്നു ശങ്കിച്ചു മഹാവീരനായ രാവണൻ അതു ചെയ്തില്ല എന്നു സാരം). സഃ ദശഗ്രീവഃ കഥം കഥ്യതേ=അപ്രകാരമുള്ള രാവണനെ ഞാൻ എങ്ങിനെ വർണ്ണിക്കേണ്ടു. അവൻ വർണ്ണനാതീതൻ തന്നെ.

൩൧. സ്വേഷു മൂർദ്ധസു ഉൽകൃത്യ ഹുതേഷു=തന്റെ തലകൾ അറുത്തു ഹോമിക്കപ്പെട്ട സമയത്തിങ്കൽ. അന്തഃസ്ഫുടിതാ ബഹിഃ വ്യാകീർണ്ണേഷു അളികേഷു= ഉള്ളിൽ പൊട്ടിത്തെറിച്ചു പുറമെ ചിന്നിച്ചിതറിയ നെററികളിൽ. ദിവ്യലിപിഭിഃ രാമായണം ദൃഷ്ട്വാ അപി=ദിവ്യാക്ഷരങ്ങളോടുകൂടി (തലയിലെഴുത്തുകളായിട്ട്) രാമായണം കണ്ടിട്ടുകൂടി. (രാമൻ തന്നെ നിഗ്രഹിക്കുമെന്നുള്ള സംഗതി). അസ്ഖലിതേന ചിത്തേന (ഉപലക്ഷിതഃ) യഃ=ഇളക്കമില്ലാത്ത മനസ്സോടുകൂടിയവനായ യാതൊരുത്തൻ. തദധികം ബ്രഹ്മാണം അപ്രീണയൽ=അതിലധികം ബ്രഹ്മാവിനെ സന്തോഷിപ്പിച്ചു. "ബലീപുരുഷകാരോഹി ദൈവമപ്യതിവർത്തതേ" എന്ന രീതിയിൽ ദൈവകല്പിതം ഇങ്ങിനെയാണെന്ന് അറിഞ്ഞിട്ടുകൂടി പുരുഷകാരം പ്രവർത്തിക്കുന്നതിൽ പിന്മാറാതിരിക്കുക എന്ന മഹാവീരധർമ്മം കാണിച്ചതുകൊണ്ടു സൃഷ്ടികർത്താവായ ബ്രഹ്മാവിനു സന്തോഷം അധികമുണ്ടായി എന്നു സാരം. സഃ അസൌ വീരഃ നൈരൃതപുംഗവഃ=ആ ഈ വീരനായ രാക്ഷസശ്രേഷ്ഠൻ. കഥം ഗിരാം വീഥീം ഗാഹതേ=എങ്ങിനെ വാക്കുകൾക്കു വിഷയമാകുന്നു. അവർണ്ണ്യൻതന്നെ.

൩൨. രക്ഷോനാഥേ=രാവണൻ. നവ മൂർദ്ധ്നഃ അപി ഛിത്വാ=ഒമ്പതു തലകളേയും മുറിച്ചിട്ട്. അഥ ക്ഷണേന

=പിന്നെ ഒട്ടും താമസിക്കാതെ. സ്വയം=താൻ തന്നെ. ദശമം ഛേത്തും ഉദ്യുക്തമാനേ=പത്താമത്തെ തലയെ മുറിപ്പാൻ ഭാവിച്ച സമയത്തിങ്കൽ. ഝടിതി=വേഗത്തിൽ. പൃഥ്വീചക്രം ചകമ്പേ=ഭൂചലനമുണ്ടായി. ദശ ദിശഃ ഘോരവാതപ്രചാരാഃ=പത്തു ദിക്കിലും കൊടുങ്കാറ്റു വീശി തേ സപ്താംഭോരാശയഃ=ഏഴു സമുദ്രങ്ങളും. ക്ഷുഭിതജലഭരാഃ=കോളിളകി മറിഞ്ഞു വശായി. ഗോത്രശൈലാഃ ദുസ്ഥിതാഃ=കുലപർവ്വതങ്ങളെല്ലാം കുലുങ്ങിപ്പോയി. ത്രിജഗതി=മൂന്നു ലോകത്തിലും. കല്പാവസാനഭ്രമഃ അഭൂൽ കില=പ്രളയകാലമായോ എന്നുള്ള ഭ്രമം ഉണ്ടായിപോൽ.

൩൩. പംക്തിഗ്രീവേ=രാവണൻ. തദാനീം=അപ്പോൾ. നിജ.....ച്ഛേദനായ=തന്റെ പത്താമത്തെ തലയറുപ്പാൻ ആത്തശസ്ത്രേ=വാളെടുത്തപ്പോൾ. തത്ര=അവിടെ. സമസ്താഃ ലോകപാലാഃ=ഇന്ദ്രാദികളായ അഷ്ടദിക്പാലന്മാരെല്ലാവരും. സന്തപ്താഃ=സന്താപത്തോടുകൂടിയവരായി. അവശധിയഃ=മനസ്സിനു സമാധാനമില്ലാത്തവരായി. സന്ത്രസ്തഃ=ഭയപ്പെട്ടു കിം ച=അത്രതന്നെയല്ല. പ്രോദ്ദാമ......സ്വാന്തഃ=ഉൽക്കടമായ അവന്റെ സാഹസംകൊണ്ടുണ്ടായ സംഭ്രമത്താലും സന്തോഷത്താലും ചഞ്ചലഹൃദയനായി. ഭഗവാൻ പാർവ്വതിപ്രാണനാഥഃ=ശ്രീപാർവ്വതീവല്ലഭനായ ഭഗവാൻ. അന്തർദ്ധാസഹിഷ്ണുഃ സമജനി=അപ്രത്യക്ഷനായിരിപ്പാൻ കഴിവില്ലാത്തവനായിത്തീർന്നു.

൩൪. സഃ ഭഗവാൻ, തദാ പുരഃ പ്രാദുർഭൂയ=ആ ഭഗവാൻ അപ്പോൾ (അവന്റെ) മുമ്പിൽ പ്രത്യക്ഷമായിട്ട്. ഭോ

ഭോ വത്സ! ലങ്കേശ്വര!=അല്ലയോ! ഉണ്ണി! രാവണ! സാഹസം മാ മാ കൃഥാഃ=സാഹസം ചെയ്യരുതു; ചെയ്യരുത തേ ശിരാംസി സന്ദധതു=നിന്റെ തലകൾ സന്ധാനം ചെയ്യട്ടെ. (വീണ്ടും മുമ്പിലത്തെ സ്ഥാനത്തുകൂടിച്ചേരട്ടെ) ഇതി ആലപൻ=ഇങ്ങനെ പറഞ്ഞുകൊണ്ട് ധൂർജ്ജടിഃ=ശിവൻ. സദ്യഃ......കീർണ്ണാം=അപ്പോൾതന്നെ മുറിക്കപ്പെട്ട കഴുത്തുകളിൽനിന്നു വീണ ചോരത്തുള്ളികൾ പരന്നിരിക്കുന്നതായ സ്ഥലീം=അവന്റെ ചുമലിനെ. സ്വേന ഇഭാജിനപല്ലവേന=തന്റെ ആനത്തോലാകുന്ന മൃദുവസ്ത്രംകൊണ്ട്. മൃദിതഃ=സന്തുഷ്ടനായിട്ട്. പ്രാസ്ഫോടയൽ=തുടച്ചു. ഭഗവാന്റെ ഭക്തവാത്സല്യം സ്പഷ്ടമായിരിക്കുന്നു.

൫൦. മാനാധ്മാതഃ=വളരെ അഭിമാനമുള്ളവനും, കൃത്ത......മാനഃ=മുറിച്ചിട്ടു വീണ്ടും മുളച്ചുണ്ടായ നല്ല തലകളെക്കൊണ്ടു ശോഭിച്ചുകൊണ്ടിരിക്കുന്നവനുമായ രാവണൻ. പ്രീതഃ=സന്തുഷ്ടനായിട്ട്. അർദ്ധാംഗേ=സ്ത്രീം. പഞ്ചയിത്വാ=പകുതി ഉടലിൽ ഉള്ള (എടത്തുഭാഗത്ത്) സ്ത്രീയെ (ശ്രീപാർവ്വതിയെ) വകവെക്കാതെ (സ്ത്രീയെ വന്ദിക്കുന്നതു തന്റെ അഭിമാനത്തിനു കുറവായിത്തീരുമെന്നു വിചാരിച്ചിട്ട്). സുഖേന=സുഖമായിട്ട്. ശംഭോഃ=ശിവന്റെ. ഏകപാദേ=ഒരു കാക്കൽ. (വലത്തു കാലിനു നേരെ) പപാത=വീണു. (നമസ്കരിച്ചു.)

൫൧. യഃ=യാവനൊരുത്തൻ. പഞ്ചാനാം പാവകാനാം അപി മഹസി=പഞ്ചാഗ്നിമദ്ധ്യത്തിൽ. ദുശ്ചരം തപഃ ചരിത്വാ=സഹിപ്പാൻ പ്രയാസമുള്ള തപസ്സിനെ ചെയ്തിട്ട്. കണ്ഠമാലാം=കഴുത്തുകളുടെ കൂട്ടത്തെ. പ്രച്ഛിദ്യ=മുറിച്ചിട്ട്. പാർവ്വതീപ്രാണനാഥേ=ശ്രീപാർവ്വതീവല്ലഭൻ. (ശിവൻ) ദൃശോഃപഥി ഭവതി=പ്രത്യക്ഷനാവുകയും, വക്ത്രേഷു......ആവിർഭൂതേ

ഷ്ഠ=തലകൾ വീണ്ടും മുളച്ചുണ്ടാവുകയും ചെയ്യു സമയത്തിങ്കൽ. അമരവരസഭേ=ദേവകളുടെ സഭയിൽ. യോഷിത് ഇതി=സ്ത്രീയാണെന്നുള്ള കാരണത്താൽ. അദ്രികന്യാം=ശ്രീപാർവ്വതീദേവിയെ. ന പ്രാണംസീൽ=നമസ്കരിച്ചില്ല; സഃ നൈരൃതേന്ദ്രഃ=ആ രാക്ഷസേന്ദ്രൻ, കഥം വാചാം വിഷയം ഗാഹതേ=എങ്ങനെ വാക്കുകളുടെ വിഷയത്തെ പ്രാപിക്കുന്നു? ഒരു പ്രകാരത്തിലും വാക്കുകളെക്കൊണ്ടു വർണ്ണിക്കപ്പെട്ടാവുന്നവനല്ല എന്നു താല്പര്യം.

൩൦. തിസൃണാം പുരാം അപി രിപൌ സന്തുഷ്ടേ=ത്രിപുരാന്തകനായ ഭഗവാൻ പരമശിവൻ പ്രസാദിച്ച സമയത്തിങ്കൽ കണ്ഡൂല......ശിരസഃ=തരിപ്പുള്ള കൈകളുടെ സമൂഹംകൊണ്ടു കളിയായി മുറിക്കപ്പെട്ടവയും വീണ്ടും മുളച്ചുണ്ടായവയും ആയ തലകളോടു കൂടിയവനും; വരം ലിപ്സോഃ=വരത്തെ ആഗ്രഹിക്കുന്നവനും, വീരസ്യ=വീരനുമായ. രാക്ഷസപതേഃ=രാക്ഷസരാജാവിന്റെ (രാവണന്റെ) യാച്ഞാദൈന്യപരാഞ്ചി=മറ്റൊരാളോട് ഏതെങ്കിലും ഒന്നു യാചിക്കുക എന്ന അപമാനത്തിൽനിന്നു പിന്തിരിഞ്ഞവയായ. മുഖാനി=മുഖങ്ങൾ. തസ്മിൻ ക്ഷണേ=ആ സമയത്തു. മിഥഃ=അന്യോന്യം. ത്വം വൃണു ത്വം വൃണു ഇതി=നീ ചോദിക്ക്, നീ ചോദിക്ക്, എന്നിങ്ങനെ. അലിതഃ=ചുററം. കലഹായന്തേ സ്മ=കലഹിച്ചു. (അഭിമാനിയായ രാവണന്റെ മുഖങ്ങൾക്കു യാഞ്ചാദൈന്യം ദുസ്സഹമായിരുന്നു എന്നു സാരം.

൩൧. മുഗ്ധേ......കരുണയാ=ചന്ദ്രചൂഡനായ ശിവന്റെ കൃപയാൽ. വിശ്വ......വിധ്വംസായ=സകല ലോകങ്ങളുടെയും അഭിവൃദ്ധിയേയും നശിപ്പിപ്പാൻ. ഉത്തരംഗം വരം ലബ്ധ്വാ=ശക്തിയുള്ളതായ വരത്തെ ലഭിച്ചിട്ട്. ഉദിത......ചേതാഃ=ഉണ്ടായ അത്യുൽക്കടമായ ഗർവ്വുകൊണ്ട് ഉന്മിഷിതനായ രാ

വണൻ; നിദ്രാ......വഞ്ചിതൌ സ്വാനുജൌ തൌ=ഉറക്കം, വിഷ്ണുസേവ എന്നുള്ള രണ്ടു വരങ്ങളാൽ വഞ്ചിതന്മാരായവരും തന്റെ അനുജന്മാരുമായ ആ കുംഭകൎണ്ണവിഭീഷണന്മാരെ. ധിക്കുൎവ്വൻ=നിന്ദിക്കുന്നവനായിട്ട്. ഉഗ്ര......ഉജ്ഝിതാം ലങ്കാം പ്രാപ=(തന്റെ) ഭയങ്കരമായ പരാക്രമത്താൽ പേടിച്ചു വിറച്ച വൈശ്രവണനാൽ ഉപേക്ഷിക്കപ്പെട്ടതായ ലങ്കാപുരത്തെ പ്രാപിക്കുകയും ചെയ്തു.

൩൯. ലങ്കാപുരീം ഉപഗതം=ലങ്കാപുരിയെ പ്രാപിച്ചവനും, ഗിരിജാ......ഗൎവ്വിതം=ശിവന്റെ കൃപയാൽ കിട്ടിയ വരം നിമിത്തം ഗൎവ്വിതനും, ഏക വീരം=മഹാവീരനും ആയ. രാവണം ആകൎണ്ണ്യ=രാവണനെക്കുറിച്ചു കേട്ടിട്ട്. പാതാളഗാഃ തേ അശേഷനിശാചരാഃ=പാതാളവാസികളായ സകല രാക്ഷസന്മാരും. ഉദസ്തഖേദാഃ=ദുഃഖം കൈവിട്ടവരായിട്ട്. സമുപതസ്ഥുഃ=(ലങ്കയിൽ വന്ന്) രാവണനെ സേവിച്ചിരുന്നു.

൪൦. അഥ=അനന്തരം വിഹാലിത......ചക്രവാളഃ =ലോകം മുഴുവൻ ജയിച്ചു കീഴടക്കിയവനായ. സഃ രാക്ഷസചക്രവൎത്തീ=ആ രാക്ഷസചക്രവൎത്തി; വിദ്യുജ്ജിഹ്വായ സ്വസാരം ശൂൎപ്പണഖാം ദത്വാ=വിദ്യുജ്ജിഹ്വന്നു സഹോദരിയായ ശൂൎപ്പണഖയെ വിവാഹം ചെയ്തു കൊടുത്തിട്ട്. പ്രിയതമാം മണ്ഡോദരീം ഉപലഞ്ജമാനഃ=ഭാൎയ്യയായ മണ്ഡോദരിയോടുകൂടി നാനാവിധ സുഖങ്ങളേയും അനുഭവിച്ചുകൊണ്ട്; ലങ്കാപുരേ അരമത=ലങ്കാപുരത്തിൽ സന്തോഷത്തോടുകൂടി വസിച്ചു.

ഇനി എട്ടു ശ്ലോകംകൊണ്ടു രാവണന്റെ പരാക്രമം വൎണ്ണിക്കുന്നു

൪൧. രജതശിഖരിണം=വെള്ളിക്കുന്നിനെ (കൈലാസപൎവ്വതത്തെ) പന്താക്കീട്ടെന്നപോലെ. വിലാസം തഞ്ചി=

കളിയായിട്ട്. പാണിപതേമ=കയ്യിൽ. കൈകൊണ്ട്=എടുത്തു്. പത്തമ്പതു മറി=പത്തമ്പതു പ്രാവശ്യം. കളിയമ്മാനം ആട്ടം ദശായാം=അമ്മാനാട്ടക്കളി നടത്തുന്ന സമയം. ആകുലതരം=സംഭ്രമത്തോടുകൂടി. അഞ്ചിക്കൊഞ്ചിക്കുഴഞ്ഞു്=തളൎന്നു്. അചലപ്പൈതൽ=ശ്രീപാൎവ്വതി പുൽകി=ആലിംഗനം ചെയ്കതിനാൽ. പ്രസാദി=സന്തുഷ്ടനായ; കഞ്ജ......വൈരി=കാമാരിയായ ശിവൻ. വരം അരുളിന=വരം കൊടുത്തവനായ. ലങ്കേശ്വരന്നു്=രാവണന്നു. ആരും ഒവ്വാ=ആരും ഒക്കുകയില്ല.

൪൨. ഗിരൌ ജവേന ചലിതേ=രാവണൻ കൈലാസത്തെ പൊട്ടെന്നു് എടുത്തു് അമ്മാനമാടിയ സമയത്തിങ്കൽ. ഝടിതി=ക്ഷണത്തിൽ. വീതകോപോദയാ=പ്രണയകോപം തീൎന്നു്. തദാത്വ......ബിംബാ=തൽക്കാലമുണ്ടായ ഭയസംഭ്രമങ്ങൾകൊണ്ടു സ്ഥാനത്തു നിന്നിഴിഞ്ഞ അരഞ്ഞാണിന്മേൽ തൂങ്ങിക്കിടക്കുന്ന പട്ടുവസ്ത്രംകൊണ്ടു മറയ്ക്കപ്പെട്ടതായ നിതംബപ്രദേശത്തോടുകൂടിയവളായ; അംബികാ=ശ്രീപാൎവ്വതി. സ്വയം ഉപേത്യ=തന്നെത്താനേ ഓടിച്ചെന്നു്. ജഗദീശിതുഃ കണ്ഠഗ്രഹം ചകാര=ശ്രീപരമേശ്വരന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു. ഇതുകൊണ്ടു രാവണന്റെ കൈലാസോദ്ധരണം എന്ന സാഹസകൎമ്മം ശ്രീപരമേശ്വരന്നു പാൎവ്വതീപ്രണയകലഹശാന്തിക്കു പരമസിദ്ധൌഷധമായിത്തീൎന്നുവെന്നും, അതിനാൽ സന്തുഷ്ടനായ ഭഗവാൻ ചന്ദ്രഹാസാദികളെക്കൊണ്ടു രാവണനെ സമ്മാനിച്ചുവെന്നും ഉള്ള പുരാണകഥ സിദ്ധമായി.

൪൩. ഏണാങ്കൻ=ചന്ദ്രൻ. സതതം=എപ്പോഴും (എല്ലാ ദിവസവും) സമ്പൂൎണ്ണതേന തന്നെ=എല്ലാ കലകളും തികഞ്ഞവനായിട്ടുതന്നെ. ഉദിതൻ ആകേണം=ഉദിക്കണം. അൎക്കന്നു്=സൂൎയ്യന്നു് അംഭോജന്മങ്ങൾ=താമരപ്പൂക്കൾ. (സൂൎയ്യരശ്മികൾ തട്ടാഞ്ഞാൽ താമരപ്പൂക്കൾ വിടരുകയില്ലല്ലോ) വമ്പാർ പൂന്തെ

ന്നൽ=ഭൂമിയിലുള്ള പുഷ്പസൌരഭ്യത്തോടുകൂടിയ കാററ്. വന്ദി... ...കമ്പേന=ബലമായി പിടിച്ചുകൊണ്ടവനും തന്റെ അധീനത്തിൽ വച്ചിരിക്കുന്ന ദേവസ്ത്രീകളുടെ വസ്ത്രങ്ങളെ ഇളക്കുന്നതുകൊണ്ടു്. മുമ്പേ=തന്റെ മുൻഭാഗത്തു്. സംഭാവ്യാത്മാ=സൽകൃതനായിട്ടു്. തദങ്കേ=അവന്റെ സമീപത്തിൽ. വിഹൃതിം അകൃത=ക്രീഡിച്ചു ചന്ദ്രൻ, സൂൎയ്യൻ, വായു മുതലായവരും കൂടി അവന്റെ സുഖത്തിനു് അനുകൂലമാകുംവണ്ണം വ്യാപരിച്ചുകൊള്ളണം എന്നു താൽപൎയ്യം.

൪൮. നിശാന്ത......ആഗസാ അപി=അന്തഃപുരസ്ത്രീകളുടെ ഉടുപുടവകളെ ഇളക്കുന്നതുകൊണ്ടു വ്യക്തമായ അപരാധത്തോടുകൂടിയവനാണു് എങ്കിലും. ഊരുഷു=(അവരുടെ) തുടകളിൽ ലോലചക്ഷുഷഃ തസ്യ=കണ്ണു പതിച്ചുകൊണ്ടിരിക്കുന്നവനായ അവന്റെ. പ്രിയേണ പ്രകമ്പനേന=ഇഷ്ടനായ വായുവിനാൽ. അനപരാധബാധിതാഃ സുരാഃ=കുററം കൂടാതെ പീഡിപ്പിക്കപ്പെട്ട ദേവന്മാർ. അനുചകമ്പിരേ=ദയാവിഷയന്മാരാക്കപ്പെട്ടു. (നിരപരാധികളായിട്ടുള്ളവരുംകൂടി ചിലപ്പോൾ അവിവേകികളായ പ്രഭുക്കന്മാരുടെ കോപത്തിനു പാത്രങ്ങളായിത്തീരാറുണ്ടെന്നും, അങ്ങനെയുള്ളവർ ആ പ്രഭുക്കന്മാരുടെ സേവകന്മാരുടെ ശിപാൎശവഴിക്കു കോപത്തിൽനിന്നു വിമുക്തന്മാരായിത്തീരാറുണ്ടെന്നും ഉള്ള ലോകസ്വഭാവം ഇതിൽനിന്നു വ്യക്തമാകുന്നു. ഈ ശ്ലോകം മാഘകാവ്യത്തിലുള്ളതാണു്.

൪൯. ഭീരുസ്വാന്തഃ മഹേന്ദ്രൻ=ഉള്ളിൽ പേടിയോടുകൂടിയവനായ ദേവേന്ദ്രൻ. ഗോപുരം കാത്തുനിൽക്കുന്നോരേ=ഗോപുരം കാവൽക്കാരെ കണ്ടും പാറാഞ്ഞും (സേവാകൂടി അകത്തു കടക്കാൻ തരംനോക്കിക്കൊണ്ടു് എന്നു സാരം.) പല വഴിയിൽ ഇരുന്നിടിലും കാൺക പാഠം. (ഇതു കവിയുടെ അനുകമ്പാപ്രകാശനം) ഘോരം=ഭയങ്കരമാകുംവണ്ണം. ഭ്രൂവല്ലികൊണ്ടു്=പുരികക്കൊടി ഇളക്കുന്നതുകൊണ്ടു്. അവരോടു്=(ഗോപുരപാലകന്മാരോടു്) അ-

കാണ്ഡേ=കാരണം കൂടാതെ ചിലപ്പോൾ. ചൂരക്കോൽകൊണ്ടു കൊള്ളും പരിച്=ചൂരക്കോൽകൊണ്ട് അടി കൊള്ളുന്നപോലെ. (മഹാന്മാർക്കു നിസ്സാരന്മാരുടെ ഈ വക അനാദരവ്യാപാരങ്ങൾ പോലും ദുസ്സഹമാണല്ലോ.) ജഗതി=ലോകത്തിൽ.

൪൬. മണി......ഹസ്തൈഃ തദ്വാരപാലൈഃ=വടി കയ്യിൽ പിടിച്ചുനില്ക്കുന്ന അവന്റെ (രാവണന്റെ) ദ്വാരപാലന്മാരാൽ കിരീടകോടീഷു=കിരീടങ്ങളുടെ അഗ്രങ്ങളിൽ. കൃതപ്രഹാരാഃ=അടിക്കപ്പെട്ടവരായ. കമലാസനാദ്യാഃ=ബ്രഹ്മാവു മുതലായ. നാകൌകസഃ=സ്വർഗ്ഗവാസികൾ (ദേവന്മാർ) കൈങ്കര്യസിദ്ധ്യൈ=സേവ ചെയ്യാനായിക്കൊണ്ട്; അവസരം ന ലഭന്തേ=അവസരം ലഭിക്കുന്നില്ല.

൪൭. "രക്ഷോനാഥ! ജയ" ഇതി=അല്ലയോ രാക്ഷസരാജാവേ! അങ്ങുന്നു സർവ്വോൽക്കർഷേണ വർത്തിച്ചാലും. എന്നിപ്രകാരം; പ്രണമനവും ഇയന്ന്=നമസ്കാരത്തോടുകൂടി. അന്തിയാം നേരമേ വന്ന് ഉൽക്കുലോ......പ്രഭയിൽ=അതിരില്ലാത്ത വണ്ണം പ്രകാശിക്കുന്ന രത്നങ്ങളുടെ ശോഭയിൽ. ഉലകിടം മുഴുമാറ്=ലോകം മുഴുക്കെ അത്തവണ്ണം ഉപാന്തേ=സമീപത്തിൽ. അർക്കാ......അവസാനേ=സൂര്യന്റെ പ്രകാശം ഇല്ലാതെയാകുമ്പോൾ. നിരവിൽ=ഭിത്തിയിൽ. (ചുവരിന്മേൽ) ചൂഴം=ചുറ്റം. എട്ടും=എട്ടു ദിക്കിലും ഫണിവരർ=വാസുകി മുതലായ സർപ്പങ്ങൾ. ഇഹ=ഇവിടെ.

"ജ്വലന്മണി ശിഖാശ്രേണം
വാസുകിപ്രമുഖാ നിശി.
സ്ഥിരപ്രദീപതാമേത്യ
ഭുജംഗാഃപര്യുപാസതേ".

എന്ന കുമാരസംഭവശ്ലോകം നോക്കുക.

൪൬. വാനോരേ=ദേവകളെ. ആത്മ......ഉദ്യാനേ=
തന്റെ പൂങ്കാവിൽ മണ്ഡോദരിദൃഷ്ടികൾ മദം അണിവാൻ
=തന്റെ ഭാൎയ്യയായ മണ്ഡോദരിയുടെ കണ്ണുകൾക്കു് ആനന്ദം ഉ
ണ്ടാകുവാൻ ഊഢശോഭം=വളരെ ഭംഗിയായി. ഊനാപായം
=കേടുകൂടാതെ. വളൎത്തീടിന കനകലതാവാടി=ദിവ്യപുഷ്പങ്ങ
ളുണ്ടാകുന്ന തോട്ടം. ത്രിദശതടിനി=ദേവനദി (സ്വൎഗ്ഗംഗാ).

ഇപ്രകാരം രാവണന്റെ പ്രതാപാതിശയത്തെ വൎണ്ണിച്ചതിന്നു
ശേഷം, അവന്റെ ദൌഷ്ട്യംകൊണ്ടു ലോകത്തിനുള്ള ഉപദ്രവങ്ങ
ളെ ഒരു ഗദ്യംകൊണ്ടു വിവരിക്കുന്നു.

ഗദ്യം ൨. അഥ=അനന്തരം. കൈകസീ......നാരാ
ചേനാ=കൈകസിയുടെ പുണ്യമാകുന്ന വിഷവൃക്ഷത്തിന്റെ പുറ
മുള്ള വേരുകളെ മുറിക്കുന്ന മഴുവായിട്ടുള്ളവനും; പുലസ്ത്യ......
കജ്ജലേന=പുലസ്ത്യമുനിയുടെ തപസ്സാകുന്ന വിളക്കിന്റെ മഷിയാ
യിട്ടുള്ളവനും; പ്രമഥ......സൎവ്വസ്വേന=ശിവന്റെ അനുഗ്ര
ഹമാകുന്ന സൂൎയ്യന്റെ ലോകത്തെ ദഹിപ്പിപ്പാനുള്ള എല്ലാ ശക്തിയും
കൂടി ഒന്നായിത്തീൎന്നിട്ടുള്ളവനും; മന്ദീ......മഹേന്ദ്രേണ=ദേവേ
ന്ദ്രനെ നിസ്സാരനാക്കിയവനും; വന്ദീകൃത......ചക്രവാളേന=
ബലമായി പിടിച്ചു ബന്ധിക്കപ്പെട്ടിരിക്കുന്ന ദേവസ്ത്രീകളുടെ തലമു
ടിക്കെട്ടിന്റെ സുഗന്ധമേറിയ വാസനയോടുകൂടിയ കൈത്തലത്താൽ
ഇളക്കപ്പെട്ട ചന്ദ്രഹാസത്തിന്റെ മൂൎച്ചയിൽനിന്നുണ്ടായ കീൎത്തിയെ
സകലദിക്കുകളിലും വ്യാപിപ്പിച്ചവനും; വഹ്നിം അപി നിഹ്നു
വാനേന= അഗ്നിയെക്കൂടി ഒളിപ്പിച്ചവനും, (തന്റെ പ്രതാപം
കൊണ്ടു തോല്പിച്ചിട്ടു് എന്നു സാരം) ദണ്ഡിനം അപി ദണ്ഡയ
താ=കാലനെക്കൂടി ദണ്ഡിപ്പിക്കുന്നവനും; പ്രചേതസം അപി വി
ചേതീകുൎവ്വതാ=വരുണനെക്കൂടി കുണ്ഠിതനാക്കിത്തീൎക്കുന്നവനും; ധ

ദ്രാൻ അപി വിദ്രാവയതാ=ഏകാദശരുദ്രന്മാരെക്കൂടി ഓടിക്കുന്നവനും; വസൂൻ അപി അവസ്കൃതവതാ=അഷ്ടവസുക്കളേയും, തേജസ്സില്ലാത്തവരാക്കിയവനും, ചന്ദ്രം അപി നിന്ദതാ=ചന്ദ്രനെക്കൂടി നിന്ദിക്കുന്നവനും, രവിം അപി രാവയതാ=സൂൎയ്യനെക്കൂടി കരയിക്കുന്നവനും, വിദ്യാ......ധരേണ=വിദ്യാധരന്മാരെ ഓടിക്കുന്നവനും, ഗന്ധൎവ്വ......കഷേണ=ഗന്ധൎവ്വന്മാരുടെ അഹങ്കാരമെല്ലാം നശിപ്പിക്കുന്നവനും; കിമ്പുരുഷ......ലമ്പടേന=കിമ്പുരുഷന്മാരുടെ കൂട്ടത്തെ പേടിപ്പിച്ചു വിറപ്പിക്കുന്നവനും; യക്ഷ......ഉൽക്ഷേപേണ=ശ്വാസം ഇളക്കുന്നതുകൊണ്ടുതന്നെ യക്ഷന്മാരുടെ ജാതിയേക്കൂടി പേടിപ്പിച്ച് ഓടിക്കുന്നവനും, കിന്നര......സന്നാഹേന=കിന്നരവൎഗ്ഗത്തിനു ഖിന്നത വരുത്തുവാൻ സന്നദ്ധനായിട്ടുള്ളവനും, സിദ്ധ......ഘോഷേണ=സിദ്ധന്മാരുടെ മനസ്സിനു ദുസ്സഹമായ വേദനയുണ്ടാകുന്ന ഒരൊലിയോടുകൂടിയവനും, ഗ്രഹ......വിക്രമേണ=നവഗ്രഹങ്ങളേയും കഴുത്തിൽ പിടിച്ചു തള്ളുവാൻ മടിക്കാത്തതും തടവില്ലാത്തതുമായ പരാക്രമത്തോടുകൂടിയവനും, കാല......ധരേണ=സംഹാരരുദ്രതുല്യനും ആയ ദശകന്ധരേണ=രാവണനാൽ. സകലലോകേഷു സമാക്രാന്തേഷു=എല്ലാ ലോകങ്ങളും ആക്രമിക്കപ്പെട്ട സമയത്തിങ്കൽ. മേരൌ മരുപസ്ഥായേ=മഹാമേരു മരുഭൂമിയായും. കൈലാസേ കലിതസന്ത്രാസേ=കൈലാസം ഭയത്തോടുകൂടിയതായും; മന്ദരേ ഭഗ്നകന്ദരേ=മന്ദരപൎവ്വതം ഗുഹകൾ തുറന്നതായും; പാരിയാത്രകേ സത്രശൂന്യേ=പാരിയാത്രം (യാഗം) ഇല്ലാത്തതായും; സഹ്യേ സഹ്യേതരപീഡേ=സഹ്യപൎവ്വതം സഹിപ്പാൻ വയ്യാത്ത പീഡയോടുകൂടിയതായും; മലയേ സംപ്രാപ്തവിലയേ=മലയം പൎവ്വതം നശിക്കാറായും തീൎന്നപ്പോൾ; താമ്രവൎണ്ണീ......തോയാ

നി ഘൂർണ്ണിതാനി=താമ്രവർണ്ണീനദിയിലെ വെള്ളമെല്ലാം കലക്കി മറിക്കപ്പെട്ടു; ചൂർണ്ണി......ജാതാനി=ചൂർണ്ണീനദിയിയിലെ തിരമാലകൾ നശിപ്പിക്കപ്പെട്ടു; കാവേരീജലാനി കബളിതാനി=കാവേരിനദിയിലെ വെള്ളമെല്ലാം കുടിച്ചുവററിക്കപ്പെട്ടു. കളിന്ദകന്യാ കലുഷിതാ=കാളിന്ദീനദിയെ കലക്കി മറിച്ചു; ഗംഗാ അപി പ്രാപ്തഭംഗാ=ഗംഗാനദിക്കും ഒഴുക്കിനു തടവു വരുത്തി; കോസലാഃ കുശലേതരാഃ=കോസലരാജ്യവാസികൾ ആപത്തിൽ അകപ്പെട്ടു; ഹൈഹയാഃ മോഹശാലിനഃ=ഹൈഹയരാജ്യവാസികൾ മോഹാലസ്യപ്പെട്ടു. കേകയാഃ വ്യാകുലാഃ=കേകയരാജ്യത്തുള്ളവർ പരവശന്മാരായി; സിംഹളാഃസംഹൃതകളകളാഃ=സിംഹളദേശത്തുള്ളവരുടെ ഒച്ച കേൾക്കാതെയായി; മഗധാഃ മഹോ...വന്ധ്യാഃ=മഗധരാജ്യത്തുള്ളവർ തേജസ്സില്ലാത്തവരായി; നിഷധാഃ നിഷിദ്ധമൎയ്യാദാഃ=നിഷധരാജ്യത്തുള്ളവർ മൎയ്യാദയില്ലാത്തവരായി; (ദാരിദ്ര്യം നിമിത്തം കത്തികാവെച്ചു മുതലായ മൎയ്യാദകേടുകൾ ചെയ്തുതുടങ്ങി). മദ്രാഃ വിസ്മൃത നിദ്രാസുഖാഃ=മദ്രദേശക്കാർ നിദ്രാസുഖത്തെക്കൂടി മറന്നു; കലിംഗാഃ കലഹപ്രാപ്തഭംഗാഃ=കലിംഗന്മാർ യുദ്ധത്തിൽ പരാജിതന്മാരായി; തുലിംഗാഃ തുരംഗഭംഗസങ്കുലാഃ=തുലുക്കർ അവരുടെ കുതിരകൾ നശിക്കയാൽ പരവശന്മാരായി; കർണ്ണാടാഃ രക്ഷോ...പുടാഃ=കർണ്ണാടകദേശവാസികൾ രാക്ഷസന്മാരുടെ അട്ടഹാസം കേട്ടു പേടിച്ചു കർണ്ണങ്ങൾ അടച്ചവരായി; വംഗാഃ വന്ധ്യനൃത്തരംഗാഃ=വംഗദേശക്കാരുടെ നൃത്തരംഗം (നാടകശാല) ശൂന്യമായി; ചോളാഃ കുലതാനിചോളാഃ=ചോളരാജ്യക്കാർ കാട്ടുവള്ളികൊണ്ടു ദേഹം മറച്ചുതുടങ്ങി.) വസ്ത്രമില്ലാഞ്ഞിട്ടു മരത്തിന്റെ തോലും വള്ളികളും ഉടുത്തുതുടങ്ങി.) കേരളാഃ ഭീതിതരളാഃ=കേരളവാസികൾ

പേടിച്ചു വിറച്ചു പരവശരായി; പാണ്ഡ്യാഃ പരിഹൃതതാണ്ഡവാഃ= പാണ്ഡ്യന്മാരുടെ താണ്ഡവം (ആട്ടം) ഇല്ലാതെയായി; കിം ബഹുനാ= എന്തിനധികം വിസ്തരിക്കുന്നു? ചതുർദ്ദശ ഭുവനേ അപി സർവ്വത്ര സദാ ഏവ= ഈരേഴുപതിനാലു ലോകങ്ങളിലും എല്ലാടവും എല്ലാപ്പോഴും; ധർമ്മാ വിനമ്രാഃ= ധർമ്മങ്ങൾ അധഃപതിച്ചു; വിദ്യാഃ നിവൃത്താഃ= വിദ്യകൾ (വേദാദികൾ) പ്രചാരശൂന്യങ്ങളായി; സുരതാനി വിരതാനി= സുഖാനുഭവങ്ങളൊക്കെ അസ്തമിച്ചു; സ്വാഹാകാരം വിനാ= സ്വാഹാകാരം കൂടാതെ. ('സ്വാഹാ' എന്നതു, ഹോമത്തിനുള്ള മന്ത്രങ്ങളുടെ അവസാനത്തിൽ ചേർക്കുന്ന ഒരു ശബ്ദമാണ്.) കേവലം ഹാഹാകാരഃ ഏവ ആവിരാസീൽ= കേവലം ഹാ! ഹാ! (അയ്യോ! അയ്യോ! എന്നുള്ള ഭയസൂചക ശബ്ദം) മാത്രം ആയിത്തീർന്നു കാർത്തവീര്യാർജ്ജുനവിജയം തുള്ളൽ ഇതിന്റെ അനുകരണമാണ്.

൪൯. പ്രപഞ്ചേ ഏവംഭൂതേ= സകല ലോകങ്ങളും ഇപ്രകാരമായിത്തീർന്നപ്പോൾ. ഭയപരവശരായ്= പേടിച്ചു വിറച്ച്. അങ്ങുമിങ്ങും കിടക്കും ഇന്ദ്രാദികൾ (ആയ) ദേവവ്രാതങ്ങൾ= ദേവസംഘങ്ങൾ വിധിഗിരിശന്മാരോടുംകൂടി= ബ്രഹ്മാവിനോടും ശിവനോടും കൂടി. അഥ= അനന്തരം. ദേവാനാം ദേവം അംഭോ......നയനം ആലോകിതും= ദേവദേവനായ മഹാവിഷ്ണുവിനെ കാണ്മാനായിക്കൊണ്ട്. കൌതുകത്തിൻ കൈവല്യശ്രീ കളിക്കും കലശജലനിധിം നോക്കി= പരമാനന്ദ സാരം വിളയാടുന്ന പാലാഴിയെ ഉദ്ദേശിച്ച് (പാലാഴിയിലേക്കു) നേരേ നടന്നാർ= ചെന്നു.

൫൦. ചക്ര......ഭരം= മഹാവിഷ്ണുവിന്റെ മാറിടത്തിൽ ചാർത്തിയിരിക്കുന്ന തുളസിയുടെ സൌരഭ്യാതിശയം മൃഗനാഭി

സൌരഭം=കസ്തൂരിയുടെ സൌരഭ്യം. ആവഹൻ=വഹിക്കുന്നു്. മുഖ്യ.....മുദ്ഗമാരുതൻ=വിശേഷമായ പാൎക്കടലിലെ തിരമാലയിൽ തട്ടി വന്ന മന്ദവായു. (ഈ വിശേഷണങ്ങൾ വായുവിൻെറ സൌരഭ്യശൈത്യപാവനത്വാദി ഗുണങ്ങളെ കാണിക്കുന്നു.) തൽക്ഷണേന=ആ ക്ഷണത്തിൽ (പെന്ന സമയം തന്നെ.) അസുരപീഡിതാൻ സുരപുംഗവാൻ സുഖയാഞ്ചകാര=അസുരന്മാരാൽ പീഡിപ്പിക്കപ്പെട്ട ദേവശ്രേഷ്ഠന്മാരെ സുഖിപ്പിച്ചു. (ഇതൊരു ശുഭനിമിത്തവുമാകുന്നു.)

൭൫. മന്ദ മന്ദം=പതുക്കെപ്പതുക്കെ. അണിതെന്നൽ=മന്ദവായു ഇനിയ പാൽപ്പയോധിം=വിശേഷമായ പാൎക്കടലിനെ. അമരേശ്വരാഃ=ബ്രഹ്മാവു മുതലായ ദേവശ്രേഷ്ഠന്മാർ. മുന്നിൽ അങ്ങു കരുതീടിനാർ=മുമ്പിൽ അവിടെ കണ്ടു. നവസൂൎയ്യനോട്=ഉദിച്ചുവരുന്ന ആദിത്യനോടു. ഒന്നിനൊന്ന്=മേലേ മേലെ. പിശകുന്ന=മത്സരിക്കുന്ന. (ശോഭകൊണ്ടു് എന്നു സാരം) കൌസ്തുഭ.....പ്രഭയും=കൌസ്തുഭം എന്ന മഹാരത്നത്തിൻെറ കാന്തിയും. അഞ്ജസാ=വേഗത്തിൽ. (മുന്നിലങ്ങു കരുതീടിനാർ എന്നതിനോടു അന്വയം.)

൭൬. ദേവാഃ=ദേവകൾ അചിരേണ=വേഗത്തില്. ഏലാ......തമാലം=ഏലവള്ളികൾ ചുററിപ്പിണഞ്ഞു കിടക്കുന്ന പച്ചിലമരങ്ങളെക്കൊണ്ടു ശോഭിക്കുന്നതും വേലാ......മാലം=കരയിൽ അടിച്ചുകയറി തള്ളി അലയ്ക്കുന്ന തിരമാലകളോടു കൂടിയതും. മനസഃ അനുകൂലം=മനസ്സിന്നു സുഖകരവും ആയ. പയഃപയോധേഃ=പാലാഴിയുടെ; കൂലം പ്രൈക്ഷന്ത=തീരത്തെ കണ്ടു. (കൃഷ്ണവിലാസം കാവ്യം നാലാകം).

൭൭. അഥ=പിന്നെ. ദേവതാഃ=ദേവകൾ. പരം അ

ന്ധിനി=തീരത്തിൽ പ്രതിധ്വനിക്കുന്ന. വിഷ്ണു......ദൃശാം=വൈകുണ്ഠത്തിലുള്ള സുന്ദരിമാരുടെ, ചാരുഗീതനിനദങ്ങളോട് ഇടകലരന്ന്=മനോഹരമായ പാട്ടിന്റെ ശബ്ദത്തോടു കൂടിച്ചേർന്ന്. ക്ഷീര......ആരവം=പാലാഴിയിലെ തിരമാലകളിൽ നിന്നുണ്ടാകുന്ന ഘോരാരവം നിറഞ്ഞിട്ടു വിഷ്ണുവിന്റെ കയ്യിലുള്ള പാഞ്ചജന്യത്തിൽനിന്നു പുറപ്പെടുന്ന ശബ്ദത്തെ ഘുമു ഘുമു എന്നു (അനുകരണശബ്ദം) കേട്ടും. അധികപ്രമോദം=അളവറ്റ സന്തോഷത്തെ ഉപലേഭിരേ=ലഭിച്ചു. (പ്രാപിച്ചു) ഇവിടെ ഒൻപതു മുതൽ നാലു ശ്ലോകങ്ങളെക്കൊണ്ടു ദേവന്മാരുടെ രസനേന്ദ്രിയം ഒഴികെയുള്ള നാലു് ഇന്ദ്രിയങ്ങൾക്കു സിദ്ധിച്ച പരമാനന്ദത്തെ വർണ്ണിച്ചിരിക്കുന്നു.

൧൪. ക്ഷീരസിന്ധുവിൽ=പാലാഴിയിൽ, അനന്തനായ വളർമെത്തസീമനി=ആദിശേഷനാകുന്ന വലിയ മെത്തമേൽ. രമാ...കോരകം=...മഹാലക്ഷ്മിയുടെ സ്തനകട്മളം. യോഗനിദ്രയോട്=യോഗനിദ്രയോടുകൂടി. (വിഷ്ണുവിന്റെ ഉറക്കത്തിനു യോഗനിദ്ര എന്നു പുരാണപ്രസിദ്ധം) പരപൂരുഷം=ശ്രീനാരായണസ്വാമിയെ. സപദി=അപ്പോൾ. അമരേശ്വരാഃ=ദേവകൾ, കരകുട്മളം=കൂപ്പിയ കൈകളെ. ചാരുമൌലിയിൽ നിധായ=ശിരസ്സിൽ വച്ച്. (തലയിൽ കൈ കൂപ്പി) അവനൌ=ഭൂമിയിൽ. ദീൎഘം നിപേതുഃ=ദണ്ഡനമസ്കാരം ചെയ്തു.

൧൫. വിബുധാളി=ദേവസമൂഹം. പത്മനാഭൻ=മഹാവിഷ്ണു. മലർ......അംഭോരുഹം=ലക്ഷ്മീദേവിയുടെ മുഖകമലത്തെ. അനന്യപരൻ=അധികൻ തന്നെ തൽപരൻ. (പത്മനാഭവിശേഷണം) തേ അഭിഗമ്യലോകാഃ=ആ അടുത്തു ചെയ്തമാറി മനസ്സിണങ്ങിയവർ. നൃണാം=മനുഷ്യർക്കു. ഭാവിനീം=മേൽ വരു

വരൻ ഭേദകന്മാരെ. മനിഷിത......ആപ്തിയെ=ഇഷ്ടസിദ്ധിയെ. പ്രകടയന്തി=സ്പഷ്ടമാക്കുന്നു. (അവനവന്റെ മനസ്സിന്ന് ഇഷ്ടമായിട്ടുള്ള വസ്തുക്കളെ കാമി കണ്ടാൽ അഭീഷ്ടസിദ്ധി ഉടനെ ഉണ്ടാകുമെന്നു പ്രസിദ്ധം.)

ഇനി മൂന്നു ശ്ലോകംകൊണ്ടു മഹാവിഷ്ണുവിനെ വർണ്ണിക്കുന്നു.

൫൩. അമരപരിഷദാം=ദേവവൃന്ദങ്ങൾക്കു്. ആരാൽ=സമീപത്തിൽ. ആർത്തിയെ=ദുഃഖത്തെ. മഹാപ്രാഭവത്തിൻനിധാനം=മാഹാത്മ്യത്തിന്റെ ഇരിപ്പിടമായിട്ടുള്ള. പുരികലതികമേൽ=പുരികക്കൊടിയിൽ. വീക്ഷ്യദീക്ഷം=കണ്ണു പതിപ്പിച്ചുകൊണ്ടിരിക്കുന്ന. കനക്കും കാരുണ്യത്തിന്നധീനേക്ഷണം=വലുതായ കാരുണ്യത്തിനു വശമായ കടാക്ഷത്തോടുകൂടിയ. അഭിമതകല്പദ്രുമം=എല്ലാവരുടേയും അഭീഷ്ടങ്ങളെ നൽകുന്ന കല്പവൃക്ഷമായ. പത്മനാഭം=മഹാവിഷ്ണുവിനെ കാണായി.

൫൪. ഉന്നമ്രേ=ഉയർന്നതായ. പന്നഗ......തളിമേ=അനന്തനാകുന്ന മെത്തമേൽ. മന്ദസ്മിതംകൊണ്ടു്=പുഞ്ചിരികൊണ്ടു. അമരമുനികളെ=അടുക്കൽ സേവിച്ചു നില്ക്കുന്ന ദേവർഷിമാരെ. ആനന്ദയന്തം=ആനന്ദിപ്പിക്കുന്നവനായി. പ്രേമം=അനുരാഗം. മലരിൽ......ക്കുത്തിനെ=ലക്ഷ്മീദേവിയുടെ വസ്ത്രബന്ധത്തെ. കാഞ്ചീഗുണത്തെ=അരഞ്ഞാണിനെ. കരകമലതലംകൊണ്ടു്=കൈത്തലംകൊണ്ടു്. സംഭാവയന്തം=തടവിക്കൊണ്ടിരിക്കുന്നവനായി. ഇതെല്ലാം പൂർവ്വശ്ലോകത്തിൽ പറഞ്ഞിട്ടുള്ള (പത്മനാഭനെ എന്നതിന്റെ വിശേഷണങ്ങളാകുന്നു.)

൫൫. പ്രാജ്യാഭോഗം=ദേഹത്താലും വിസ്താരത്തോടുകൂടുംവണ്ണം. നവ......പ്രൌഢികൊണ്ടു്=ഏറ്റവും പുതുതാ

യ മഞ്ഞപ്പട്ടിന്റെ ശോഭകൊണ്ട്. പാർശ്വേ=സമീപത്തിൽ. അഞ്ജനാ......തുല്യം=അഞ്ജനപർവ്വതത്തോടു സദൃശനായി; സ്വേച്ഛാബീജം ചര......മയം അഖിലം വിശ്വചക്രം=തന്റെ ഇച്ഛയാകുന്ന കാരണത്തോടു കൂടിയതും, സ്ഥാവരജംഗമസ്വരൂപവുമായ സകല ലോകവും. പിറക്കുന്ന=ഉണ്ടാകുന്ന. ഔജ്വല്യാത്മാനം=മാഹാത്മ്യസ്വരൂപനായി; ആത്മജ്ഞതതടവിന യോഗീശ്വരൈഃ=ആത്മജ്ഞാനം സിദ്ധിച്ച യോഗീശ്വരന്മാരാൽ. ആശ്രിതാംഘ്രിം=ആശ്രയിക്കപ്പെട്ട പാദങ്ങളോടു കൂടിയവനും, ആയ 'പത്മനാഭനെ കാണ്മായി' എന്നന്വയം.

൩൯. വിരിഞ്ച......ആദ്യാഃ=ബ്രഹ്മാവു, ശിവൻ, ഇന്ദ്രൻ മുതലായ. വാനോർപാളി=ദേവസമൂഹം. നാളീകനേത്രനെ=മഹാവിഷ്ണുവിനെ. വണങ്ങി വണങ്ങി മേല നിറഞ്ഞ. പദഭക്തിരസേന=തൃപ്പാദങ്ങളിൽ ഭക്തിരസത്തോടു കൂടി. പരമം പുമാംസം=പരമപുരുഷനായ ഭഗവാനെ. ഗിരാ=വാക്കുകൊണ്ട്. പുകണ്ണിത്=സ്തുതിച്ചു.

ഇനി അഞ്ചു ശ്ലോകംകൊണ്ടു ദേവകളുടെ സ്തുതിയെ വിവരിക്കുന്നു.

൪൦. നളിനായത ലോചനായ=താമരപ്പൂവിന്റെ ഇതൾപോലെ നീണ്ട കണ്ണുകളോടു കൂടിയവനും; നാമാ......വൈഭവായ മഹാബലിയുടെ മഹത്വത്തെ നാമാവശേഷമാക്കിയവനും; നാനാ......പുടായ=ചരാചരാത്മകമായ സകല ലോകത്തെയും സൃഷ്ടിക്കുന്നവനായ ബ്രഹ്മാവിന്റെ ഉൽപത്തിസ്ഥാനമായ നാഭീപത്മത്തോടു കൂടിയവനും; പരസ്മൈ പുരുഷായ=പരമപുരുഷനും ആയ, നാരായണായ=നാരായണനായിക്കൊണ്ട്. നമഃ=നമസ്കാരം.

൱൧. ഹേ പോററി!=അല്ലയോ സ്വാമി!; തൊഴുകരം ഇതാ=കൂപ്പുകൈ ഇതാ (ഞങ്ങൾ ഇതാ അങ്ങയെ വന്ദിക്കുന്നു) പൂത്തനായ്......മൂൎത്തേ!=പുതിയ മഴക്കാറിനെ ജയിച്ചു തിളങ്ങുന്ന മെയ്യഴകുള്ളോവേ!; തിരുവുള്ളം തിക്കുതിക്കി കിടക്കും മിഴിമുന=കണക്കില്ലാതെ കരുണ നിറഞ്ഞ കടാക്ഷം എങ്ങൾക്ക=ഞങ്ങൾക്കു്. അരുൾക=ഞങ്ങളെ കടാക്ഷിക്കണേ!; നിൻ പദാന്തം=അങ്ങയുടെ തിരുവടികൾ. ആശ്രയം=ശരണം. (നിന്തിരുവടിയുടെ തൃപ്പാദങ്ങൾ മാത്രമേ ഞങ്ങൾക്കു ശരണമുള്ളൂ. എന്നു താല്പൎയ്യം.)

൱൨. ഉലകിടം ഇതു് അശേഷം=എല്ലാ ലോകവും. പൊറുപാലിച്ചു് ഒടുക്കും=സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുന്ന. കളികലരും=ലീലയോടുകൂടിയ. അമേയപ്രാഭവം=അന്തമില്ലാത്ത മാഹാത്മ്യമുള്ളവനായ. തം ഭവന്തം=ആ അങ്ങയെ; മലർമകളൊടു സാൎദ്ധം=ലക്ഷ്മീദേവിയോടു കൂടി. മുമ്പിൽ അധ്യക്ഷയന്തഃ=നേരെ കാണുന്നവരായ. നാം=ഞങ്ങൾ. നലമൊടു=നല്ലവണ്ണം. ചരിതാൎത്ഥാഃ=കൃതാൎത്ഥന്മാരായിത്തീൎന്നു. ഹന്ത!=സന്തോഷസൂചകം.

൱൩. ഹേ കരുണാബ്ധേ! ദേവ!=അല്ലയോ കാരുണ്യസാഗരമായ ഭഗവാനേ!; പരിചരണപരാണാം=അങ്ങയെ ഭജിക്കുന്നതിൽ തൽപരന്മാരായ ഞങ്ങൾക്കു്; ഇദാനീം=ഇപ്പോൾ. കാൽക്ഷണം=അല്പനേരം. വീക്ഷണാന്തം=കടാക്ഷത്തെ. അരുളുക=തരേണമേ. ചരണസരസിജേ=(അങ്ങയുടെ) പാദപത്മത്തിൽ. നികാമം=ഏററവും. വീണു്=നമസ്കരിച്ചു്. ആശ്രയാമഃ=(ഞങ്ങൾ) ആശ്രയിക്കുന്നു.

൱൪. ഇച്ഛാ......ശക്തികളോടു്=ഇച്ഛാശക്തി, ജ്ഞാനശക്തി, ക്രിയാശക്തി ഇങ്ങനെയുള്ള മൂന്നു ശക്തികളോടു കൂടി.

വിശ്വം=ലോകം. നിശ്ശേഷം=സകലവും. പ്രളയദശയിൽ=പ്രളയകാലത്ത്. നാസ്തികത്വം=ഇല്ലായ്മ (നാശം) നിണ്ണാൾ=വളരെക്കാലം. സ്വച്ഛാത്മാവായ്=ശുദ്ധനായ പുരുഷനായിട്ട്. പരമ......ഉദ്യോതമേ!=പരമാനന്ദപ്രകാശമേ! ഹേ വിശ്വംഭര! ഹേ വരദ!=അല്ലയോ ലോകനാഥ!; സർവ്വാഭീഷ്ടദാതാവേ!. പശ്യന്തഃ=കണ്ടുകൊണ്ടിരിക്കുന്നവരായ; വയം=ഞങ്ങൾ. കൃതാൎത്ഥാഃ കൃതാൎത്ഥന്മാരായിത്തീൎന്നു.

൩൮. ഇത്ഥം=ഇപ്രകാരം. വിധി.....അംഘ്രേഃ=ബ്രഹ്മാവ്, ശിവൻ, ഇന്ദ്രൻ മുതലായവരുടെ കിരീടങ്ങളിലുള്ള രത്നങ്ങളുടെ ശോഭകൊണ്ടു മഞ്ഞ നിറമായ പാദങ്ങളോടു കൂടിയവനും; വചനായ=പറവാനായിക്കൊണ്ട്; ഉദ്യോഗഭാജഃ=ഉദ്യുക്തനും ആയ. മുകുന്ദന്ന്=വിഷ്ണുവിന്ന്. മന്ദസ്മിത്യാ=മന്ദഹാസംകൊണ്ട്. മുഖം വിളങ്ങീ=ശോഭിച്ചു. (ഇങ്ങനെ ദേവന്മാരുടെ സ്തുതി കേട്ടു മറുവടി പറവാനാരംഭിച്ചുംകൊണ്ടു മന്ദഹാസം ചെയ്തു എന്നു സാരം.)

൩൯. തിരുവുള്ളം=ഭഗവാന്റെ തിരുമനസ്സ്. തസ്മാൽ=ആ ഭഗവാനിൽനിന്ന്. അരുളപ്പാട് ഇതി നാമ സംദധാനാ=ഒല്ലുന്ന എന്ന പേരിനെ ധരിച്ചുകൊണ്ട്; ഒരു തേൻ കണികാ=ഒരു തേൻ തുള്ളി. സമേത്യ=പുറപ്പെട്ടുവന്നിട്ട്. സുരലോകകൎണ്ണരന്ധ്രേ=ദേവകളുടെ കൎണ്ണദ്വാരത്തിൽ താനേ പെരുമാറീ=പ്രവേശിച്ചു. (ദേവന്മാൎക്കു കൎണ്ണാനന്ദകരമാകുംവണ്ണം ഭഗവാൻ അരുളിച്ചെയ്തു എന്നു സാരം.)

൪൦. മേളം താവുന്ന=ഭംഗിയുള്ള. തൂവെൺമുറുവൽ=നല്ല വെളുത്ത പല്ല്. തുണയുമായ്=കൂടി. ബാലവെഞ്ചാമരാളീം=പുതിയ വെഞ്ചാമരങ്ങളെ. ഓലക്കംപൂണ്ടു=പിളൎന്നു

പ്പോടുകൂടി വീയി=വീശിക്കൊണ്ട്. ചുഴലെ=ചുററം. വിഷ്ണു...... അംഗനാനാം=ദേവകന്യസ്ത്രീകളുടെ കോല...കങ്കണാനാം=ഭംഗിയുള്ള പൊൻവളകളുടെ നിനദം=ശബ്ദത്തെ. അണികരാഗ്രേണ=തുമ്പിക്കൈകൊണ്ട്. ത്രൈലോക്യാധീശൻ=മൂന്നു ലോകത്തിന്നും നാഥനായിട്ടുള്ളവൻ. ഉദ്യൽ......മുഖഃ=പുഞ്ചിരി തൂകി മനോഹരമായ മുഖത്തോടുകൂടിയവനായിട്ട്. ധാതൃമുഖ്യാൻ=ബ്രഹ്മാവു മുതലായവരോട്. ബഭാഷേ=പറഞ്ഞു.

൬൨. ഹേ പുരഹര! ശംഭോ! ജയ; വേധസേ=(ബ്രഹ്മാവേ) സൌഖ്യമല്ലീ? ഹേ ദേവാധീശ! (ദേവേന്ദ്ര!) ദയയോട് ഉലകു കാക്കുന്നതല്ലീ? നയമിയലിന=നയമുള്ള. വിണ്ണോർ വീരർ. ജന്യേ=യുദ്ധത്തിൽ. വേഗേന=വേഗത്തിൽ. അസുരരോട്. എത്തുമോരം=എതിർക്കുമ്പോൾ ജയം എത്തുന്നത് അല്ലീ?=ജയത്തെ ലഭിക്കുന്നില്ലേ? "യഥാപ്രധാനം" മാകുംവണ്ണമുള്ള ഈ കുശലപ്രശ്നത്തിന്റെ ഔചിത്യം നോക്കുക.

൬൩. മധുവിദ്വേഷി=മധുസൂദനൻ (വിഷ്ണു) ഇതി=ഈ പ്രകാരം. മധുരാം ഗംഭീരാം ഭാരതീം=മധുരമായി അർത്ഥഗൌരവമുള്ളതായ വാക്കിനെ. മുദാ=സന്തോഷത്തോടുകൂടി. ത്രിദശൌഘചിത്തവേദീ=ദേവസമൂഹത്തിന്റെ അഭിപ്രായത്തെ അറിയുന്നവനായ. ചതുരാനനൻ=ബ്രഹ്മാവ്. തദാനീം=അപ്പോൾ. പ്രതിവാചം ആദദേ=മറുവടി പറഞ്ഞു.

൬൪. ഫുല്ല......സോദരം. തവ. പദാംഭോജം=വിടർന്ന താമരപ്പൂവിന്നു സദൃശമായ അങ്ങയുടെ പാദങ്ങളെ. നമസ്കുർവ്വതാം അസ്മാകം=നമസ്കരിക്കുന്ന ഞങ്ങൾക്ക്. കല്യാണങ്ങൾ=ശുഭങ്ങൾ. ഒഴിഞ്ഞു=അല്ലാതെ. കൈവരുന്നതല്ല=ഉണ്ടാകുന്നതല്ല; എങ്കിലും. മല്ലാർ...വൃന്താമമേ!=ലക്ഷ്മീദേവിയുടെ മനസ്സാകുന്ന

വണ്ടിനു ക്രീഡിപ്പാനുള്ള പൂന്തോട്ടമായുള്ളോവെ! ഏകനാഥ!=സൎവ്വേശ്വര! സങ്കടം ചൊല്ലാം. വിദ്വേഷാ നിന്നാൽ=വിദ്വാനായ (സൎവ്വജ്ഞനായ) ഭവാനാൽ. അനശ്രൂയതാം=കേൾക്കപ്പെട്ടാലും.

൭൮. ചണ്ഡാത്മാ=ദുഷ്ടനായ. ദശകണ്ഠൻ=പത്തു തലയുള്ളവൻ. മഹാ......ഇന്ദ്രൻ=വലിയ രാക്ഷസൻ. സാമ്പ്രതം=ഇപ്പോൾ ത്രിഭുവനത്രാസായ=ത്രൈലോക്യത്തെ ഭയപ്പെടുത്തുവാൻ. സന്നാഹവാൻ=ഒരുക്കത്തോടു കൂടിയവനായിട്ടു. വിബുധാനാം=ദേവന്മാൎക്കു നിത്യം (അവനെ) കണ്ടാൽ മണ്ടിയൊളിക്ക. വേല=തൊഴിൽ (ആകുന്നു.) നിതരാം=അധികം. മെലിഞ്ഞു=ചടച്ചു. മദവും ഗൎവ്വും തീൎന്നു പൌരുഷവും നശിച്ചു. ദീനാനനാൻ=വാടിയ മുഖത്തോടു കൂടിയ. എല്ലാവരെയും, (ദേവന്മാരെ) കണ്ടാലും.

ഇനി പത്തു പദ്യങ്ങളെക്കൊണ്ടു രാവണന്റെ ദുശ്ചേഷ്ടിതങ്ങളെ വൎണ്ണിക്കുന്നു.

൭൯. ഐന്ദ്രം പദം=ഇന്ദ്രന്റെ സ്ഥാനം. പറിച്ചുപോയി അപഹരിക്കപ്പെട്ടു. ഖേചരൌഘം=ദേവസമൂഹം ഇരക്കുമാറായിട്ടു. (കല്പവൃക്ഷം മുതലായ ദിവ്യവസ്തുക്കളെല്ലാം അവന്നധീനമല്ലാതായതിനാൽ) ഹരിൽപ്രഭൂണാം=അഷ്ടദിൿപാലന്മാൎക്കു മരിപ്പാൻ പോലാതെ തന്നെ മരിച്ചു പിണയുന്നു. (ദേവന്മാരാകയാൽ മരണമില്ലെങ്കിലും ജീവിച്ചിരിക്കുന്നതുകൊണ്ടു ഫലമില്ലാതായിരിക്കുന്നു എന്നു ഭാവം).

൭൰. ഭുവി=ഭൂമിയിൽ. യാഗപ്രസംഗഃ ഏവ ന=യാഗത്തിന്റെ വൃത്താന്തം തന്നെ ഇല്ലാതായിരിക്കുന്നു; വിപ്ര

സംഘം=ബ്രാഹ്മണസമൂഹം; മാഴ്കി പ്രാകികിടക്കുന്നു=വലഞ്ഞു ശപിച്ചുകൊണ്ടു കിടക്കുന്നു. വൈകൃത്യ......ആശം=വികൃതങ്ങളും, ഭയങ്കരങ്ങളുമായ രൂപങ്ങളോടുകൂടിയ രാക്ഷസന്മാരുടെ ശബ്ദം കേട്ടു ഭയംകൊണ്ടു പരവശന്മാരായ ദിക്പാലികളോടുകൂടി. (വിപ്രസംഘവിശേഷണം).

൪൮. ഊഢച്ഛലമഹിമാ=മായാപ്രയോഗത്തിൽ സമർത്ഥനായ. പിശിതാശരാജൻ=രാക്ഷസരാജൻ. അകാണ്ഡേ=വിചാരിക്കാതിരിക്കെ (പെട്ടെന്നു്) ചിലകുറി=ചിലപ്പോൾ. ദിവി=സ്വർഗ്ഗത്തിൽ. പോന്നുവന്നു വലരിപുമാനിനിമാരെ=ഇന്ദ്രന്റെ സ്ത്രീകളെ (ഉർവ്വശിമുതലായവരെ) തലമുടി പിടിച്ചു് ലങ്കയോളം ഇഴക്കും. അയ്യോ!=ഖേദസൂചകനിപാതം.

൪൯. ദശഗ്രീവ...ഭാജാം=രാവണന്റെ കിങ്കരന്മാർക്ക്. വൈരാഗ്യം ഏന്തുന്ന=ലൗകികവ്യാപാരങ്ങളിൽ താല്പര്യം വിട്ടിരിക്കുന്ന. മുനിശബരാണാം=ഋഷിമാരുടെ. നീരുക്ക്=അർഘ്യം കൊടുക്കൽ. (സന്ധ്യാവന്ദനം) മുട്ടിച്ചു നടക്കതന്നെ ഘോരതരത്തിൽ കളിയായിട്ടു്. അംഭയ്യോ!

൫൦. ചരിതം=വർത്തമാനം. പോക്ക് ഇല്ല=ഗതിയില്ല. പദവികൾ=സ്ഥാനമാനങ്ങൾ. പിഴകീത്ത് ആയി=ഉപായമതായി. കരുണാസത്മമേ!=കാരുണ്യത്തിനിരിപ്പിടമായുള്ളോവേ! അസ്മാൻ=ഞങ്ങളെ. നിളെ പാർക്കുന്നോൻ=എല്ലാം ദിക്കുകളിലും നോക്കി നടക്കുന്നു.

൫൧. തത്ര=അവരുടെ (രാവണന്റെ അടുക്കൽ) സത്രാമാ=ഇന്ദ്രൻ. പത്രം=പത്രത്തെ. (എഴുത്തുകളെ) വിതരതി=കൊണ്ടുപോയി കൊടുക്കുന്നു. ദഹനൻ=അഗ്നി. പാചകൻ=വെ

ഷ്ടാരൻ. ദണ്ഡധാരീ=അന്തകൻ. ജലാത്മാ=ജലസ്വരൂപനായ. പാശധാരി=വരുണൻ. ഉദ്യാനേ=പൂന്തോട്ടത്തിൽ. വിത്തപാലൻ=ധനേശൻ. (വൈശ്രവണൻ) ആശാന്തചേതാഃ=കണ്ണിരചിത്തനായ. ഈശാനൻ=ശിവൻ.

൨൭. തണ്ടിങ്കൽ=രാവണൻ കയറിസ്സഞ്ചരിക്കുന്ന പല്ലക്കിനരികെ. അംഗനാനാം=സ്ത്രീകളുടെ. മന്ദാക്ഷധാരീ=ലജ്ജപൂണ്ടവൻ. വസന്താദികൾ=വസന്തം മുതലായ ഋതുക്കളെല്ലാം. മേളംതണ്ടും=ഭംഗിയുള്ള. പൊൽത്താമരപ്പൂ=പൊൻനിറമുള്ള താമരപ്പൂവു്. പുലരിയിൽ=പുലച്ച സമയത്തു്. ആരോഗ്യദാതാ=സൂര്യൻ;

൨൮. ഐരാവതം=ഇന്ദ്രന്റെ വാഹനമായ ആന. ആസന്ധ്യം=നേരം വെളുത്താൽ സന്ധ്യയാകുന്നതുവരെ. ഇഴക്കേണം=വലിക്കേണം. ആതുംഗം=ഉന്നതമായ. വാജിരത്നം=ഇന്ദ്രന്റെ വാഹനമായ ഉച്ചൈശ്രവസ്സ് എന്ന കുതിര. ഉരുഖേദം=ദുഃഖത്തോടുകൂടി. നാകനാരീജനം=സ്വർഗ്ഗത്തിലെ സ്ത്രീകൾ. ചാട് ഇഴപ്പാൻ=വണ്ടിവലിപ്പാൻ യാമ്യം=യമന്റെ വാഹനമായ. ഇഹ=ഇവിടെ. വചനാഡംബരം. അലം=അധികം വിസ്തരിച്ചു പറഞ്ഞിട്ടു് ആവശ്യമില്ലല്ലൊ.

൨൯. ജഗതി=ലോകത്തിൽ. ഭണ്ഡാരം=ധനം. നിശി......സമൂഹൈഃ=രാക്ഷസക്കൂട്ടങ്ങളാൽ. അപഹൃതം=തട്ടിപ്പറിക്കപ്പെട്ടതു്. ധർമ്മം പരിക്ഷാമം=ധർമ്മം ക്ഷയിച്ചു. നിഗമകഥയും മാഞ്ഞിതു്=വേദത്തിന്റെ കഥപോലും ഇല്ലാതായി. ഇദം ഭുവനം പരവശം=ഈ ലോകം ആകപ്പാടെ വലഞ്ഞുവശായി. വശ്യ=കണ്ടാലും.

വൃ൭. വിധേര ഇതി വദതി=ബ്രഹ്മാവു ഈപ്രകാരം പറയുന്ന സമയത്തിങ്കൽ. പരിസ്ഫുരന്തി=സ്പഷ്ടമാകുംവണ്ണം പുറപ്പെട്ടു. കാപി വാങ്മതല്ലീ=ഒരു വിശേഷമായ വാക്ക്. മധു......മധ്യാൽ=മഹാവിഷ്ണുവിന്റെ തിരുമുഖത്തുനിന്നു. ഉദിതവതി കില=ഉണ്ടായി ആശ്ചര്യം.

വൃ൮. ഹേദേവാഃ=അല്ലയോ ദേവന്മാരേ! (നിങ്ങൾ) ഖേദിച്ചീടാസ്സു ദശ......ദാഷ്ട്യം=രാവണന്റെ തോന്നിയവാസങ്ങളെല്ലാം. (ഞാൻ) ധരിച്ചേൻ. ഹതാത്മാ അവൻ=ദുഷ്ടനായ അവൻ. നിങ്ങളോടല്ല; എന്നോടു ചെയ്യു. (നിങ്ങൾ) ഇദാനീം=ഇപ്പോൾ. ത്രാസം=ഭയം സുഖമേ=സുഖമായിട്ട്. ഗമ്യതാം=പോയാലും. പോർതിങ്ങും=ദുഷ്ടതയുള്ള. പങ്ക്തി......അന്വയം=രാവണന്റെ വംശത്തെ. വൈകിയാതെ. ഞാൻ വികല്പം വിനാ=സംശയംകൂടാതെ. അറുതിപെടപ്പേൻ=നശിപ്പിക്കും.

വൃ൯. നൂനം=നിശ്ചയമായിട്ടും. ഉണ്മ ചൊല്ലുന്നിതു=സത്യം പറയുന്നു. ദശമുഖദുശ്ചേഷ്ടിതം=രാവണന്റെ അക്രമങ്ങളെ മാററുവാൻ. ഞാൻതാൻ=ഞാൻതന്നെ. (മററാരുടെയും പ്രേരണകൂടാതെതന്നെ) ഉദ്യുക്തൻ ആയോരളവു=തയ്യാറായ സമയത്താണ്. മംഗല്യഭാജാം=നന്മയുള്ളവരായ നിങ്ങൾക്കു വരവു (ഉണ്ടയതു) സാനന്ദം=സന്തോഷത്തോടുകൂടി. ദശ......സുതനായ്=ദശരഥരാജാവിന്റെ പുത്രനായിട്ട്. പിറപ്പേൻ=ജനിക്കുന്നതാണ്. വാനോർ=ദേവന്മാർ. വാനരാണാം അന്വയേ=വാനരന്മാരുടെ കുലത്തിൽ. വിവിധത പൂണ്ട്=പലതരത്തിൽ. പിറന്നീടുക=ജനിക്കട്ടെ.

വ്യർ. പൊൽത്താരിൽതയ്യലാളാം നളിനിയിൽ വിളയാടുന്ന ശൃംഗാരഭൃംഗം=ലക്ഷ്മീദേവിയാകുന്ന താമരപ്പൊയ്കയിൽ കളിക്കുന്ന ശൃംഗാരരസസ്വരൂപനായ വണ്ട്. (മഹാവിഷ്ണു) രൂപകാലങ്കാരം സഃ. സുരഗണവും=ആ ദേവവൃന്ദവും നേരേ ഭക്ത്യാ=വന്ദിച്ച് ചിത്തേ=മനസ്സിൽ പക്ഷികന്യാഭിഭൂതിം=രാവണനാൽ ഉ ഭയത്തെ. നഷ്ടാം നിധായ=നശിച്ചതായി വച്ച്. നിജനിജഭവനം പ്രാപ്യ=അവരവരുടെ ഇരിപ്പിടത്തിൽ ചെന്നു മാദിച്ചിരുന്നു.

ശുഭം.

UNIVERSITY LIBRARY
17. APR. 1935
MADRAS

MUL
055371